Date of publication: 9 ഡിസംബർ 2017
വോള്യം 13 / ലക്കം 6 / വില 20₹
ISSN 2319 – 9741

# സംഘടിത


അന്വേഷി പ്രസിദ്ധീകരണം



# കടൽ

സംഘടിത

സംഘടിത | ഡിസംബർ 2017 | വോള്യം 13 | ലക്കം 6




കവർചിത്രം കടപ്പാട്:
**സൂസൻ ബ്യൂല എന്ന ചിത്രകാരിയുടെ വുമൺ എറ്റ് ദ സീ ഷോർ**

**6** കടൽത്തീരം അന്യമാകുമ്പോൾ
**സിസ്റ്റർ സോണി ഫ്രാൻസിസ്**

**8** അതിജീവനത്തിനായുള്ള പെൺപ്പോരാട്ടം
**റിനി രവീന്ദ്രൻ**

**11** തമിഴ്നാട് കോസ്റ്റൽ യാത്രയിലൂടെ
**ശിൽപ കൃഷ്ണൻ**

**14** ബ്രണ്ണനിലെ കടൽ കാഴ്ചകൾ ....
**രജിത സി. ആർ.**

**16** അഭിമുഖം
**മിൽറേറ്റ് /അശ്വതി സേനൻ**

**20** ഇവർ ഇങ്ങനെ കടൽ കാണും
**റീം ഷംസുദ്ദീൻ**

**23** സ്ത്രീ, സമുദ്രം , സാഹിത്യം പാഠ്യപദ്ധതികളിലും സാംസ്കാരിക പഠനങ്ങളിലും
**സിന്ധു ജോസ്**

**26** കടൽ കടത്തപ്പെട്ടപെണ്ണുങ്ങൾ
**സോമി സോളമൻ**

**30** കടൽച്ചിത്രങ്ങൾ
**അപർണ്ണ പ്രശാന്തി**

**38** കവിത
**അനു പാപ്പച്ചൻ**

**39** പ്രതീക്ഷകളുടെ തിരമാല
**ടെസ്സി**

**41** കടൽ, വിമാനം, മീൻ, ഞാൻ
**സുനീത ബാലകൃഷ്ണൻ**

**42** കഥ
**കെ. ആർ. രാഗി**

**46** ലത പുഴയായി ഒഴുകി മറഞ്ഞു
**കുസുമം ജോസഫ്**

**48** കടൽ ആദ്യമായി കണ്ടതെന്തന്നാണ്?
**വി.പി.ഖദീജ**

**50** കവിത
ശ്രീനിധി കെ.എസ്.



**ഫോട്ടോ ഫീച്ചർ : കടൽ/കര കാഴ്ചകൾ**

**29** വാസ്തവം
ഡോ.ജാൻസി ജോസ്

**58** വഴിത്താരകൾ
ജാനകി

**13** പെൺപക്ഷം
അജിത

**62** ശാസ്ത്രം
സീമ ശ്രീലയം

**എഡിറ്റർ**:ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ**:കെ.അജിത **എക്സി.എഡിറ്റർ**:ഡോ. ജാൻസി ജോസ്, **ഗസ്റ്റ് എഡിറ്റർ** : **അശ്വതി സേനൻ** **പത്രാധിപസമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, ഗാർഗി ഹരിതകം, അഡ്വ.കെ.കെ.പ്രീത, ഷീബാ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, അമീറ വി.യു, ഡോ.ഷർമ്മിള.ആർ, സോണിയ ജോർജ്, മിനിസു കുമാർ **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** :സുവിജ കെ., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖപ്രസംഗം



ഷീബ കെ.എം.

# അതിഥിപത്രാധിപക്കുറിപ്പ്



**അശ്വതി സേനൻ**

**ക**ടലും സ്ത്രീയും  എന്ന വിഷയം ഓർത്തപ്പോൾത്തന്നെ ആദ്യം മനസ്സിൽ മിന്നിയ രൂപം ഷീലയുടേതാണ്, ചെമ്മീനിലെ കറുത്തമ്മ. മലയാളികളിൽ ഒട്ടുമിക്ക പേർക്കും അരയനെ ചതിച്ച അരയത്തിപ്പെണ്ണിന്റെ  കഥയും പാട്ടും കാലങ്ങളായി  നൊസ്റാൾജിയയുടെ ഭാഗമാണ്. അതിലെ മത്സ്യത്തൊഴിലാളിയേയും സ്ത്രീയെയും കടലമ്മ എന്ന മിത്തും മനസിലാക്കിയത് ഒരുപാട് കഴിഞ്ഞാണ്. അതുകൊണ്ടുതന്നെ, ഈ ലക്കം ആ ബിംബങ്ങളെയും അത് പ്രതിനിധാനം ചെയ്യുന്ന ആളുകളെയും അവരുടെ ദൈനംദിന പ്രശ്നങ്ങളെയും അതിജീവനത്തിനായുള്ള അവരുടെ പോരാട്ടങ്ങളെയും കുറിച്ച് കുറേ സ്ത്രീകൾ എഴുതിയ കുറിപ്പുകളാണ്.

സ്ത്രീ കടലായും കടലിന്റെ ആഴവും പരപ്പുമായും അതുപോലെ ക്ഷമയും സ് നേഹവുമുള്ളവുളു മായാണ് എപ്പോഴും കഥയിലും കവിതയിലുമൊക്കെ പറഞ്ഞു വരുന്നത്. പക്ഷെ പുരുഷാധിപത്യ സമൂഹത്തിൽ സ്ത്രീകളെ അടക്കുവാവും ഒതുക്കുവാനുമുള്ള ഒരു ഉപാധിയായാണ് ഇത്തരം വിശേഷണങ്ങൾ ഇപ്പോഴും പ്രവർത്തിക്കുന്നത്. അതുതന്നെയാണ് മേൽപ്പറഞ്ഞ മിത്തുകളായും പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ അവയെ ചോദ്യം ചെയ്യുകയാണ് ചില ലേഖനങ്ങൾ ചെയ്യുന്നത്. ഇതിൽ ചിലതു കടൽക്കരയെയും, കടൽ സമ്പത്തിനേയും ആശ്രയിച്ചു ജീവിക്കുന്ന കുറേ സ്ത്രീകളുടെ സ്വത്വങ്ങളുടേയും അവകാശങ്ങളുടേയും പ്രഖ്യാപനമാണ്. കൂടംകുളത്തെ മിൽറേറ്റ് അക്കയുടെ സമരവും തമിഴ്നാട്ടിലെ തീരദേശ സ്ത്രീകളുടെ സാഗരമാല പ്രോജെക്റ്റിനെതിരെയുള്ള സമരവും കോൺവെന്റ് സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ ചിന്തകളും ആശയങ്ങളും ഒക്കെ അതുകൊണ്ടുതന്നെ പ്രധാനമാവുന്നു.

കടൽ കണ്ടിട്ടില്ലാത്ത സുഹൃത്തുക്കളെ ആദ്യമായി കാണുന്നത് എം. എ. പഠനകാലത്താണ്. അസാമിൽ നിന്നും രാജസ്ഥാനിൽ നിന്നുമുള്ളവർ. മരുഭൂമിയും മഞ്ഞുമലയും ഞാനും കണ്ടിട്ടില്ലെങ്കിൽപ്പോലും കടൽ കാണാത്തവർ അതിശയം തന്നെയായിരുന്നു. കടൽക്കാഴ്ചകൾ നൊസ്റ്റാൾജിയക്കപ്പുറം കടൽ അനുഭവമായാണ് ഇവിടെ കുറിക്കുന്നത്. ബാല്യകാല കാഴ്ചയും, കാഴ്ചയ് ക്കപ്പുറവും കടലിന്റെ  ഭാവിയും കാഴ്ചയും ഓർമ്മയും  ഉണർത്തുന്ന ലേഖനങ്ങളാണ് ഇവിടെ. കടൽ മലയാള സിനിമയിലെ അനുഭവമാവുന്നത് അവലോകനം ചെയ്യുന്ന ലേഖനം ഏകദേശം എല്ലാ മലയാള കടൽസിനിമകളേയും നമ്മെ ഓർപ്പിക്കുന്നു.

ഇത് വായിക്കുന്നവർക്കൊക്കെ  ഒരു കടൽ ഓർമയോ, മീൻ കഥയോ, തിരദേശ അനുഭവമോ ഉണ്ടാവും. അത് കു റിച്ചു വെക്കാം. മറ്റൊരു സംഘടിത ലക്കത്തിൽ കൊടുക്കാൻ സാധിക്കുമെങ്കിലോ?

ചർച്ചാവിഷയം

സിസ്റ്റർ സോണി ഫ്രാൻസിസ്

**കൊല്ലം സൈന്റ്ചാൾസ് കോൺവെന്റിലെ അംഗവും എൻ. എഫ്. എഫ്. അംഗവും സാമൂഹിക പ്രവർത്തകയുമാണ്**

# കടൽത്തീരം





ആഗോളതലത്തിൽ കടലിനുമേലുള്ള അവകാശം ചെറുകിട പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കാണെന്ന കാര്യം ഉറപ്പാക്കണമെന്ന ആഹ്വാനത്തോടെ നവംബർ 15 മുതൽ 21 വരെ നടന്ന സമ്മേളനം പരിസമാപ്തിയിലെത്തി. ചെറുകിട മീൻപിടുത്തക്കാരുടെ സുരക്ഷയും ജീവനോപാധിയും ഉറപ്പാക്കാൻ ആഗോളതലത്തിൽ ഇടപെടൽ ഉണ്ടാകണമെന്നും ഇന്ത്യയിൽ മത്സ്യമേഖലയ്ക്ക് മാത്രമായി പ്രത്യേക മന്ത്രാലയം രൂപീകരിക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. ആഗോള കുത്തകകൾ മാറി മാറി വരുന്ന സർക്കാരുകളുടെ സഹായത്തോടെ കടലിൽ ആധിപത്യം ഉറപ്പിക്കുന്നത് ചെറുക്കാൻ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കും. ഏകദേശം 50 രാജ്യങ്ങളിലെ പ്രതിനിധികൾ പങ്കെടുത്ത സമ്മേളനത്തിന്റെ സമാപനത്തിൽ ശശി തരൂർ എം പി, പരിസ്ഥിതി പ്രവർത്തകരായ മേധാ പട്കർ, പ്രഫുല്ല സാമാന്തര, നാഷണൽ ഫിഷ്വർക്കേഴ്സ് ഫോറം ജനറൽ സെക്രട്ടറി ടി.പീറ്റർ എന്നിവർ പ്രസംഗിച്ചു.

ഏകദേശം ഒരാഴ്ച നീണ്ടു നിന്ന മത്സ്യ ത്തൊഴിലാളി സമ്മേളനം ആഗോളതലത്തിൽ മത്സ്യബന്ധന മേഖല നേരിടുന്ന വിവിധ വിഷയങ്ങളെക്കുറിച്ച് പഠിച്ച റിപോർട്ടുകൾ

# അന്യമാകുമ്പോൾ



അവതരിപ്പിക്കുകയും അതിനെക്കുറിച്ചുള്ള വിശദമായ ഗ്രൂപ്പ് ചർച്ചകൾ നടത്തുകയുമുണ്ടായി. വിവിധ രാജ്യങ്ങളിലെ പ്രതിനിധികൾ ഏകകണ്ഠേന മുന്നോട്ടു വെച്ച പ്രധാന വിഷയം കോർപറേറ്റു മേഖലയുടെ വൻ കടന്നു കയറ്റമാണ്. കോർപറേറ്റുകളുടെ കടന്നു കയറ്റം ചെറുകിട പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സാരമായി ബാധിച്ചിരിക്കുന്നു എന്ന സത്യം നിലനിൽക്കെ ഇതിനെതിരെ ശക്തമായ നടപടികളുമായി മുന്നോട്ടു പോകുവാൻ ലോക മത്സ്യത്തൊഴിലാളി ഫോറം തീരുമാനിച്ചു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളുടെ പഠന റിപ്പോർട്ടുകളും ആഗോളതലത്തിൽ വൻകിട കോർപ്പറേറ്റുകൾ ചെറുകിട മേഖല ദുർബ്ബലപെടുത്തുവാൻ നടത്തുന്ന സ്വാധീനവും ഉൾപ്പെട്ട റിപ്പോർട്ടുകൾ യൂഎന്നിന് സമർപ്പിക്കാൻ തീരുമാനിച്ചു. ഇന്ത്യ ഇന്ന് നേരിട്ടു കൊണ്ടിരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളിയായ, ഇന്ത്യയിലെ കടൽത്തീരങ്ങളെ എല്ലാം തുറമുഖങ്ങളാക്കി അവയെ ബന്ധിപ്പിക്കുന്ന സാഗർമാല പദ്ധതി എത്ര ജനവിരുദ്ധമാണെന്ന് ഉറക്കെ പ്രഖ്യാപിച്ചു. ബീച്ച് സൗന്ദര്യവത്ക്കരണവും, കടൽത്തീരം, കടൽക്കര, കണ്ടൽക്കാടുകൾ എന്നിവയെ മറൈൻ പ്രൊട്ടെക്റ്റഡ് ഏരിയയായി പ്രഖ്യാപിക്കുന്നതു വഴി അവ കടൽവാസികൾക്കു അന്യമാകുന്നു. കേന്ദ്ര സർക്കാരിന്റെ ചെറുകിട മത്സ്യത്തൊഴിലാളികൾക്കെതിരെയുള്ള നയങ്ങളെ വരും ദിവസങ്ങളിൽ ശക്തമായി എതിർക്കുമെന്ന് പ്രഖ്യാപിച്ചു.

ചർച്ചാവിഷയം

റിനി രവീന്ദ്രൻ



'മാതൃഭൂമി' യിൽ സബ് എഡിറ്റർ

അതിജീവനത്തിനായുള്ള പെൺപ്പോരാട്ടം. കരയിലെ കരുത്തുറ്റ പെണ്ണുങ്ങളെ കുറിച്ച് കേട്ടിട്ടുണ്ട്, വായിച്ചിട്ടുണ്ട്. ആകാശത്തെ കരുത്തുറ്റ പെണ്ണുങ്ങളെക്കുറിച്ചും കേട്ടിട്ടുണ്ട്, അല്ലെങ്കിൽ വായിച്ചിട്ടുണ്ട്. പക്ഷെ, ഭർത്താവിനൊപ്പം ഉൾക്കടലിൽ പോയി സ്വന്തം അന്നത്തിനുള്ള വഴി കണ്ടെത്തുന്ന കരുത്തുറ്റ പെണ്ണിനെക്കുറിച്ച് കേൾക്കാൻ വളരെ വൈകിയിരുന്നു. ഒരു സ്ത്രീയുടെ അതിജീവനത്തിനായുള്ള പോരാട്ടം കൂടിയാണ് തൃശൂർ ഏങ്ങണ്ടിയൂരിലെ രേഖയുടേത്.

ഭർത്താവ് കടലിൽ പോകുമ്പോൾ ഭാര്യ കരയിൽ കാത്തിരിക്കേണ്ടവളാണെന്ന സങ്കൽപത്തെത്തന്നെ പൊളിച്ചെഴുതുന്നിടത്താണ് രേഖയെന്ന സ്ത്രീയുടെ പ്രത്യേകത. അതിന്റെ പേരിലും പരിഹാസവും ശകാരവും കുറച്ചൊന്നുമല്ല കേൾക്കേണ്ടി വന്നതെന്ന് രേഖ പറയുന്നു. 'നാട്ടില് ആദ്യം' വല്ല്യ പ്രശ്നാരുന്നു. സ്ത്രീകള് കടലിലിറങ്ങിയാല് കടല് നശിക്കും. അതുകൊണ്ട് കടലില് ഇറങ്ങരുതെന്ന് പലരും പറഞ്ഞു. പക്ഷെ, ഞാനിപ്പോ കടലിലിറങ്ങീട്ട് പത്ത് വർഷത്തോളായി. ഇത് വരെ കടല് നശിച്ചിട്ടില്ല. മാത്രല്ല, ഇഷ്ടം പോലെ മീനും കിട്ടാനുണ്ട്.' കേട്ടിരുന്ന കാർത്തികേയനും രേഖയെ പിന്താങ്ങി, 'എന്തോരം പരിഹാസം കേട്ടിട്ടുണ്ടെന്നറിയ്യോ.. ദേ പെണ്ണുങ്ങളേം കൊണ്ട് കടലീപ്പോണൂന്നൊക്കെ പറഞ്ഞ്.. ഞങ്ങള് പറേം ഞങ്ങള് പോണത് ഞങ്ങടെ കുഞ്ഞുങ്ങളേ പോറ്റാനാണ്. കടല് ഞങ്ങൾടെ അമ്മയാണ്. അമ്മേടടുത്ത് ആൺമക്കള് മാത്രാണോ പോവുക. പെണ്മക്കളും പോകൂല്ലേന്ന്... ഇപ്പോ ആരും ഒന്നും പറയാറില്ല. സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദരമുണ്ടായിരുന്നു. കടലില് പോയി മീൻപിടിക്കുന്ന ഇന്ത്യയിലെ ആദ്യദമ്പതികളെന്ന പേരിൽ. അതോടെ,



ചിലരൊക്കെ തിരിച്ചറിഞ്ഞു. നമ്മുടെ കഷ്ടപ്പാട് മാറാനല്ലേ നമ്മള് ജോലി ചെയ്യണേ.' ജീവിക്കാൻ വേണ്ടി പോരാടുന്നവനുള്ളതല്ല ഒരുനാട്ടിലെയും സദാചാരനിയമങ്ങൾ. ആ നിയമങ്ങളെ അറിഞ്ഞോ അറിയാതെയോ ലംഘിക്കുമ്പോഴാണ് അവിടെ വിപ്ലവമുണ്ടാകുന്നത്. ഉച്ചവെയിലിൽ തിളച്ചുമറിയുന്ന കടലിൽ നിന്ന് കയറി വരുന്ന രേഖയുടെ മുഖത്തു കാണാം പോരാട്ടത്തിൽ ജയിച്ച ഒരു പെണ്ണിന്റെ ആത്മവിശ്വാസം. 'ആദ്യമായി ഉൾക്കടലിൽ പോയ ദിവസം ചോര വരെ ഛർദ്ദിച്ചുവെങ്കിലും തോറ്റുകൊടുക്കാൻ തയ്യാറായില്ല. പിന്നെയും പിന്നെയും പോയി. വീട്ടിലെ കഷ്ടപ്പാട് ഓർത്തപ്പോൾ പേടി തോന്നിയില്ല. അങ്ങിനെ ഛർദ്ദിയൊക്കെ മാറി. നിൽക്കാൻ പഠിച്ചു. പുലർച്ചെ മൂന്നുമണിക്കും നാലുമണിക്കും അഞ്ച് മണിക്കും എല്ലാം പോകും. തിരിച്ചെത്തുന്നത് ഉച്ചയ്ക്ക്. ഉള്ളിലേക്ക് കൊറേപ്പോയി കഴിയുമ്പോ കടലിന്റെ കളറങ്ങിനെ മാറാൻ തുടങ്ങും. നീലക്കടല് പച്ചക്കടലാകും. പിന്നെ, അയലേം മത്തീമൊക്കെ ചാടണത് കാണാം. പലനിറത്തിലൊള്ള നമുക്കറിയാത്ത കൊറേ മീനുകളെ കാണാം. ലൈൻ ഫിഷ് എന്നൊക്കെ പറഞ്ഞ്.' രേഖയോളം കടലിനെ പ്രണയിക്കുന്ന പെണ്ണും വേറെ കാണില്ല. പക്ഷെ, കടൽ ഭയപ്പെടുത്തിയാൽ എന്തുചെയ്യുമെന്നതിന് ഉത്തരമില്ല രേഖയ്ക്കും കാർത്തികേയനും. സ്വന്തം ജീവനും ജീവിതത്തിനും അവനവൻ മാത്രമേ തുണയുണ്ടാകൂവെന്നറിയാം അവർക്ക്. അതുവച്ച് പോരാടുക. കടൽ ഒരുപാട് തവണ പേടിപ്പിച്ചിട്ടുമുണ്ട്. പലവട്ടം രാത്രിയിൽ പല കാരണങ്ങൾകൊണ്ടും ഉൾക്കടലിൽ പെട്ടുപോയ അനുഭവമുണ്ട് രേഖയ്ക്ക് പറയാൻ. എഞ്ചിൻ തകരാറിലായത്, എതിർവശത്തുകൂടി മറ്റൊരു വള്ളം നേരെ പാഞ്ഞുവന്നത്. മനോധൈര്യം കൊണ്ടു മാത്രം രക്ഷപ്പെട്ടുപോന്ന അവസരങ്ങൾ. നാല് പെൺമക്കളാണ് രേഖയ്ക്കും കാർത്തികേയനും. മായ, അഞ്ജലി, ദേവപ്രിയ, ലക്ഷ്മിപ്രിയ.

# അതിജീവനത്തിനായുള്ള പെൺപോരാട്ടം





മൂത്തയാൾ പ്ലസ്ടുവിന്. മൂത്തവർ രണ്ടുപേരും ചേർന്ന് വീട്ടുപണിയൊക്കെ നോക്കും ഇളയവരേയും. കടല് കഴിഞ്ഞാൽ ഇതാണെന്റെ ലോകമെന്ന് രേഖ. പ്രണയയാത്രകളുടെ അനേകം കഥകളൊന്നും പറയാനില്ലാത്ത രേഖപറയുന്നത്, എറ്റവും പ്രിയപ്പെട്ട അവളുടെയും കാർത്തികേയന്റെയും യാത്ര കടലിലേക്കുള്ളതു തന്നെയായിരുന്നുവെന്നാണ്. ഒരുപാട് കടങ്ങളുണ്ട്. കൊറേശ്ശേ ആയി വീട്ടിവരുന്നേയുള്ളൂ. 'ഫൈബറും എഞ്ചിനുമെല്ലാം പഴയതാണ്. വെള്ളം ഒരുപാട് വന്നാ വല വയ്ക്കാൻ പറ്റില്ല. പുതിയ എഞ്ചിൻ വാങ്ങണെങ്കില് ഒരു ലക്ഷത്തിലധികം രൂപാ വേണ്ടിവരും' തുടങ്ങി രേഖ പറഞ്ഞ ദുരിതങ്ങളൊന്നും അവരുടേത് മാത്രമല്ല. കടലിൽ പോയി ഉപജീവനം കഴിക്കുന്ന അനേകം പേരുടേതാണ്. ഉൾക്കടലിലേക്കാണെങ്കിലും നമ്മളുമുണ്ട് ഇറങ്ങാനും പോരാടാനും എന്നു പറയുന്ന പെണ്ണിവിടെയുണ്ട്. അവരുടെ സുരക്ഷ, ജീവിക്കാൻ വേണ്ടി പൊരുതുന്നവന്റെ സുരക്ഷ, അന്നന്നത്തെ അന്നം കണ്ടെത്താൻ പാടുപെടുന്നവന്റെ സുരക്ഷ ഏറ്റെടുക്കേണ്ടവർ ഏറ്റെടുത്തേതീരൂ.




## സംഘടിത കൂട്ടായ്മയിൽ കണ്ണി ചേരാൻ സൃഷ്ടികൾ ക്ഷണിക്കുന്നു

സ്ത്രീകൾക്കെഴുതാനും വായിക്കാനും പ്രസിദ്ധീകരിക്കാനുമുള്ള വേദിയായ സംഘടിതയിലേക്ക് സൃഷ്ടികൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, ഓർമ്മകുറിപ്പുകൾ, നർമ്മശകലങ്ങൾ, നിരീക്ഷണങ്ങൾ, അമ്മയനുഭവങ്ങൾ, നവമാദ്ധ്യമ അവലോകനങ്ങൾ, പഴയ കുടുംബഫോട്ടോകൾ, സ്ത്രീകളെ സംബന്ധിക്കുന്ന പഴയ പത്രവാർത്തകൾ - പ്രസിദ്ധീകരിക്കാൻ തോന്നുന്ന എന്തും - ക്ഷണിക്കുന്നു. താൽപര്യമുള്ളവർ **sheebakm@gmail.com** എന്ന വിലാസത്തിലേക്ക് സ്വന്തം ഫോട്ടോയും മേൽവിലാസവും ഫോൺ നമ്പറും ഉൾപ്പെടുത്തി അയക്കുമല്ലോ.

ചർച്ചാ വിഷയം

**ശിൽപ കൃഷ്ണൻ**

# തമിഴ്നാട് കോസ്റ്റൽ യാത്രയിലൂടെ



ഒരു നനുത്ത ജൂലൈ പത്തൊൻപത്തിനു ഞാൻ തെക്കൻ തമിഴ് നാട്ടിലെ നാഗപട്ടിണം ജില്ലയിൽ നിന്ന് ഒരു കോസ്റ്റൽ യാത്രയിൽ പങ്കു ചേർന്നു. ആ ചെറിയ കാലയളവിൽ ഞാൻ ചില മുഖങ്ങളെയെയും ഭാവങ്ങളെയും അടുത്തറിഞ്ഞു. അവിടെ കണ്ട ആളുകൾ മാത്രമല്ല എന്നെ അതിശയിപ്പിച്ചത്, അവരെ നയിക്കുന്ന ജീവനും, ജീവിത ഉപാധികലും അവരുടെ ജീവൻ നിലനിർത്തുന്നവയെ സംരക്ഷിക്കാനുള്ള അവരുടെ പോരാട്ടമാണ്.

ഇന്ത്യയിലെ മത്സ്യതൊഴിലാളി സംഘടനകളുടെ സമന്വയമായ നാഷണൽ ഫിഷ് വർക്കേഴ്സ് ഫോറവും , നാഷണൽ അലയൻസ് ഓഫ് പീപ്പിൾസ് മൂവ്മെന്റ്റും, വങ്കകടൽ മത്സ്യതൊഴിലാളി യൂണിയനും, രാംനാട് മത്സ്യ തൊഴിലാളി ട്രെയിഡ് യൂണിയനും കോസ്റ്റൽ ആക്ഷൻ നെറ്റ്വർക്കും മറ്റു സന്നദ്ധ സംഘടനകളും ചേർന്നു തമിഴ് നാട്ടിലെ തീര ദേശ യാത്രയിൽ മത്സ്യത്തൊഴിലാളികൾ നേരിടുന്ന തൊഴിൽ പ്രേശ്നങ്ങളും, സർക്കാരിന്റെ വികസന പദ്ധതികൾ അവരുടെ മേൽ ഉണ്ടാകാൻ സാധ്യത ഉള്ള വിഷയങ്ങളുമാണ് ചർച്ച ചെയ്യപ്പെട്ടത്. കന്യാകുമാരിയിലെ നീരോടിയിൽ തുടങ്ങിയ ഈ യാത്ര നാഗപട്ടിണത്തിൽ ഒരു വലിയ മീറ്റിങ്ങിനു വേദിയൊരുക്കി. തമിഴ് നാട്ടിലെ മുരശ് കലൈ കുഴ എന്ന നൃത്ത-ഗായക സംഘം ഈ വിഷണങ്ങൾ തങ്ങളുടെ പ്രകടനത്തിലൂടെ ജനങ്ങളിലേക്ക് എത്തിച്ചു. രാവും പകലും പാട് പാടിയും നൃത്തം

ചെയ്തും അവർ ജനങ്ങളെ സർക്കാരിന്റെ സാഗരമാല പ്രോജെക്റ്റിനെ പറ്റിയും തീര ദേശത്തെ വ്യവസായവറ്റകരണവുമായിരുന്നു.

ഓരോ ഗ്രാമത്തിനും ഓരോ കഥയായിരുന്നു പറയാനുള്ളത്. എല്ലാ ഇടതും അവരുടെ പ്രശ്നങ്ങൾ വ്യത്യസ്തമെങ്കിലും അതിനു കാരണക്കാർ ഒന്നായിരുന്നു. അവരെ ജീവിതമാർഗം എങ്ങിനെ ഇല്ലാണ്ടാകുന്നു എന്നും അതിനെ എങ്ങിനെ സംരക്ഷിക്കാമെന്നും അവർ പറഞ്ഞു. എന്ത് സംഭവിച്ചാലും സ്വന്തം നാട്ടിൽ നിന്ന് ഒഴിഞ്ഞു പോകില്ലെന്നതാണ് മിക്ക സ്ഥലത്തും ഞങ്ങൾക്ക് കേൾക്കാൻ കഴിഞ്ഞത്. കാലങ്ങളായുള്ള അടിച്ചമർത്തലിന്റെ കഥയായിരുന്നു അവർക്കു പറയാനുള്ളത്.

**മിക്ക ഗ്രാമങ്ങളിലും സ്ത്രീകൾ വൻതോതിൽ പങ്കെടുത്തു. പ്രേശ്നങ്ങൾ കേട്ടു പേടിയല്ല മറിച്ചു പോരാടാനുള്ള വീര്യമാണ് അവരിൽ കണ്ടത്. സമരങ്ങളെ നയിക്കുന്നത് പലയിടത്തും സ്ത്രീകൾ ആയിരുന്നു. നമ്മെ സ്വീകരിക്കുന്നതും നമ്മുക്ക് കഴിക്കുവാനും കുടിക്കുവാനും വിശ്രമിക്കാവുമൊക്കെ സംവിധാനം ഉണ്ടാക്കിയത് അവർ ആയിരുന്നു.**




എന്നാലും അതിജീവനത്തിനായുള്ള പോരാട്ടം അവരെ കൊടുത്താൽ ശക്തരാക്കി. പരമ്പരാഗത മതസ്യത്തൊഴിലാളികൾ നേരിടുന്ന പ്രേശ്നങ്ങളാണ് കൂടുതലും ചർച്ച ചെയ്യപ്പെട്ടത്.

മിക്ക ഗ്രാമങ്ങളിലും സ്ത്രീകൾ വൻതോതിൽ പങ്കെടുത്തു. പ്രേശ്നങ്ങൾ കേട്ടു പേടിയല്ല മറിച്ചു പോരാടാനുള്ള വീര്യമാണ് അവരിൽ കണ്ടത്. സമരങ്ങളെ നയിക്കുന്നത് പലയിടത്തും സ്ത്രീകൾ ആയിരുന്നു. നമ്മെ സ്വീകരിക്കുന്നതും നമ്മുക്ക് കഴിക്കുവാനും കുടിക്കുവാനും വിശ്രമിക്കാവുമൊക്കെ സംവിധാനം ഉണ്ടാക്കിയത് അവർ ആയിരുന്നു.

കാരൈക്കളിൽ നിന്ന് കൂടല്ലൂർ എത്തിയപ്പോൾ അതി സുന്ദരമായ മീൻ വിഭവങ്ങൾ കഴിക്കാൻ സാധിച്ചു. ഇന്ന് വരെ കഴിച്ചതിൽ ഏറ്റവും നല്ല ഭക്ഷണത്തിൽ ഒന്നായി അവിടെ കിട്ടിയ ചെമ്മീൻ വിഭങ്ങൾ തന്നെ. ഇത് കൂടാതെ പൊരിച്ച മീൻ, മാങ്ങ ഇട്ടു വെച്ച മീൻ കറി, ചെമ്മൺ തോരൻ അങ്ങനെ നീളുന്നു. ഞങ്ങൾ പോയ ഗ്രാമങ്ങളിലെ ജനങ്ങൾ തന്നെ ഉണ്ടാക്കിയ വിഭവങ്ങളായിരുന്നു ഇവ.

കടൽ ഒരു കാഴ്ച വസ്തു മാത്രമായിരുന്ന എനിക്ക് അതിനു ശേഷം കടലിനെ ആശ്രയിച്ചു ജീവിക്കുന്ന മനുഷ്യരുടെതു കൂടി യായി.അതിനു മുൻപ് കഥകളിലും കവിതകളിലും മാത്രം കണ്ടിരുന്ന ഒരു സമൂഹം, അവർ നേരിടുന്ന ബുദ്ധിമുട്ടുകൾ,അവരുടെ പോരാട്ടം ഞാൻ ഒന്നായി.

penpaksham

ചർച്ചാവിഷയം


രജിത സി. ആർ.



പട്ടാമ്പി എസ്.എൻ.ജി.എസ്. കോളേജ് കൊമേഴ്സ് വിഭാഗം അധ്യാപിക




# ബ്രണ്ണനിലെ കടൽ കാഴ്ചകൾ ....

ബ്രണ്ണൻ കോളേജിലേക്കുള്ള ആദ്യ യാത്രയിൽ ഏറേ കൗതുകം തോന്നിയത് കടലോരങ്ങളിലൂടെയുള്ള യാത്ര തന്നെയാണ്. ചിലപ്പോൾ തിളച്ചുമറിഞ്ഞ് ഉന്മത്തയായി അതല്ലെങ്കിൽ തിരകൾ പോലുമറിയാതെ തീരം തൊട്ടുറങ്ങുന്നവളായി.... കൂടുതൽ വെള്ളം കാണുമ്പോൾ ഉള്ളിലൊരാന്തലായിരുന്നു. പേടിയായിരുന്നു. പേരിടാത്ത പേടികൾ പിന്നെയും ഉണ്ടായിരുന്നതുകൊണ്ട് ഇതത്ര കാര്യമാക്കിയിരുന്നില്ല. കടലും കടൽക്കാറ്റുമൊന്നും തീരെ പരിചയമില്ലാത്ത ഈ പെണ്ണിനെ കാത്തിരുന്നത് ഓർമ്മകളുടെ കടൽ പുറ്റായിരുന്നു. അറിയുന്തോറും ആഴങ്ങൾ തേടുമെന്ന കടൽ നിയമങ്ങൾ ഞാനെഴുതാൻ തുടങ്ങി. ബിന്ദൂസ്ന്റെ തലയിലുദിച്ച ആശയമായിരുന്നു ടൂറിസം ക്ലബ്ബിന്റെ ഭാഗമായി ധർമ്മടം തുരുത്തിലേക്ക് യാത്ര പോകണമെന്ന്. കുട്ടികളും ഞാനും ഒപ്പം കൂടി. ബ്രണ്ണനിൽ നിന്ന് നടന്നെത്താവുന്ന ദൂരത്താണ് ധർമ്മടം തുരുത്ത്. ധർമ്മടം റയിൽവേ സ്റ്റേഷനപ്പുറം. കടലിനു നടുവിൽ ഒറ്റപ്പെട്ടു പോയ തുരുത്ത് .... ഓർക്കുന്തോറും ആവേശം കൂടി. മൂന്നു മണിക്ക് ശേഷമാണ് പോകുന്നത് . വേലിയിറക്കമാണ്. കടൽ ഉൾവലിഞ്ഞിട്ടു വേണം ധർമ്മടം തുരുത്തിലേക്ക് കടക്കാൻ. കുറച്ച് നേരം കാത്തു. ഒടുവിൽ ഞങ്ങളുടെ പ്രിയശിഷ്യർ കിരണും ആകാശും സുയോഗും സാരംഗും കടലിലേക്കിറങ്ങി. തുരുത്തോളമെത്തി തിരിച്ചു വന്നു. ഞാനും ബിന്ദൂസും നിമേഷും പിന്നെ കുറച്ച് കുട്ടികളും കൂടി പ്രിയശിഷ്യരുടെ പാത പിൻതുടർന്നു. അരയ്ക്കു മീതെ നിൽക്കുന്ന കടൽ വെള്ളം. പരസ്പരം



**സഹജമായ വാസനകൾ അദ്ധ്യാപികയായതുകൊണ്ട് മാറ്റി വയ്ക്കാനാവില്ലല്ലോ. അതേ ആവേശത്തോടെ തിരിച്ചു നടന്നു. കടൽ അപ്പോഴേക്കും കരയിൽ നിന്നിറങ്ങി പോകാൻ തുടങ്ങിയിരുന്നു. ഹോസ്റ്റലിലെത്തി കുളിച്ചിട്ടും കടൽമണം മാറുന്നില്ല.**

കൈകോർത്ത് പിടിച്ച് ഞങ്ങൾ കടലിലൂടെ നടക്കാൻ തുടങ്ങി. കാറ്റിലുലഞ്ഞ് തിരകൾ ആഞ്ഞു തല്ലിയിട്ടും ഞാനും ബിന്ദൂസും നിമ്മുവും കുട്ടികളും കൈവിട്ടില്ല. ആർത്തു ചിരിച്ചു. തിരമാലകളേക്കാൾ ഉച്ചത്തിൽ ബഹളമുണ്ടാക്കി. മനുഷ്യച്ചങ്ങല തീർത്ത് നടന്നു. ആ സമയം ആരെ ക്കുറിച്ചും ഓർത്തില്ല. നടന്നു പോകുന്നത് കടൽ കടന്നാണെന്നും ഓർത്തില്ല. അടങ്ങാത്ത ആവേശവും നാക്കിൽ നിറഞ്ഞത് കടലുപ്പിന്റെ രുചിയും. ആദ്യമായി കടലിനെ അടുത്ത റിയുകയായിരുന്നു. തുരുത്തിനു മുന്നിലെ പാറ ക്കൂട്ടങ്ങളിലേക്ക് ഓടിക്കയറി കൂകിവിളിച്ചു. സഹജമായ വാസനകൾ അദ്ധ്യാപികയായതുകൊണ്ട് മാറ്റി വയ്ക്കാനാവില്ലല്ലോ. അതേ ആവേശത്തോടെ തിരിച്ചു നടന്നു. കടൽ അപ്പോഴേക്കും കരയിൽ നിന്നിറങ്ങി പോകാൻ തുടങ്ങിയിരുന്നു. ഹോസ്റ്റലിലെത്തി കുളിച്ചിട്ടും കടൽമണം മാറുന്നില്ല. അതങ്ങനെ മുറുക്കി പുണർന്ന് എന്നോടൊപ്പമുറങ്ങി. അന്നു മുതൽ കടലിന്റെ വന്യതയെ, ചില നേരങ്ങളിലെ നിശബ്ദതയെ, ചെറുതിരയിളക്കങ്ങളെ ഞാനിഷ്ടപ്പെടാൻ തുടങ്ങി. വൈകുന്നേരങ്ങളിൽ കാറ്റാടി മരങ്ങൾ അതിരിടുന്ന ധർമ്മടം തീരത്തേക്കോടും, ചിലപ്പോൾ തലശ്ശേരി കടൽ പാലത്തിനു മുകളിലേക്ക്....ഞാനും എന്റെ രാഗിയും. ഇരുട്ടുന്നതുവരെ കവിത ചൊല്ലി ..... കഥകളുണ്ടാക്കി കക്കത്തോടു പെറുക്കി.... കടലിനോട് ചേർത്തുവായിക്കുന്ന പേരിലൊരാൾ അവൾ തന്നെയാണ്.

ബ്രണ്ണന്റെ ഹോസ്റ്റൽ മുറിയിൽ നിറയുന്ന പാല പ്പൂമണം... രാത്രിയുടെ നിശബ്ദതയിലേക്ക് പാളം തെറ്റി പാഞ്ഞു വരുന്ന തീവണ്ടിക്കപ്പുറത്ത് തിരയ നക്കമില്ലാത്ത ഒരു കടലുണ്ടായിരുന്നു. തുഴക്കാരനില്ലാത്ത തോണിയിൽ കടൽ ദൂരമറിയാത്ത തുരുത്തായി ഞാനും.

ചർച്ചാവിഷയം/ അഭിമുഖം


അശ്വതി സേനൻ

ദില്ലി സർവ്വകലാശാലയിൽ ഗവേഷക




*__49__ കാരിയായ മിൽറേറ്റ് ആദ്യമായി സമരത്തിന് പോകുന്നത് സ്വന്തം അമ്മയുടെ ഒപ്പമാണ്. നാഷണൽ ഫിഷ്‌വർക്കേഴ്സ് യൂണിയൻന്റെ കീഴിൽ കന്യാകുമാരിയിൽ കൂടങ്കുളം അണുനിലയത്തിനെതിരെ നടന്ന ഈ പ്രക്ഷോഭം മിൽറേറ്റിനെ പിന്നീടുള്ള സമരങ്ങളിൽ മുൻ നിരയിലെ ആളാകാൻ പ്രേരിപ്പിച്ചു. കല്യാണത്തിന് ശേഷം ഇരിന്തകരയിൽ താമസമാക്കിയ അവർ Peoples Movement Against Nuclear Energy (PMANE) യുടെ പ്രധാന നേതാക്കളിൽ ഒരാളും ആ കടലിനെ ആശ്രയിച്ചു ജീവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങളുടെ വക്താവാവുകയും ചെയ്തു. ഇന്നും, 5 വർഷങ്ങൾക്കു ശേഷവും ഗ്രാമത്തിൽ നിന്ന് രണ്ടു കിലോമീറ്റർ ദൂരത്തിലെ സമരപ്പന്തലിൽ സ്ത്രീകൾ സമരം ചെയ്യുന്നു. അവർക്കൊപ്പം, അവരെ നയിച്ചു കൊണ്ട് മിൽററ്റ്, അഥവാ മിൽറേറ്റ്അക്കയും. ഇരിന്തക്കരയിൽ അക്കയുമായി നടത്തിയ സംഭാഷണത്തിൽ നിന്ന്.*

---

*__മു__പ്പതോളം വർഷങ്ങളായുള്ള പോരാട്ടമാണല്ലോ നിങ്ങളുടേത്. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ അത് വല്ലാതെ ശക്തി ആർജ്ജിക്കുകയും ചെയ്തു. എങ്ങിനെ ആണ് ഈ സമരം സർക്കാരും പോലീസും നേരിട്ടത്?*

വർഷങ്ങളായുള്ള പോരാട്ടമാണ് ഞങ്ങളുടേത്. അത് സംബന്ധമായ മീറ്റിങ് എവിടെ ഉണ്ടെങ്കിലും ഞങ്ങൾ പോകും. പക്ഷെ അപ്പോഴൊക്കെ പോലീസ് 'എന്തിനാണ് പോകുന്നത്, അവിടെ എന്താണ് പരിപാടി' മുതലായ ചോദ്യങ്ങൾ ചോദിക്കും. ഞങ്ങൾ എന്ത് തെറ്റാണു ചെയ്തതെന്ന് ചോദിച്ചാൽ 'ഞങ്ങൾ എന്ത് ചെയ്യും,



ഇതൊക്കെ മുകളിൽ നിന്നുള്ള ഉത്തരവാണ് ഞങ്ങൾക്ക് ചെയ്തേ പറ്റുള്ളൂ' എന്നാണ് അവർ പറയുന്നത്. എപ്പോഴെങ്കിലും മീറ്റിംഗ് കുറച്ചു നീണ്ടു പോയാൽ അവർ വന്നു വേഗം തീർക്കാൻ പറഞ്ഞു കൊണ്ടേയിരിക്കും. ഈ സമരത്തിൽ പങ്കെടുക്കുന്ന എല്ലാവരുടെയും മേൽ അവർ രാജ്യദ്രോഹക്കുറ്റം ചാർത്തുന്നു, നമ്മുടെ മേൽ നടത്തിയ ലാത്തിച്ചാർജും, നമ്മുടെ ആരാധനനിലയങ്ങളിൽ അവർ കാട്ടിയ പെയ്ക്കൂത്തും, നിങ്ങൾക്കും അറിയായിരിക്കുമല്ലോ. പള്ളിയിൽ കയറി മൂത്രമൊഴിച്ചു വൃത്തികേടാക്കുക വരെ അവർ ചെയ്തു. സ്വാതന്ത്ര്യം കിട്ടിയ നാട്ടിൽ ഇപ്പൊ സ്വാതന്ത്ര്യമേ ഇല്ല. പോരാടിയില്ലെങ്കിൽ നമ്മുടെ മണ്ണും വീടും, പള്ളിയും, പള്ളിക്കൂടവും ഒക്കെ നശിക്കും. അഭയാർത്ഥികളായാൽ നമ്മൾക്കു എങ്ങിനെ നിലനിൽക്കാനാവും. ശ്രീലങ്കയിലും മറ്റു പല സ്ഥലങ്ങളിലും അങ്ങനെയുള്ളവർ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ നമ്മൾ കാണുന്നുണ്ടല്ലോ. അതുപോലെ കഷ്ടപ്പെടാൻ നമ്മൾ തയ്യാറല്ല. ഈ മണ്ണ് വിട്ടുപോകാൻ നമ്മൾ തയ്യാറല്ല.

എന്റെ മേൽ തന്നെ 127 കേസ് ഉണ്ട്. അതൊക്കെ തന്നെ കള്ളക്കേസ് ആണ്. നമ്മുടെ ആരുടെ മേലും ഒരു തെറ്റും കാണാൻ അവർക്കു സാധിച്ചില്ല. ഞങ്ങൾ ആരുടെയൊക്കെയോ കയ്യിൽ നിന്നു കാശു വാങ്ങിയാണ് ഇതൊക്കെ ചെയ്യുന്നത് എന്ന് അവർ പറയുന്നു. പക്ഷെ ആരുടെ അടുത്തു നിന്നും കാശു വാങ്ങേണ്ട കാര്യം നമുക്കില്ല. നമ്മുടേത് ന്യായമായ പോരാട്ടമാണ്. അണുനിലയത്തെ ഞങ്ങൾ അടച്ചു പൂട്ടിക്കും.



**നമ്മുടെ മണ്ണും വീടും, പള്ളിയും, പള്ളിക്കൂടവും ഒക്കെ നശിക്കും. അഭയാർഥികളായാൽ നമ്മൾക്കു എങ്ങിനെ നിലനിൽക്കാനാവും. ശ്രീലങ്കയിലും മറ്റു പല സ്ഥലങ്ങളിലും അങ്ങനെ ഉള്ളവർ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ നമ്മൾ കാണുന്നുണ്ടല്ലോ. അതു പോലെ കഷ്ട്പ്പെടാൻ നമ്മൾതയ്യാറല്ല. ഈ മണ്ണ് വിട്ടു പോകാൻ നമ്മൾ തയ്യാറല്ല.**

*ഈ പോരാട്ടം എത്ര നാൾ തുടരും?*

ഇവിടെ ഇപ്പോൾ അവർ ഉപയോഗിക്കുന്ന തന്ത്രം ചെറുപ്പക്കാരെ ടാർഗറ്റ് ചെയ്യുകയാണ്. പുറംരാജ്യത്തു പോയി എന്തെങ്കിലും ജോലി ചെയ്തു കുറച്ചു കാശ് സമ്പാദിക്കാം എന്ന് വിചാരിക്കുന്നവരെ പാസ്സ്പോർട്ട് വെരിഫിക്കേഷന് വരുമ്പോൾ നിങ്ങളുടെ മേൽ അമ്പതോ അറുപതോ കേസ് ഉണ്ടെന്നു പറഞ്ഞു ഭീഷണിപ്പെടുത്തുന്നു. അതിനാൽ പാസ്പോർട്ട് നൽകാൻ കഴിയില്ല എന്ന് പറയുന്നു. നമ്മുടെ സമരത്തെ ഇല്ലാതാക്കാൻ ഇങ്ങനെ പല തണ്ടർത്തങ്ങളും അവർ ഉപയോഗിക്കുന്നു. ഞങ്ങൾ ബസ്സിന് നേരെ കല്ലെറിയുകയോ ആരെയും അപായപെടുത്തുകയോ ബാങ്കിൽ നിന്ന് ലക്ഷങ്ങൾ വായ്പ എടുത്തിട്ട് തിരിച്ചടയ്ക്കാതെ ഇരിക്കുകയോ ഒന്നും ചെയ്യുന്നില്ല. എന്നാൽ അങ്ങനെ ചെയ്യുന്നവരെ വെറുതെ വിടുകയും അല്ലാത്തവരെ നശിപ്പിക്കുകയുമാണ് അവർ ചെയ്യുന്നത്. സ്കൂളിൽ പഠിക്കുന്ന കുഞ്ഞുങ്ങൾ മുതൽ പ്രായമായ മനുഷ്യർക്കു മേൽ വരെ കേസ് ചാർത്തിയിരിക്കുന്നു. കോടതി കയറി തന്നെ നമ്മുടെ നടു ഒടിയും എന്ന് വരെ തോന്നിയിട്ടുണ്ട്.

ഞങ്ങൾ എല്ലാം കടലിനെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. നമുക്ക് മണ്ണ് വെട്ടിപ്പിടിച്ചു ജീവിക്കാൻ അറിയില്ല. ഈ ആണവനിലയം ഇവിടെ വന്നാൽ നമ്മുടെ ജീവിതം തന്നെ ഇല്ലാതെയാവും. അത് കൊണ്ട് നമ്മുടെ ജീവൻ

കൊടുത്താണെങ്കിലും ഇത് നമ്മൾ സംരക്ഷിക്കും. ദൈവം നമ്മുടെ ഒപ്പമാണ്. പക്ഷെ രാഷ്ട്രീയ നേതാക്കളെ എതിർക്കാനുള്ള പണബലമോ ആൾ ബലമോ നമുക്കില്ല. എന്നാലും ഞങ്ങൾ പോരാടും. നമ്മൾ ഒരു തെറ്റും ചെയ്തിട്ടില്ല. നമ്മുടെ നിലനില്പിനാണ് നമ്മൾ പോരാടുന്നത്. ഈ പോരാട്ടത്തിന്റെ അർഥം പക്ഷേ ഒരിക്കലും സർക്കാരിനോ രാഷ്ട്രീയക്കാർക്കോ മനസിലാവില്ല. നമ്മളെപ്പോലത്തെ പാവങ്ങൾക്ക് മാത്രമേ അത് മനസിലാക്കാൻ സാധിക്കു. എപ്പൊ സമരത്തിനായി പോകണമെങ്കിലും ഇട്ടിരിക്കുന്ന ഉടുപ്പിട്ട് തന്നെ വരും. ആണവനിലയം മൂടിയിട്ടു വേണം മരിക്കാൻ എന്നാണ് ആഗ്രഹം.

**ഈ പോരാട്ടത്തിന്റെ അർഥം പക്ഷേ ഒരിക്കലും സർക്കാരിനോ രാഷ്ട്രീയക്കാർക്കോ മനസിലാവില്ല. നമ്മളെപ്പോലത്തെ പാവങ്ങൾക്ക് മാത്രമേ അത് മനസിലാക്കാൻ സാധിക്കു. എപ്പൊ സമരത്തിനായി പോകണമെങ്കിലും ഇട്ടിരിക്കുന്ന ഉടുപ്പിട്ട തന്നെ വരും. ആണവ നിലയം മൂടിയിട്ടു വേണം മരിക്കാൻ എന്നാണ് ആഗ്രഹം.**

*സർക്കാർ പല തരത്തിലുള്ള വികസന പദ്ധതികളും തുടങ്ങുന്നുണ്ടല്ലോ. ഇനയം, വിഴിഞ്ഞം മുതലായ തുറമുഖങ്ങൾ. അത് എങ്ങിനെയാണ് മത്സ്യത്തൊഴിലാളികളെ ബാധിക്കുന്നത്?*



ഒരു കുടുംബത്തിലെ ഒരാൾക്ക് ജോലി കൊടുക്കാമെന്നു പറഞ്ഞാണ് അവർ ഇവിടുത്തെ കുറെ പാവപ്പെട്ട മനുഷ്യരിൽ നിന്ന് സ്ഥലം വാങ്ങിയത്. പഠിപ്പും അറിവും ഇല്ലാത്ത അവർക്കു അതിന്റെ ചതിവ് മനസിലാക്കാൻ സാധിച്ചില്ല. അത് തന്നെയാണ് പല വികസന പദ്ധതികൾ ഉള്ള സ്ഥലങ്ങളിലും അവർ ചെയ്യുന്നത്. ഗ്രാമവാസികളുടെ മണ്ണും, ചരിത്രവും, സംസ്കാരവും ഒക്കെ അവർ കവർന്നെടുക്കുന്നു. അണുനിലയത്തെപ്പറ്റി പറയുകെയാണെങ്കിൽ അതിന്റെ പ്രവർത്തനങ്ങൾ വളരെ അപകടകരമായ ഒന്നാണ്. അതിൽ നിന്ന് വരുന്ന റേഡിയേഷൻ അന്തരീക്ഷത്തിൽ കലർന്ന് ഗർഭിണികളെ ബാധിക്കും. കുഞ്ഞുങ്ങൾക്ക് കൊടുക്കുന്ന മുലപ്പാലിൽ പോലും അതിന്റെ അംശം ഉണ്ടാവും. മണ്ണിനേയും വെള്ളത്തേയും, ചെടിയെയും, ഇലയെയും ഒക്കെ ഇതു ബാധിക്കും. പശു തിന്നുന്ന പുല്ലിലും, പശുവിന്റെ പാലിലും, അത് കുടിക്കുന്ന നമ്മളിലും ആ വിഷാംശം പടരും. ഒട്ടനവധി സ്ത്രീകൾക്ക് ഗർഭഛിദ്രം ഉണ്ടാകുന്നു. ഒട്ടനവധി പേർക്ക് ക്യാൻസറും വന്നു. ഈ കടലിനെ ആശ്രയിച്ചാണ് നമ്മുടെ നാട്ടുകാർ ജീവിക്കുന്നത്. ഈ ആണവനിലയത്തിലെ

വിസർജ്ജ വസ്തുക്കൾ കടലിൽ ചേർന്നു മീനിന്റെ ഉള്ളിൽ പോയി ആ മീൻ കഴിച്ചു നമുക്ക് പല അസുഖങ്ങൾ വരും. ജപ്പാനിൽ ആണുബോംബ് ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതം നമ്മളെല്ലാം പഠിച്ചിട്ടുള്ളതാണലോ. നമ്മുടെ ഒരു സുഹൃത്തു അവിടെ ഒരു ഗ്രാമത്തിൽ പോയപ്പോൾ കണ്ട ഒരു കാഴ്ച പറഞ്ഞാൽ, ഒരാൾ സ്വന്തം കുഞ്ഞുങ്ങളെ പോലെ വളർത്തിയിരുന്ന നാല്പത് ആടുകളെ, ഇത്തരത്തിൽ റേഡിയേഷൻ ബാധിച്ചപ്പോൾ, വിഷം കൊടുത്തു കൊന്നു. അങ്ങനെ ചെയ്യാൻ എങ്ങിനെ ആണ് മനസ്സ് വരുക. സർക്കാർ പറയുന്നത് രാജ്യത്തിന്റെ പുരോഗമനത്തിനു ഗ്രാമങ്ങൾ നശിക്കണമെന്ന്. അപ്പോൾ അവിടുത്തെ



ജനങ്ങളോ? അവിടുത്തെ ആളുകളെന്താ ഇന്ത്യയുടെ പൗരന്മാരല്ല? നമ്മുടെ ജീവനും നിലനിൽപ്പും സർക്കാരിന് വിഷയമല്ലേ? അതുകൊണ്ടാണ് ഞങ്ങൾ മരിച്ചാലും സാരമില്ല, ഈ ആണവ നിലയം പ്രവർത്തിക്കാൻ അനുവദിക്കില്ല എന്ന് ഞങ്ങൾ പറയുന്നത്. അതു കൊണ്ട് തന്നെ ഈ ആണവ നിലയം മൂടിക്കുന്നതു വരെ നമ്മൾ പോരാടും.

*ഈ സമരത്തിൽ പങ്കെടുത്തത് സ്ത്രീകളുടെ ജീവിതത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ?*

മുൻപ് ഞങ്ങൾ കിട്ടുന്ന സമയത്തു പണിയെടുത്തു കുറച്ചു കാശ് സമ്പാദിക്കുമായിരുന്നു. ഇപ്പോൾ ഞങ്ങൾ രാവിലെ ഭക്ഷണം ഉണ്ടാക്കി വെച്ച്, ആണുങ്ങൾ ജോലിക്കു പോയി കഴിഞ്ഞാൽ നേരെ ഈ സമരപ്പന്തലിലേക്ക് വരും. കിട്ടിയിരുന്ന അല്പം സമ്പാദ്യം ഈ സമരത്തിനായി നമ്മൾ വേണ്ടെന്നു വെക്കുക തന്നെയാണ്. പക്ഷേ ആ കാശു കിട്ടിയിട്ട് ജീവിച്ചിരിക്കുന്നില്ലെങ്കിൽ എന്ത് കാര്യം? ആ ആലോചനയാണ് ഇത്രയും സ്ത്രീകളെ ഇവിടെ എത്തിക്കുന്നത്. സമ്പാദിക്കാൻ എന്നു വേണമെങ്കിലും സാധിക്കും. പക്ഷെ നിലനിൽപ്പിനുള്ള പോരാട്ടമാണ് ഇന്ന് നടക്കുന്നത്. അതിൽ നിന്ന് നമുക്ക് പിന്തിരിയാൻ പറ്റില്ല.

ഈ സമരം നമ്മളെ സംബന്ധിച്ചിടത്തോളം ഒരു പള്ളിക്കൂടമാണ്. ഇടിന്തകരൈ മാതാ മേഡൈ ഒരു പള്ളികൂടമാണ്. ഞാൻ അഞ്ചാം ക്ലാസ് വരെയേ പഠിച്ചിട്ടുള്ളൂ. എന്നാലും ബോംബെ, കൽക്കട്ട, ആസാം, ഡൽഹി എല്ലായിടത്തും ഞാൻ പോയിട്ടുണ്ട്, നമ്മുടെ സമരത്തെക്കുറിച്ച് പറയാൻ, നമ്മുടെ പോരാട്ടത്തിന്റെ കഥകൾ ആളുകളെ അറിയിക്കാൻ. മറ്റുള്ളവർക്കു നമ്മുടെ അതിജീവനത്തിന്റെ കഥകൾ ഒരു പക്ഷെ ഊർജ്ജം നല്കിയെങ്കിലോ? നമ്മൾ നേരിട്ട ലാത്തിയും, പോലീസ് അതിക്രമങ്ങളും ഒരു പക്ഷെ പോരാടാൻ അവരെയും പ്രേരിപ്പിച്ചെങ്കിലോ? സർക്കാരിന്റെ ഇത്തരത്തിലുള്ള നയങ്ങൾക്കെതിരെ പോരാടാൻ സ്ത്രീകൾ കൂട്ടമായി ഇനിയും മുന്നോട്ടു വന്നെങ്കിലോ? ഇരിന്തക്കരൈ ഒരു ഉദാഹരണം മാത്രമാണ്. അവിടുത്തെ സ്ത്രീകൾ ഒരുദാഹരണം മാത്രം. അങ്ങനെ രാജ്യമെമ്പാടും, ലോകമെമ്പാടും എത്രയെത്ര സ്ത്രീകൾ സമരം ചെയ്യുന്നു?

**ബോംബെ, കൽക്കട്ട, ആസാം, ഡൽഹി എല്ലായിടത്തും ഞാൻ പോയിട്ടുണ്ട്, നമ്മുടെ സമരത്തെ കുറിച്ച് പറയാൻ, നമ്മുടെ പോരാട്ടത്തിന്റെ കഥകൾ ആളുകളെ അറിയിക്കാൻ. മറ്റുള്ളവർക്കു നമ്മുടെ അതിജീവനത്തിന്റെ കഥകൾ ഒരു പക്ഷെ ഉർജ്ജവം നല്കിയെങ്കിലോ? നമ്മൾ നേരിട്ട ലാത്തിയും, പോലീസ് അതിക്രമങ്ങളും ഒരു പക്ഷെ പോരാടാൻ അവരെയും പ്രേരിപ്പിച്ചെങ്കിലോ?**

ചർച്ചാവിഷയം

റീം ഷംസുദ്ദീൻ

ദില്ലി വെങ്കടേശ്വര കോളേജിൽ അധ്യാപിക



കവയിത്രി സുഗതകുമാരിയുടെ 'കടൽ കാണാൻ പോയവർ'എന്നൊരു കവിത കുറച്ചു കാലം മുൻപ് വായിച്ചത് ഓർമ്മിക്കുന്നു. ഇത്രയധികം ജീവിതപരിചയവും അനുഭവസമ്പത്തും ഉള്ള ടീച്ചർ എന്തെ ഇങ്ങനെ ചിന്തിച്ചത് എന്നു തോന്നിപ്പോയി കവിതയുടെ പല ഭാഗത്തും . "കണ്ണില്ലാത്തവർ", "ഇരുട്ടത്ത് തപ്പി തടയുന്നവർ" തുടങ്ങിയ പ്രയോഗങ്ങൾ ഏൽപ്പിച്ച രോഷവും, അമർഷവും, ചില സുഹൃത്തുക്കളോട് പങ്കുവെച്ച് ഒതുക്കിയെങ്കിലും, കാഴ്ച ഇല്ലാത്തവർ എല്ലായിടത്തും എന്തുകൊണ്ട്

# ഇവർ ഇങ്ങനെ കടൽ കാണും



"കണ്ണില്ലാത്തവർ", "ഇരുട്ടത്ത് തപ്പി തടയുന്നവർ" തുടങ്ങിയ പ്രയോഗങ്ങൾ ഏൽപ്പിച്ച രോഷവും, അമർഷവും, ചില സുഹൃത്തുക്കളോട് പങ്കുവെച്ച് ഒതുക്കിയെങ്കിലും, കാഴ്ച ഇല്ലാത്തവർ എല്ലായിടത്തും എന്തുകൊണ്ട്
ഇങ്ങനെ സ്റ്റീരിയോടൈപ്പ് ചെയ്യപ്പെടുന്നു എന്നത് ഒരു ശല്യപ്പെടുത്തലിന്റെ തുടർച്ച ആയി മനസ്സിൽ അവശേഷിച്ചു.

ഇങ്ങനെ സ്റ്റീരിയോടൈപ്പ് ചെയ്യപ്പെടുന്നു എന്നത് ഒരു ശല്യപ്പെടുത്തലിന്റെ തുടർച്ചയായി മനസ്സിൽ അവശേഷിച്ചു.

ഞാൻ ഉൾപ്പെടുന്ന കാഴ്ച ഇല്ലാത്ത സമൂഹം, കടൽ മാത്രമല്ല, പ്രകൃതി ആകവേയും ആസ്വദിക്കുന്നതിനെപ്പറ്റി, ആശ്ലേഷിക്കുന്നതിനെപ്പറ്റി ഇത്ര ക്രൂരമായ ഭാഷയിൽ അത്ര അധികം എഴുതി കണ്ടിട്ടില്ല . കണ്ണ് കാണാത്ത കിടാങ്ങൾ തങ്ങൾക്കു കടൽ കാട്ടി തരണം എന്ന് ആവശ്യപ്പെട്ടപ്പോൾ, വനം ഇല്ലാത്ത , താരം ഇല്ലാത്ത, പൂക്കളെയോ കിളികളെയോ അറിയാത്ത, കുഞ്ഞിന്റെ പുഞ്ചിരി പ്രസാദിപ്പിക്കാത്ത ഈ ഇരുൾ മൂടിയ ജീവിതങ്ങൾക്ക് താൻ എങ്ങിനെ കടൽ കാട്ടി കൊടുക്കും എന്ന് ശങ്കിക്കുന്ന കവയിത്രി .

ഈ കവിത വായിച്ചു കേട്ട് കഴിഞ്ഞപ്പോൾ മനസ്സ് അറിയാതെ പറഞ്ഞു പോയി; ഇരുട്ട്, വെളിച്ചം എന്നീ ദ്വന്ദങ്ങളെ ബഹിഷ്ക്കരിക്കുന്നു എന്ന്, അത് കണ്ണ് മാത്രം തുറന്നു വച്ച് കാണുന്ന ലോകത്തെ നിർണയിക്കുന്ന ഘടകങ്ങൾ ആണ്. ഈ വരികളിലൂടെ കടന്നു പോകുമ്പോൾ എനിക്ക് മാത്രം അല്ല , ഒരു സമൂഹത്തിനു മുഴുവൻ തങ്ങളുടെ കടലോർമകളും , അനുഭവങ്ങളും മനസ്സിൽ തിരയിരമ്പൽ ആകും. കുട്ടിക്കാലത്തെ ഒരു ആഘോഷം ആയിരുന്നു, എന്റെ ഏറ്റവും പ്രിയപ്പെട്ട വിനോദമായ കടൽ സന്ദർശനം. അന്ന്, മാതാപിതാക്കളുടെ കൈ പിടിച്ചു കടലിൽ ഇറങ്ങിയപ്പോഴോ , പിന്നീട് സഹോദരങ്ങൾക്കും , സുഹൃത്തുക്കൾക്കും ഒപ്പം കടൽ വെള്ളത്തിൽ കുളിച്ചു തിമിർത്തപ്പോഴോ , ഒരിക്കലും ഞാൻ കടലിൻെറ നിറം എന്തായിരിക്കും എന്നോർത്ത് ആശങ്കപ്പെട്ടിട്ടില്ല .



**ഒരിക്കലും ഞാൻ കടലിൻെറ നിറം എന്തായിരിക്കും എന്നോർത്ത് ആശങ്കപ്പെട്ടിട്ടില്ല. ആഞ്ഞടിക്കുന്ന തിരകൾ കാലുകൾക്കടിയിൽ നിന്ന് പൂഴി ഇളക്കിക്കൊണ്ട് പോകുമ്പോൾ , മണ്ണിൽ കാല് ഉറപ്പിച്ചു നിന്ന് കൂടുതൽ ശക്തിയായി അടിക്കുന്ന തിരകളെ ആർപ്പു വിളികളോടെ സ്വീകരിക്കൽ ആയിരുന്നു ഏതൊരു കുട്ടിയേയും പോലെ എൻെറയും പ്രിയ വിനോദം.**

ആഞ്ഞടിക്കുന്ന തിരകൾ കാലുകൾക്കടിയിൽ നിന്ന് പൂഴി ഇളക്കിക്കൊണ്ട് പോകുമ്പോൾ , മണ്ണിൽ കാല് ഉറപ്പിച്ചു നിന്ന് കൂടുതൽ ശക്തിയായി അടിക്കുന്ന തിരകളെ ആർപ്പു വിളികളോടെ സ്വീകരിക്കൽ ആയിരുന്നു ഏതൊരു കുട്ടിയേയും പോലെ എൻെറയും പ്രിയ വിനോദം . കണ്ണ് കാണാത്തവർ കടൽ വെള്ളത്തിന് ഉപ്പു രസം ആണ് എന്ന് തിരിച്ചറിയുന്നത് വെള്ളം വായിൽ ഒഴിക്കുമ്പോൾ മാത്രം ആണ് എന്നത് തികച്ചും ഒരു കാല്പനിക സങ്കൽപം ആണ്. കടൽ കാണൽ അല്ല, മറ്റേതൊരു പ്രകൃതിപ്രതിഭാസവും പോലെ അനുഭവിക്കൽ ആണ്, അറിയൽ ആണ്. കടലിൻെറ അപാരതയെ അറിയുന്നത് നാലുപാടും കാതോർക്കുമ്പോൾ അലയ്ക്കുന്ന ഇരമ്പലായാണ്. വൈകുന്നേരങ്ങളിൽ കടലിൽ നിന്ന് കരയിലേക്ക് വീശുന്ന കാറ്റലകൾ കൊണ്ടു വരുന്ന മണം

**വിഭിന്നങ്ങളായ വീക്ഷണ കോണുകളിൽ നിന്നും കടൽ എന്ന പ്രതിഭാസത്തെ ഉൾക്കൊള്ളാൻ കാഴ്ചവൈകല്യം ഒരു തടസ്സം അല്ല എന്നതാണ് എൻെറ ഉറച്ച വിശ്വാസം. കടലിനു നിറം മാത്രം അല്ല; ഒച്ചയും, മണവും, രുചിയും, സ്പർശവും ഉണ്ട്.**
**മഴ കൊള്ളുന്നതിൻെറ സുഖം, അത് കണ്ണുകൾ കൊണ്ട് മാത്രം അറിയുന്നവർക്ക് എത്ര കണ്ടു അനുഭവവേദ്യം ആകും എന്നറിയില്ല**

ആയാണ്. ആ ഘോരശബ്ദം സന്നിധാനിച്ച നിശബ്ദതയെ ഞാൻ ധ്യാനിച്ചു തുടങ്ങിയത് കുറച്ചു കൂടി വളർന്നപ്പോൾ ആയിരിക്കും . മനസ്സ് കുറച്ചധികം കാല്പനികമായപ്പോൾ കടൽ അലർച്ചകൾ ഏൽപ്പിച്ച മൗനത്തിൽ തിരകളുടെ സംഗീതവും , ആ നേർത്ത രൂപിണിയുടെ ചിലമ്പൊച്ചയും കാതോർക്കാൻ തുടങ്ങി . മലയാള സിനിമ പാട്ടുകളിലൂടെ തഴുകി അനുഭവിച്ച കടലലകൾ ആർക്കാണ് മറക്കാൻ ആവുക . “കടലിലെ ഓളവും , കരളിലെ മോഹവും അടങ്ങുകില്ലോമനേ അടങ്ങുകില്ല”. “കടലേ നീല കടലേ , നിൻ ആത്മാവിലും നീറുന്ന ചിന്തകൾ ഉണ്ടോ”. അഗാധതയെയും അപാരതയെയും പറ്റി കൂടുതൽ കൗതുകം പൂണ്ടപ്പോൾ ആയിരിക്കും കടലിനെ സ്വച്ഛമായി കൂടുതൽ അടുത്ത് നിരീക്ഷിക്കാൻ തുടങ്ങിയത്. പിന്നെ സ്വാർഥമായ വിജ്ഞാന ബോധം കൂടി ആയപ്പോൾ കടൽ കാൽപ്പനികതക്ക് അപ്പുറം ഒരു അറിവിൻെറ ഖനി ആയി. 2004ൽ സുനാമി ഏൽപ്പിച്ച കടൽ ദുരന്തം കടലിനെ എൻെറ ഓർമയിൽ ഒരു ഭീകരസത്വം കൂടി ആക്കി. ഒരു കരയെ ഒന്നടങ്കം ഗ്രസിക്കാൻ ഒറ്റ തിരയ്ക്കു പോലും ആകും എന്ന് അറിഞ്ഞത് ഭീതി കലർന്ന വേദനയോടെ ആയിരുന്നു. ഞങ്ങളുടെ തൊട്ടടുത്ത പ്രദേശങ്ങളിലെ ദുരിതാശ്വാസ കേന്ദ്രങ്ങളിൽ പാർപ്പിച്ചിരുന്ന ആളുകളോട് ഒരുപാടു അടുപ്പത്തോടെ സംസാരിച്ചപ്പോഴാണ് ഒരു ജീവനോപാധിക്കും അപ്പുറം കടൽ ഒരു സമൂഹത്തിന് ആഴമുള്ള ആത്മബന്ധമാണ് എന്നറിഞ്ഞത്. കടലമ്മക്ക് അറിയാത്ത ഒരു താരാട്ടും ഇല്ലത്രേ , ഏതു വേവുന്ന വേദനയും കടൽ കാറ്റിൻെറ സാന്ത്വനമേറ്റ് അലിഞ്ഞു പ്പോകും. കടൽഭിത്തിയുടെ ബലക്ഷയത്തെക്കുറിച്ചോ മറ്റിടങ്ങളിലേക്ക് മാറി താമസിക്കേണ്ടതിൻെറ ആവശ്യകതയെപ്പറ്റിയോ ഒന്നും അവരുടെ കാതുകളിലേക്കു ഓതി കൊടുക്കാൻ കഴിയില്ല എന്ന് ബോധ്യം ആയി. കടൽ അവർക്കു കാവൽ ആണ് പോലും. ഇതൊരു കാല്പനികതയുടെ വികാരവായ്പ് അല്ല, മറിച്ച് പരസ്പരം സ്നേഹിച്ചും സഹകരിച്ചും ജീവിക്കുന്ന രണ്ടു ആവാസവ്യവസ്ഥകളുടെ സന്തുലനം ആണ് .

വിഭിന്നങ്ങളായ വീക്ഷണ കോണുകളിൽ നിന്നും കടൽ എന്ന പ്രതിഭാസത്തെ ഉൾക്കൊള്ളാൻ കാഴ്ച വൈകല്യം ഒരു തടസ്സം അല്ല എന്നതാണ് എൻെറ ഉറച്ച വിശ്വാസം. കടലിനു നിറം മാത്രം അല്ല; ഒച്ചയും, മണവും, രുചിയും, സ്പർശവും ഉണ്ട്. മഴ കൊള്ളുന്നതിൻെറ സുഖം, അത് കണ്ണുകൾ കൊണ്ട് മാത്രം അറിയുന്നവർക്ക് എത്ര കണ്ടു അനുഭവവേദ്യം ആകും എന്നറിയില്ല. കടലിനെ അറിയണമെങ്കിലും എല്ലാ ഇന്ദ്രിയങ്ങളും സജീവമായി പ്രയുക്താവത്കരിക്കേണ്ട. വനം അറിയുന്നത് മഴയും, വെയിലായും, മാങ്ങയായും ഒക്കെ. മഴയും, വെയിലും അറിയുന്നത് പിന്നെയും കുളിർമ്മ യായും, അലർച്ചയായും, ചൂടായും, പിന്നെ മണ്ണിൻെറ മണമായും രാത്രി അറിയാൻ ചീവീടുകളുടെ കരച്ചിൽ മതി, നിശാഗന്ധിയുടെ മണം മതി, തണുത്തുറഞ്ഞ നിശബ്ദത മതി. പിന്നെയും എത്ര, എത്ര രുചിഭേദങ്ങൾ ആണ് ഓരോ കാലത്തെയും കൊണ്ടുവരുന്നത്.

ഏതു വൈകല്യവും ഒരു കുറവ് അല്ല എന്ന അന്ധമായ കാല്പനികബോധത്തെ ഊട്ടി ഉറപ്പിക്കാൻ അല്ല ഇവിടെ ശ്രമിക്കുന്നത്; മറിച്ചു വൈകല്യങ്ങൾ കൊണ്ട് വരുന്ന ന്യൂനതകൾ അറിയാനും അതിജീവിക്കാനും ശ്രമിക്കുമ്പോൾ തങ്ങൾക്കായി തുറന്നു വരുന്ന ചിലതിനെ പരിചയപ്പെടുത്താനാണ് . പണ്ടൊരു യുറീക്ക പുസ്തകത്തിൽ വായിച്ച പി.മധുസൂദനൻെറ ശകലങ്ങൾ ഇങ്ങനെ ഓർമ്മിക്കുന്നു “പറഞ്ഞു നോക്കുക വെറുതെ നിങ്ങൾക്ക് എത്ര കിളിയുടെ പാട്ടറിയാം, എത്ര മരത്തിൻ തണലറിയാം, എത്ര പൂവിൻ മണമറിയാം”....

സിന്ധു ജോസ്

സ്വതന്ത്ര ഗവേഷക. ജെൻഡർ, കൾച്ചർ, സിനിമ എന്നിവയെക്കുറിച്ചു പഠിക്കുന്നു. ഹൈദരാബാദ് ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഗവേഷണ ബിരുദം.



# സ്ത്രീ, സമുദ്രം , സാഹിത്യം

## പാഠ്യപദ്ധതികളിലും സാംസ്കാരിക പഠനങ്ങളിലും

ആൻ മോറോ ലിൻഡ്ബെർഗ്, സൂസന്ന എച്ച്. റൗസോൺ, കാതറീൻ ആൻ പോർട്ടർ... ഇംഗ്ലീഷ് സാഹിത്യ വിദ്യാർത്ഥികൾക്കു അല്ലെങ്കിൽ വായനക്കാർക്ക് ഈ പേരുകൾ എത്രത്തോളം പരിചിതമായിരിക്കും? “സ്ത്രീ, സമുദ്രം, സാഹിത്യം” എന്ന വിഷയത്തെക്കുറിച്ച് എഴുതാനിരിക്കുമ്പോൾ ഈ പേരുകളൊന്നും തന്നെയായിരുന്നില്ല മനസ്സിൽ. സിൽവിയ പ്ലാത്തിലും വിർജീനിയ വൂൾഫിലും ചുറ്റിപ്പറ്റി നിന്നിരുന്ന ചിന്തകളെ വഴി തിരിച്ചു വിട്ടത് Searchable Sea Literature എന്ന വെബ്സൈറ്റ് ആണ്. ഗ്രീൻവുഡ് പ്രസ് പ്രസിദ്ധീകരിച്ച The Encyclopedia of American Literature of the Sea and the Lakes ൽ നിന്ന് William College and Mystic Seaport Ahcps Maritime Studies നു വേണ്ടി ക്രോഡീകരിച്ച പട്ടികയിൽ നിന്ന് കണ്ടെടുത്ത പേരുകളാണ് ലിൻഡ് ബെർഗ്, റൗസോൺ, പോർട്ടർ എന്നിവരുടേത്.



സ്ത്രീകളെക്കുറിച്ച് അവരുടെ സമുദ്രസംബന്ധിയായ ഇടപെടലുകളെ ക്കുറിച്ച് ചിന്തിക്കുമ്പോൾ

സ്വാഭാവികമെന്ന പോലെ കടന്നുവരുന്ന ചില ബിംബങ്ങളിലൊന്ന് ഒരുപക്ഷെ കടലിലേക്ക് മിഴിതറച്ച്, ചിന്തയിലാണ്ടു നിൽക്കുന്ന നിഷ്ക്രിയയായ സ്ത്രീയായിരിക്കണം. ഉദാഹരണത്തിന് ജോൺ ഫൗൾസിന്റെ The French Lieutenant's Women എന്ന കൃതിയുടെ പുറംചട്ട. സ്ത്രീയുടെ സൃഷ്ടികളിൽ കടൽ എന്ന രൂപകം എന്തിനെ പ്രതിനിധീകരിക്കുന്നു, അവളുടെ സൃഷ്ടികളെ കടൽ എങ്ങനെ സ്വാധീനിച്ചിരിക്കുന്നു എന്നിങ്ങനെയുള്ള ചോദ്യങ്ങളായിരിക്കണം ഒരു പക്ഷെ ഒരു സാഹിത്യവിദ്യാർത്ഥി ഏറ്റവുമധികം നേരിടുക. സമുദ്രസാഹിത്യത്തിലെ സ്ത്രീസാന്നിദ്ധ്യത്തെക്കുറിച്ച് എഴുതാനായുമ്പോൾ വിർജീനിയ വൂൾഫിലും സിൽവിയ പ്ലാത്തിലും നാം തടഞ്ഞു നിൽക്കുന്നതും അതിനാലാണ്. സമുദ്രം സ്ത്രീയുടെ കർമ്മമേഖലയായിരിക്കുന്ന എത്ര സാഹിത്യ കൃതികളെപ്പറ്റി നാം സംസാരിക്കും. സമുദ്രയാത്രകൾ പ്രയോജനാപേക്ഷാപൂർവ്വകമായ ഒന്നായി കാണുന്ന എത്ര സ്ത്രീകൃതികൾ നാം ഇതിനോടകം പരിചയപ്പെട്ടു കഴിഞ്ഞിരിക്കുന്നു? കടലോരജീവിതത്തെക്കുറിച്ച്, അല്ലെങ്കിൽ തുറമുഖനഗരങ്ങളെക്കുറിച്ചുള്ള നമ്മുടെ ഓർമ്മക്കുറിപ്പുകളിലോ സാംസ്കാരിക പഠനങ്ങളിലോ അവിടങ്ങളിലെ സ്ത്രീകളുടെ കാഴ്ചപ്പാടുകൾ പരിഗണിക്കപ്പെടുന്നുണ്ടാവുമോ?

550 കിലോമീറ്ററോളം നീണ്ട തീരരേഖയുള്ള, നൂറ്റാണ്ടുകളുടെ സമുദ്രവാണിഭ ചരിത്രമുള്ള കേരളത്തിന്റെ കാര്യമെടുക്കാം. 2017 സെപ്റ്റംബറിൽ കേരള സാഹിത്യഅക്കാദമി നീലേശ്വരത്ത് സംഘടിപ്പിച്ച "കടലെഴുത്തുകൾ" എന്ന പഠനസമ്മേളനത്തിന്റെ കാര്യപരിപാടിയിലൂടെ, അവിടെ ചർച്ച ചെയ്യപ്പെട്ട വിഷയങ്ങളിലൂടെ, കടന്നു പോവുകയുണ്ടായി. "മീൻരുചി" എന്ന സെഷനിൽ വീട്ടമ്മമാർ പാചകാനുഭവം പങ്കുവെച്ചതായിരുന്നു ഈ പഠനസമ്മേളനത്തിലെ ഏകസ്ത്രീസാന്നിധ്യം! 2015ൽ മാധ്യമം ആഴ്ചപ്പതിപ്പ് തങ്ങളുടെ വാർഷികപ്പതിപ്പിൽ കേരളത്തിലെ തുറമുഖ നഗരങ്ങളെപ്പറ്റി പ്രസിദ്ധീകരിച്ച ലേഖനപരമ്പര "കാലദേശങ്ങളുടെ എഴുത്തടയാളങ്ങൾ" നോക്കുക. ഫാസിൽ, എൻ.ശശിധരൻ, പി.എഫ്. മാത്യൂസ്, പി. എൻ. ഗോപീകൃഷ്ണൻ, ജി. ആർ. ഇന്ദുഗോപൻ എന്നിവരുടെ ലേഖനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ട ഈ ലക്കത്തിൽ ഒറ്റയ്ക്കെങ്കിലും ഒരു സ്ത്രീയുടെ പോലും അനുഭവങ്ങൾ ചർച്ചയാക്കപ്പെട്ടില്ല. ഏതാനും ചില ഉദാഹരണങ്ങൾ മാത്രമാണിവ. അതുകൊണ്ടുകൂടിയാണ് തുറമുഖ നഗരമായ കൊച്ചി വേദിയായ, കൊച്ചി-മുസിരിസ് ബിനാലെയിലെയും, മട്ടാഞ്ചേരി ഉരു ആർട്ട് ഹാർബറിലെയും പ്രദർശനങ്ങളിൽ ജലജ പി. എസ്., ശോശ ജോസഫ് എന്നിവരുടെ

**സമ്മേളനത്തിന്റെ കാര്യപരിപാടിയിലൂടെ, അവിടെ ചർച്ച ചെയ്യപ്പെട്ട വിഷയങ്ങളിലൂടെ, കടന്നു പോവുകയുണ്ടായി. "മീൻരുചി" എന്ന സെഷനിൽ വീട്ടമ്മമാർ പാചകാനുഭവം പങ്കുവെച്ചതായിരുന്നു ഈ പഠനസമ്മേളനത്തിലെ ഏകസ്ത്രീസാന്നിധ്യം!**

സാന്നിധ്യങ്ങൾ ശ്രദ്ധേയമാകുന്നത്.

കേരളത്തിലെ സ്ത്രീകൾക്ക് കടലനുഭവങ്ങൾ ഇല്ലാത്തതോ , സ്ത്രീകൾ കടലിനെക്കുറിച്ച് എഴുതാത്തതോ ആണോ മുഖ്യധാരാ സാഹിത്യ/ സാംസ്കാരിക പഠനങ്ങൾ ഈ അനുഭവങ്ങളെ റദ്ദ് ചെയ്യുന്നതോളം വരുന്ന ഈ അശ്രദ്ധയും അവഗണനയും? അല്ലെന്നാണ് തീർച്ചയായും ഉത്തരം. കടലിനെക്കുറിച്ച്, കടൽ യാത്രകളെക്കുറിച്ചു, സ്ത്രീകൾ രചിച്ച ഭാവനാസൃഷ്ടമായതും അല്ലാത്തതുമായ എത്രയോ കൃതികൾ, പഠനങ്ങൾ പുറത്ത് വന്നിരിക്കുന്നു. ഇന്ദു മേനോന്റെ കപ്പലിനെക്കുറിച്ചൊരു വിചിത്ര പുസ്തകം, സെസിലിയ ബസ്ബൈയുടെ The Performance of Gender: An Anthropology of Everyday Life in a South Indian Fishing Village എന്നിവ ചില ഉദാഹരണങ്ങൾ മാത്രം.

ഈ ചോദ്യങ്ങളാണ്, നിരീക്ഷണങ്ങളാണ്, വായനാനുഭവങ്ങളാണ് പ്രമുഖ സർവകലാശാലകളുടെ സമുദ്രസാഹിത്യ സിലബസ്സുകളിലേക്ക് എത്തിനോക്കാൻ പ്രേരിപ്പിച്ചത്. കാനോനികപഠനങ്ങളിൽ കുടുങ്ങിക്കിടന്നിരുന്ന പാഠ്യപദ്ധതികൾ സവിശേഷമേഖലകളിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്നു എന്ന മാറ്റത്തെ ധനാത്മകമായി ഉൾക്കൊണ്ട് തന്നെയാണ് ഇനിയുള്ള വിമർശനത്തിന് മുതിരുന്നതും. പ്രൊഫസ്സർ ഡൻകൻ ഹേസൽ അമേരിക്കയിലെ റൈസ് യൂണിവേഴ്സിറ്റിയിൽ നൽകിയ Literature of the Sea എന്ന കോഴ്സിന്റെ ആമുഖത്തിൽ ഇങ്ങനെ പറയുന്നു:

"സമുദ്രം ലിംഗ-വംശ- വർഗ്ഗ-ദേശീയതകളിൽ എപ്രകാരം സ്വാധീനം ചെലുത്തുന്നു എന്ന് അപഗ്രഥിക്കലാണ് ഈ കോഴ്സ് ലക്ഷ്യമാക്കുന്നത്." എന്നാൽ ഇതേ കോഴ്സിന്റെ സിലബസിലേക്ക് നോക്കൂ; ഒരൊറ്റ സ്ത്രീ എഴുത്തുകാരില്ല.

കാലിഫോർണിയ സ്റ്റേറ്റ് യൂണിവേഴ്സിറ്റിക്ക് വേണ്ടി പ്രൊഫസർ കോളിൻ ഡ്യൂയി രൂപകൽപന നൽകിയ World Literature of the Sea യിലും കാണാൻ കഴിയുന്നില്ല സ്ത്രീസാന്നിധ്യം.

വിസ്കോൺസിൻ യൂണിവേഴ്സിറ്റിയുടെ The Novel and the Sea എന്ന കോഴ്സിന്റെ ആമുഖത്തിൽ പ്രൊഫസ്സർ ആൻഡ്രൂ കിൻകയിഡ് എഴുതുന്നു: "സാഹസികത, ചിന്താമഗ്നത എന്നിവയെ പ്രതിനിധീകരിക്കാൻ ആധുനികതയും ആധുനികതാവാദവും സമുദ്രസംബന്ധമായ രൂപകങ്ങൾ എപ്രകാരം ഉപയോഗിക്കുന്നു എന്ന് -പ്രത്യേകിച്ചും ചിന്താമഗ്നതയെപ്പറ്റി - വിർജീനിയ വൂൾഫിന്റെ To the Lighthouse, The Waves എന്നീ കൃതികളിലൂടെ വായിച്ചെടുക്കാം" എന്ന്. ലേഖനത്തിന്റെ ആദ്യഭാഗത്ത് സൂചിപ്പിച്ചിരുന്നുവല്ലോ സമുദ്രത്തിൽ, സമുദ്ര മേഖലയിൽ, കർമ്മനിരതരായിരിക്കുന്ന സ്ത്രീകളെപ്പറ്റിയുള്ള സാഹിത്യസംവാദങ്ങളുടെ അഭാവത്തെപ്പറ്റി. കിൻകയിഡിന്റെ ആമുഖവും വിശദീകരണവും ഈ പ്രസ്താവന സാധൂകരിക്കുന്നു. ഇവിടെയാണ് ടെക്സാസ് എ.എം. യൂണിവേഴ്സിറ്റിക്ക് വേണ്ടി പ്രൊഫസർ സ്റ്റീഫൻ കെർലിയും മിഡിൽബെറി കോളേജിനു വേണ്ടി ഡാൻ ബ്രൈറ്റനും യഥാക്രമം രൂപകൽപന ചെയ്തിരിക്കുന്ന Literature of the Sea, Maritime Literature and Culture എന്നീ കോഴ്സുകൾ വ്യത്യസ്തമാകുന്നത്. പ്രൊഫസ്സർ കെല്ലി റേച്ചൽ കാഴ്സണെയും പ്രൊഫസ്സർ ബ്രൈറ്റൻ ലിൻഡ ഗ്രീൻലായേയും തങ്ങളുടെ സിലബസ്സിൽ ഉൾപ്പെടുത്തിരിക്കുന്നു. പരിസ്ഥിതി പ്രവർത്തകയായ കാഴ്സൺന്റെ Under the Sea-Wind, കിഴക്കൻ അമേരിക്കൻ തീരത്തെ ഒരേയൊരു വനിതാ സ്വോർഡ്-ഫിഷ് (കൊമ്പൻ സ്രാവ്) ബോട്ട് ക്യാപ്റ്റനായ, ഗ്രീൻലായുടെ The Hungry Ocean എന്നിവയാണ് ഈ പുസ്തകങ്ങൾ. The Encyclopedia of American Literature of the Sea and the Lakes ലേക്ക് മടങ്ങിപ്പോകുമ്പോൾ മനസ്സിലാകുന്ന ഒരു കാര്യം ഇവ മാത്രമല്ല സമുദ്രസാഹിത്യത്തിലെ പെണ്ണെഴുത്തുകൾ എന്നാണ്. തുടക്കത്തിൽ സൂചിപ്പിച്ച പേരുകൾക്ക് പുറമെ റൂത്ത് മോർ, സൂസൻ കെന്നി, ഒടുവിൽ ഉർസുല കെ. ലെഗ്വിൻ വരെ സമുദ്ര-സാഹിത്യ പാരമ്പര്യത്തിന്റെ ഭാഗമാണ്. നമ്മുടെ പാഠ്യപദ്ധതികളും സാംസ്കാരിക പഠനങ്ങളും നമ്മുടെ സമുദ്രവായനകൾ തന്നെയും, ഇവരെക്കൂടി ഉൾക്കൊള്ളുവാൻ പ്രാപ്തമാകുമ്പോൾ മാത്രമേ പൂർണ്ണമാവുകയുള്ളൂ.

**തുടക്കത്തിൽ സൂചിപ്പിച്ച പേരുകൾക്ക് പുറമെ റൂത്ത് മോർ, സൂസൻ കെന്നി, ഒടുവിൽ ഉർസുല കെ. ലെഗ്വിൻ വരെ സമുദ്ര-സാഹിത്യ പാരമ്പര്യത്തിന്റെ ഭാഗമാണ്. നമ്മുടെ പാഠ്യപദ്ധതികളും സാംസ്കാരിക പഠനങ്ങളും നമ്മുടെ സമുദ്രവായനകൾ തന്നെയും, ഇവരെക്കൂടി ഉൾക്കൊള്ളുവാൻ പ്രാപ്തമാകുമ്പോൾ മാത്രമേ പൂർണ്ണമാവുകയുള്ളൂ.**

***ഗ്രന്ഥസൂചി***

Busby, Cecelia. The Performance of Gender: An Anthropology of Everyday Life in a South Indian Fishing Village. The Athlone Press, 2000.

Carson, Rachel. Under the Sea-Wind. 1941. Penguin Classics, 2007.

Fowles, John. The French Lieutenant's Woman. Vintage, 1996.

Gidmark, Jill B., editor. The Encyclopedia of American Literature of the Sea and the Lakes. Greenwood Press, 2001.

Greenlaw, Linda. The Hungry Ocean. Hachette Books, 2000.

Menon, Indu. കപ്പലിനെക്കുറിച്ചൊരു വിചിത്ര പുസ്തകം. DC Books, 2015.

Woolf, Virginia. To the Lighthouse. 1927. Albatross Publishers, 2017.

The Waves. 1931. Harvest Books, 1978.

വെബ്സൈറ്റ്സ്

Searchable Sea Literature. http://sites.williams.edu/searchablesealit/

Literature of the Sea (Duncan Hasell). http://www.ruf.rice.edu/~dihasell/syllabus.html

World Literature of the Sea.

https://www.academia.edu/9371548/World Literature of the Sea Spring term 2014

The Novel and the Sea. https://www4.uwm.edu/schedule/syllabi/216933706.pdf

Literature of the Sea (Stephen Curley). Link broken, PDF available

ചർച്ചാവിഷയം

**സോമി സോളമൻ**



**ടാൻസാനിയയിലെ കിച്ചൻഗാനി കമ്മ്യൂണിറ്റി ലൈബ്രറിയും പാഠശാലയും നടത്തുന്നു.**

# കടൽ കടത്തപ്പെട്ട പെണ്ണുങ്ങൾ



**ചരിത്രത്തിൽ എവിടെയും അടയാളപ്പെടുത്താതെ പോയ പെൺപോരാട്ടങ്ങളാണ് അടിമകളാക്കപ്പെട്ട സ്ത്രീകൾ നടത്തിയ പ്രതിരോധങ്ങൾ. ആ കറുത്ത പെണ്ണുങ്ങളുടെ പോരാട്ടങ്ങളാണ്, വംശീയ വെറിക്കെതിരെയും നീതി നിഷേധങ്ങൾക്കെതിരെയും ഉള്ള ആധുനിക സമരങ്ങളുടെ അടിത്തറ.**

ജമൈക്കയിൽ നൃഭിങ്കി നയിച്ച മറൂണുകൾ ബ്രിട്ടീഷുകാരെ കീഴ്പ്പെടുത്തി അടിമക്കച്ചവടക്കാർക്കെതിരെ ഉടമ്പടികൾ ഒപ്പുവെക്കാൻ അവരെ നിർബന്ധിച്ചു (1738) നൈജീരിയയിൽ സ്ത്രീകളുടെ ശരീരങ്ങളുടെ മേൽ ചുമത്തിയ ( ടാക്സ് ഓൺ ട്രീസ് ദാറ്റ് ബേർ ഫ്രൂട്ട് ,) നികുതിക്കെതിരെ സ്ത്രീകൾ ആയുധങ്ങൾ എടുത്തു, ബ്രിട്ടീഷ് ഭരണ സംവിധാനങ്ങളുടെ പ്രതിനിധികളുടെ ഭരണസിരാ കേന്ദ്രങ്ങൾ അടിച്ചു തകർത്തു. ഭയന്ന ഭരണകൂടം സ്ത്രീകളുടെ ശരീരത്തിന്റെ മുകളിലുള്ള നികുതി എടുത്തു മാറ്റി .

ചരിത്രത്തിൽ എവിടെയും അടയാളപ്പെടുത്താതെ പോയ പെൺപോരാട്ടങ്ങളാണ് അടിമകളാക്കപ്പെട്ട സ്ത്രീകൾ നടത്തിയ പ്രതിരോധങ്ങൾ. ആ കറുത്ത പെണ്ണുങ്ങളുടെ പോരാട്ടങ്ങളാണ്, വംശീയ വെറിക്കെതിരെയും നീതി നിഷേധങ്ങൾക്കെതിരെയും ഉള്ള ആധുനിക സമരങ്ങളുടെ അടിത്തറ.

മുപ്പതു വയസിനു താഴെയുള്ള , ആരോഗ്യമുള്ള, സ്ത്രീകളെ , അവരുടെ കുടുംബങ്ങളിൽ നിന്നും കുഞ്ഞുങ്ങളിൽ നിന്നും, പരിചിതമായ എല്ലാ സാമൂഹികബന്ധങ്ങളിൽ നിന്നും പൂർണമായും പറിച്ചെടുത്താണ് ചങ്ങലകളിൽ പൂട്ടി അടിമച്ചന്തകളിൽ എത്തിച്ചിരുന്നത്. പല സ്ഥലങ്ങളിൽ നിന്നുള്ളവർ, പല ഗോത്രങ്ങൾ , പല ഭാഷകൾ, ഗർഭിണികൾ, ആർത്തവരക്തമൊഴുക്കി നിൽക്കുന്നവൾ അങ്ങനെ ആരോഗ്യമുള്ള പെൺശരീരങ്ങളെ എല്ലാം പൂർണമായും അപരിചതമായ , ഒരിക്കൽ കണ്ടിട്ടോ , അനുഭവിച്ചിട്ടോ



ഇല്ലാത്ത കടൽ യാത്രകളിലേയ്ക്കു ചങ്ങലകളിൽ പൂട്ടി , കപ്പലിന്റെ അടിത്തട്ടിലേക്ക് വാരിയെറിയുകയായിരുന്നു. ആരോഗ്യമുള്ള ശരീരങ്ങൾ പ്രതിരോധങ്ങൾ തീർക്കാതിരിക്കാൻ ഒരാളുടെ കാലുകളെ മറ്റൊരാളുടെ കാലുകളുമായി കൂട്ടിക്കെട്ടിയിട്ടുണ്ടാകും . മലത്തിലും , മൂത്രത്തിലും, ഞെരിഞ്ഞമർന്ന ശരീരങ്ങൾ, ചിലതു ജീവൻ നിലച്ചു പോകും. ജീവൻ നിലച്ച ശരീരങ്ങളെ കടലിലേക്ക് എറിഞ്ഞു കളയും .

ചിലർ ചങ്ങലകൾ പൊട്ടിച്ചെറിയാൻ ശ്രമിക്കും. അവളെ കാവൽക്കാർ തലകീഴായി കെട്ടിത്തൂക്കി യോനിയിൽ കമ്പുകൾ കയറ്റും. അല്ലെങ്കിൽ തൊലി ഉരിഞ്ഞു പോകും വരെ ക്രൂരമായ പീഡനങ്ങൾക്കിരയാക്കും. മനുഷ്യത്വ രഹിതമായ ക്രൂരപീഡനങ്ങളെ അതിജീവിക്കുന്നവർ ഒരിക്കലും മടങ്ങാൻ കഴിയാത്ത ആ യാത്ര പൂർത്തിയാക്കി കരയിൽ എത്തും. ആ കപ്പൽയാത്രയുടെ അവസാനം അടിമച്ചന്തകളിലെ ചരക്കുകളായി മാറിയ പെൺശരീരങ്ങൾ. കൈവിലങ്ങുകളിലും, കാൽ വിലങ്ങുകളിലും പൂട്ടിയിട്ട പെൺശരീരങ്ങളുടെ അളവുകൾ , വ്യാപ്തികൾ എല്ലാം കൃത്യമാണോ എന്ന് അളന്നു തിട്ടപ്പെടുത്തി അടിമക്കച്ചവടക്കാർ നല്ല വില നൽകുന്നവർക്ക് വിൽക്കും. ഭയന്ന് വിറച്ചു, മാനസിക ശാരീരിക സംന്തുലനം നഷ്ടപെട്ട വെറും ജീവൻ മാത്രം നിലനിൽക്കുന്ന ആ ശാരീരങ്ങളെ ഉടമയുടെ ആവശ്യമനുസരിച്ച് തോട്ടങ്ങളിൽ, ഖനികളിൽ, കെട്ടിടപണികളിൽ , വീട്ടുജോലികളിൽ , ലൈംഗികവേലകൾക്കു അങ്ങനെ കൂലിയില്ലാത്ത തൊഴിലിടങ്ങളിലേക്കായി പകുത്തെടുക്കും , രക്ഷപ്പെടാനുള്ള ഒരു മാർഗവും മുന്നിലേക്കുണ്ടാകില്ല എന്ന ബോധ്യത്തിൽ നിന്നും നരകതുല്യമായ ജീവിതസാഹചര്യങ്ങളെ പെണ്ണുങ്ങൾ അതിജീവിക്കുന്നത്, പ്രതിരോധിക്കുന്നത് പാട്ടിലൂടെയും ആട്ടത്തിലൂടെയുമാണ് .

കടലുകൾക്കപ്പുറത്ത് കാത്തിരിക്കുന്ന മനുഷ്യരെ, കൈവിട്ടദൈവങ്ങളെ എല്ലാം പാട്ടിലൂടെ ഉണർത്താൻ ശ്രമിക്കും . അവർക്കു മാത്രം മനസിലാകുന്ന ഭാഷയിൽ രക്ഷപ്പെടാനുള്ള സാധ്യതകളെ അന്വേഷിക്കും. വായ്പ്പാട്ടുകളിൽ രക്ഷപെടാനുള്ള മാർഗ്ഗങ്ങൾ, സന്ദേശങ്ങൾ ഒക്കെ ഉണ്ടാകും. സംഗീതത്തെ ഒരു പ്രതിരോധ ഉപകരണമാക്കും. പണിക്കാർ പാട്ടുകൾ ഏറ്റുപാടുമ്പോൾ, തങ്ങളുടെ ആശയങ്ങൾ , സന്ദേശങ്ങൾ, വേദനകൾ, പദ്ധതികൾ എല്ലാം മറ്റുള്ളവരിലേക്ക് എത്തിക്കുന്ന ഉപകരണമായി പാട്ടുകൾ മാറും. നൂറ്റാണ്ടുകൾക്കിപ്പുറം ബിയോൺസ് ഉപയോഗിച്ചതും സംഗീതമെന്ന പ്രതിരോധത്തിന്റെ ഭാഷയാണ്.


ശരീരങ്ങളുടെ അവകാശം ഉടമസ്ഥൻമാർക്കായിരുന്നു. ഉടമസ്ഥർ തീരുമാനിക്കുന്നവരുമായി നിർബന്ധിത ശാരീരിക ബന്ധങ്ങളിൽ ഏർപ്പെട്ട് കൂടുതൽ അടിമക്കുട്ടികളെ ഉണ്ടാക്കുന്ന യന്ത്രങ്ങളായിരുന്നു പെൺശരീരങ്ങൾ. നിരന്തരമായുള്ള പ്രസവങ്ങൾ, മുലകുടി മാറും മുൻപേ കുഞ്ഞുങ്ങളിൽ നിന്നുള്ള വേർപിരിയലുകൾ, കഠിനമേറിയ

തൊഴിലിടങ്ങളിലെ ലിംഗവ്യത്യാസമില്ലാതെയുള്ള തൊഴിലുകൾ ഇവയെല്ലാം പുരുഷനൊപ്പം അടിമപ്പണി ചെയ്യുന്ന ശരീരമായി പെൺശരീരങ്ങളെ മാറ്റി . അതൊരു സാമൂഹിക സമത്വത്തിലേക്കുള്ള മാറ്റം കൂടിയായിരുന്നു. പുരുഷനും സ്ത്രീയും ഒരുമിച്ചു പണിയെടുത്തു . ഒരുമിച്ചു ക്രൂരതകൾക്കും ചൂഷണങ്ങൾക്കും വിധേയമായി. അതു കൊണ്ടു തന്നെ ലിംഗവ്യത്യാസമില്ലാത്ത ഒരു സാമൂഹിക സംവിധാനം രൂപപ്പെട്ടു വന്നു. അതിപ്പോഴും ആഫ്രോ അമേരിക്കൻ, ആഫ്രോ- കരീബിയൻ സമൂഹങ്ങളിൽ നിലനിൽക്കുന്നതായി കാണാം. ചൂഷണങ്ങളിൽ നിന്ന് തന്റെ കുഞ്ഞുങ്ങളെയെങ്കിലും രക്ഷിക്കാമെന്നു കരുതി രക്ഷപെടാൻ ശ്രമിക്കുന്ന മാർഗരറ്റ് ഗാർനെറ് , നാലാമത്തെ കുഞ്ഞിനെ നിറവയറ്റിലുമായി മറ്റു മൂന്നു കുഞ്ഞുങ്ങളുമായി അവൾ തടവറയിൽ നിന്നും രക്ഷപെടാൻ ശ്രമിക്കുന്നു . എന്നാൽ അവളുടെ ഉടമസ്ഥൻ അവളെ തിരഞ്ഞു കണ്ടുപിടിക്കുന്നു. കുഞ്ഞുങ്ങളെ അയാൾക്ക് കൊടുക്കാതെ കഴുത്തറുത്തു കൊന്നുകളയുന്നു. എന്റെ കുഞ്ഞുങ്ങളെ നരകത്തിലേക്ക് വിട്ടു കൊടുക്കില്ലെന്നും എന്റെ ശരീരവും എന്റെ കുഞ്ഞുങ്ങളും എന്റേതാണെന്നും അവൾ ഉറക്കെ പ്രഖ്യാപിക്കുന്നു. അവളെ പിന്നീട് കെന്റക്കിയിൽ നിന്നും മറ്റൊരു തോട്ടം മുതലാളിക്ക് വിൽക്കുന്നു . അങ്ങനെ സ്വന്തം ശരീരങ്ങളുടെ മേൽ ഉള്ള കടന്നു കയറ്റങ്ങൾ പ്രതിരോധിക്കാനുള്ള ശ്രമങ്ങൾ പെൺ ശരീരങ്ങൾ തുടരുന്നു താരാട്ടു പാട്ടുകളിൽ പോലും അതിജീവനത്തിന്റെ കഥകൾ ആയിരുന്നു അവർ പാടിക്കൊടുത്തിരുന്നത്.



മാതൃത്വം എന്നതു രാഷ്ട്രീയമായ ശാക്തീകരണത്തിന്റെ ഒരു ഉപകരണമാക്കി അമ്മമാർ മാറ്റുകയായിരുന്നു. പേരെടുക്കാനും , നെയ്തു ഉടുത്തുതുണി ഉണ്ടാക്കാനും പെറ്റു വളർത്താനും പരസ്പരം സഹായിക്കാനായി അവർ പെൺകൂട്ടങ്ങൾ ഉണ്ടാക്കുന്നു. കടലിനപ്പുറം ഉപേക്ഷിച്ച സംസ്കാരം, വിശ്വാസം, എല്ലാം അവരുടെ കൂട്ടായ്മകളിലൂടെ അടുത്ത തലമുറയ്ക്ക് കൈമാറാൻ ശ്രമിക്കുന്നു. പോരാട്ടത്തിന്റെ, അതിജീവനത്തിന്റെ കഥകൾ പറഞ്ഞു ഉറക്കാൻ ശ്രമിക്കുന്നു .

പരസ്പരം താങ്ങാനായി നിൽക്കുന്ന പെൺകൂട്ടങ്ങളെ എല്ലായിടങ്ങളിലും കാണാമായിരുന്നു . പെണ്ണുങ്ങളുടേതു മാത്രമായ കൂട്ടങ്ങൾ അവർ ഉണ്ടാക്കിയെടുക്കാൻ ശ്രദ്ധിച്ചിരുന്നു. നേടിയെടുക്കാൻ കഴിയുന്നതെല്ലാം നേടിയെടുക്കണമെന്നും അക്ഷരങ്ങളും, എഴുത്തും, വായനയും സ്വാതന്ത്ര്യത്തിലേക്കുള്ള വഴികാട്ടികളാണെന്നും മനസിലാക്കിയത് ഈ പെൺകൂട്ടങ്ങളാണ് .അങ്ങനെ അടിമകളാക്കപ്പെട്ട പെൺശരീരങ്ങൾ നടത്തുന്ന അതിജീവനത്തിന്റെ ശാക്തീകരണം. അതാണ് പിന്നീട് വർണ വെറിക്കെതിരായുള്ള പോരാട്ടങ്ങൾക്ക് തിരി കൊളുത്തിയത്, അടിമത്വത്തിനെതിരെ , മനുഷത്വഹീനതകൾക്കെതിരെ പോരാട്ടങ്ങൾ ഈ പെൺകൂട്ടങ്ങളിൽ നിന്നാണ് പിറവിയെടുത്തത് . അടിമകളാക്കപെട്ട മനുഷ്യരെ സ്വാതന്ത്ര്യത്തിന്റെ ലോകത്തേക്ക് നയിച്ച ഹാരിയറ്റ് ട്യൂബുമാൻ, സൊജേർണർ ട്രൂത് എല്ലാം ഇത്തരം പെൺകൂട്ടങ്ങളുടെ സൃഷ്ടികളാണ് . കടൽകടത്തപ്പെട്ട കറുത്ത പെണ്ണുങ്ങൾ കിളച്ചുണ്ടാക്കിയ മാറ്റത്തിന്റെ വഴികളിലൂടെയാണ് ആധുനിക സമരങ്ങളെല്ലാം കടന്നു പോകുന്നത് .



# വാസ്തവം



ഡോ.ജാൻസി ജോസ്

ചർച്ചാവിഷയം

അപർണ്ണ പ്രശാന്തി



**ഗവേഷക മാതൃഭൂമിയിലും അഴിമുഖത്തിലും സ്ഥിരമായി എഴുതുന്നു. ചലച്ചിത്രത്താഴ് എന്ന പുസ്തകത്തിന് കോഴിക്കോടൻ പുരസ്ക്കാരത്തിന് അർഹയായി.**



# കടൽച്ചിത്രങ്ങൾ

“പ്രിയപ്പെട്ടവളെ... ക്ഷീണമില്ലാത്ത തിരയെ പോലെ ജീവിക്കുക.. കടലിനെ പോലെ ആയുസ്സുള്ളവളാകുക”- ചാർളി ക്വീൻ മേരിയോട് പറഞ്ഞ ഈ സംഭാഷണമായിരിക്കാം സമീപ കാലത്ത് മലയാള സിനിമയിൽ കേട്ട പ്രേക്ഷകർക്ക് പ്രിയപ്പെട്ട കടലോർമ്മ. കല്പനയുടെ മുറിവ് ബാക്കിയാക്കിയായ ആ കഥാപാത്രവും തുടർന്ന് സംഭവിച്ച അവരുടെ അപ്രതീക്ഷിത മരണവും ഒക്കെ കൊണ്ടാവാം ആ രംഗം പ്രേക്ഷകർക്കു മറക്കാൻ പറ്റാത്തത്. കടലിന്റെ പശ്ചാത്തലം കൊണ്ടുകൂടിയാണ് ആ രംഗം ഒരു വലിയ മുറിവുണ്ടാക്കുന്നത്. കടലാഴങ്ങളിലേക്കു മറഞ്ഞു പോകുന്ന ക്വീൻ മേരിയുടെ ഒറ്റ രംഗം ഒരുപാട് വേദനകൾ പറയാതെ പറഞ്ഞു. സിനിമക്ക് മൊത്തം കടലുമായി ബന്ധമില്ലെങ്കിലും ആ രംഗത്തെ സിനിമക്കപ്പുറം നിർത്തുന്നതിൽ കടലാഴം വഹിച്ച പങ്കു ചില്ലറയല്ല. മലയാള സിനിമയിലെ കടൽ കാഴ്ചകളെക്കുറിച്ച് പറയുന്നതിന്റെ ഏറ്റവും പുതിയ ഓർമ ചാർളിയിലെ ഈ രംഗമാണെങ്കിൽ കടൽ നിറഞ്ഞ ഓർമകൾക്ക് ഒരുപാട് പഴക്കമുണ്ട്.

ചെമ്മീൻ തന്നെയാവും ഏറ്റവും വലിയ കടലോർമ്മ. അന്തർദേശീയ തലത്തിൽ വരെ ചർച്ചയായ തീമും മേക്കിങ്ങും മാത്രമല്ല ഒരു തലമുറയുടെ മുഴുവൻ പ്രണയവിരഹങ്ങളുടെ പ്രതിനിധീകരണവും ചെമ്മീനിനു ലഭിച്ചു. ‘പരിശുദ്ധയായി ’ കാത്തിരിക്കുന്ന അരയത്തിപ്പെണ്ണിന്റെ മിത്തിനെ ആശ്രയിച്ചായിരുന്നു ചെമ്മീൻ തകഴി എഴുതിയത്. നോവലിനേക്കാൾ കൂടുതൽ സിനിമ ആ മിത്തിനെ ആശ്രയിച്ചു. പിന്നീട് ഈ മിത്തും സിനിമയുടെ മനോഭാവവും പ്രശ്നവത്ക്കരിക്കപ്പെട്ടു. പക്ഷെ അന്നത്തെ കാലത്തെ അതിജീവിച്ച സിനിമയുടെ സാങ്കേതിക മികവും മേക്കിങ് രീതികളും ഇന്നും

**ചെമ്മീൻ തന്നെയാവും ഏറ്റവും വലിയ കടലോർമ്മ. അന്തർദേശിയ തലത്തിൽ വരെ ചർച്ചയായ തീമും മേക്കിങ്ങും മാത്രമല്ല ഒരു തലമുറയുടെ മുഴുവൻ പ്രണയ വിരഹങ്ങളുടെ പ്രതിനിധീകരണവും ചെമ്മീനിനു ലഭിച്ചു. 'പരിശുദ്ധയായി ' കാത്തിരിക്കുന്ന അരയത്തിപ്പെണ്ണിന്റെ മിത്തിനെ ആശ്രയിച്ചായിരുന്നു ചെമ്മീൻ തകഴി എഴുതിയത്.**

അതിശയമാണ്. 1965 ൽ ഇറങ്ങിയ ഈ സിനിമ അര നൂറ്റാണ്ടിനിപ്പുറവും മലയാള സിനിമയുടെ കടലോർമ്മകളിൽ ഏറ്റവുമാദ്യം കടന്നു വരുന്നതും അതുകൊണ്ടാണ്. കടലിലെ ഓളവും കരളിലെ മോഹവും അടങ്ങുകില്ല എന്ന മാനസ മൈനേ വരികളും കടാപ്പുറത്ത് പാടി പാടി മരിക്കുന്ന കൊച്ചു മുതലാളിയും എല്ലാ വികലാനുകരണങ്ങൾക്കും അപ്പുറം വലിയ വിരഹ ഓർമയാണ്. കടൽ പശ്ചാത്തലമാകാത്ത അധിക



വന്നിരുന്നു. കെ. എസ്. സേതുമാധവൻ എം. ടി. കൂട്ടുകെട്ടിൽ വന്ന കന്യാകുമാരിയിലൂടെയാണ് കമൽഹാസൻ ആദ്യമായി നായക പദവിയിലെത്തിയത്. കന്യാകുമാരി കടൽ തീരവും അവിടത്തെ ചെറുകിട കച്ചവടങ്ങളും ഒക്കെ ആണ് ആ സിനിമയുടെ പശ്ചാത്തലം. കന്യാകുമാരിയിൽ ഒരു കവിത എന്നൊരു സിനിമയും കന്യാകുമാരിയുടെ കടൽ പശ്ചാത്തലത്തിൽ പുറത്തുവന്നിരുന്നു. പ്രണയവും കലയും ഉന്മാദവും ഒക്കെയാണ് സിനിമ സംസാരിക്കുന്നത്.

കടലിനെ വളരെ തീവ്രമായി ഓർമിപ്പിക്കുന്ന മറ്റൊരു സിനിമ മൂന്നാംപക്കമാണ്. പത്മരാജന്റെ, ജയറാമിന്റെ, തിലകന്റെ ഒക്കെ കരിയറിലെ ഏറ്റവും

**എന്തായാലും കടലിനെ മലയാള സിനിമയിൽ ഏറ്റവും ക്രിയാത്മകമായും പ്രതീകാത്മകയും ഉപയോഗിച്ച സിനിമ ചെമ്മീൻ തന്നെയാണെന്ന് സംശയമില്ലാതെ പറയാം. 1968 ൽ കടൽ എന്ന പേരിൽ ഒരു സിനിമ പുറത്തിറങ്ങി. കടലോര ജീവിതവും ദുരന്തങ്ങളും ഒക്കെയായിരുന്നു ആ സിനിമയുടെയും മുഖ്യപ്രമേയം.**

ശ്രദ്ധേയമായ സിനിമകളിൽ ഒന്ന്. കടൽ ഒരു ദുരന്ത സാന്നിധ്യമാണ് മൂന്നാംപക്കത്തിൽ. കടലെടുത്ത തന്റെ ഏറ്റവും പ്രിയപ്പെട്ട കൊച്ചുമോന്റെ ജഡം കിട്ടാൻ മൂന്നാംപക്കം വരെ നോക്കിയിരിക്കുന്ന, ആ കടലിലേക്ക് സ്വയം ഊളിയിട്ടിറങ്ങുന്ന മുത്തശ്ശൻ ആ സിനിമയെ വല്ലാതെ മുറിപ്പെടുത്തുന്ന ഒരു കാഴ്ച്ചാനുഭവമാകുന്നു. പാച്ചുവിന്റെ യൗവനവും ആഘോഷങ്ങളും ഓർമയും പ്രണയവും എല്ലാം കടൽ തീരവുമായി ബന്ധപ്പെട്ടുള്ളതാണ്. കടലിനെ മുറിവാണ് മുറിവിന്റെ സാക്ഷിയായും ഈ സിനിമയിൽ ഉപയോഗിച്ചിട്ടിട്ടുണ്ട്. കടലൊഴുക്കിന് മുന്നിലെ മനുഷ്യന്റെ നിസ്സഹായതയും ഏറ്റവും തീവ്രമായി ആവിഷ്കരിച്ച മലയാള സിനിമകളിൽ ഒന്നാണിത്. കടൽ, അരയ ജീവിതം ഇതൊക്കെ ക്ളീഷേകളായിരുന്ന സമയത്ത് ആ കഥാപരിസരവും പശ്ചാത്തലവും ഒക്കെ വിട്ടു കടൽ മറ്റു ചില നിലക്ക് ജീവിതത്തിന്റെ ഭാഗമായവരുടെ കഥ പറയുകയായിരുന്നു പത്മരാജൻ ചെയ്തത്. ആ സിനിമ ആവശ്യപ്പെടുന്ന വൈകാരിക തീവ്രത അത് പോലെ നൽകാൻ ഓരോ ദൃശ്യത്തിലുമുള്ള

രംഗങ്ങൾ സിനിമയിൽ ഇല്ല. പരീക്കുട്ടിയുടെയും കറുത്തമ്മയുടെയും പ്രണയവും പ്രണയനഷ്ടവും പളനിയുടെ ജീവൻ മല്ലിട്ടു നിൽക്കുന്ന രംഗവുമെല്ലാം കടൽ സാന്നിധ്യമൊന്നുകൊണ്ട് മാത്രമാവും പ്രേക്ഷകർ ഓർക്കുന്നത്. ഒരു പ്രണയ കഥയ്ക്ക് ചെമ്മീൻ എന്ന് പേരിട്ടതിന്റെ ആശയക്കുഴപ്പം ഷാരൂഖ് ഖാനും കാജോളും പങ്കു വെച്ചത് ഈയടുത്താണ്. ഇത്തരം നിരവധി ആശയക്കുഴപ്പങ്ങൾക്കിടയിലും ചെമ്മീൻ എന്ന സിനിമയുടെ, ക്രാഫ്റ്റിന്റെ, തിരക്കഥയുടെ ഒക്കെ ആത്മാവ് കടലാണെന്നു പറയേണ്ടി വരും. പ്രണയത്തിന്റെ, വിരഹത്തിന്റെ, മരണത്തിന്റെ ഒക്കെ പ്രതീകമായി ആ സിനിമയിൽ കടൽ നിറഞ്ഞു നിൽക്കുന്നു. ചെമ്മീനിനു തിരകൾക്കപ്പുറം എന്ന പേരിൽ ഒരു തുടർച്ചയുണ്ടായി. മഞ്ജു വാരിയർ മുഖ്യറോളിൽ അഭിനയിച്ച ആ സിനിമ ശ്രദ്ധിക്കപ്പെട്ടില്ല. പിന്നീട് ഉത്തര ചെമ്മീൻ എന്ന പേരിൽ മറ്റൊരു തുടർച്ചയുണ്ടായി. വേണ്ടത്ര തീയറ്ററുകളുകൾ പോലും കിട്ടാതെ ആ സിനിമയും ഇല്ലാതായി. എന്തായാലും കടലിനെ മലയാള സിനിമയിൽ ഏറ്റവും ക്രിയാത്മകമായും പ്രതീകാത്മകയും ഉപയോഗിച്ച സിനിമ ചെമ്മീൻ തന്നെയാണെന്ന് സംശയമില്ലാതെ പറയാം. 1968 ൽ കടൽ എന്ന പേരിൽ ഒരു സിനിമ പുറത്തിറങ്ങി. കടലോര ജീവിതവും ദുരന്തങ്ങളും ഒക്കെയായിരുന്നു ആ സിനിമയുടെയും മുഖ്യപ്രമേയം. ചിരിക്കുമ്പോൾ കൂടെ ചിരിക്കാൻ ആയിരം പേർ വരും എന്ന ഗാനത്തിലാണ് ഇന്നും ആ സിനിമയുടെ പ്രശസ്തി. കക്ക എന്നൊരു സിനിമയും കടൽ പശ്ചാത്തലത്തിൽ പുറത്തു

കടലിന്റെ സാന്നിധ്യം കൊണ്ട് മൂന്നാംപക്കത്തിന് സാധിച്ചു. കന്യാകുമാരിയെയും പരിസര പ്രദേശങ്ങളെയും മനോഹരമായി ഉപയോഗിച്ച സിനിമ കൂടി ആണിത്. പ്രണയത്തിനും മാതൃ പിതൃ ബന്ധത്തിനും അപ്പുറം വളരെ ആഴത്തിലുള്ള ഒരു ആത്മബന്ധത്തിന്റെ സംവേദന സാധ്യതകൾ ഉപയോഗിക്കാനും അത് പ്രേക്ഷകരിലേക്ക് എത്തിക്കാനും മൂന്നാംപക്കത്തിലെ കടലിന്റെ വിവിധ അവസ്ഥകൾ തന്നെയാണ് ഒരു പ്രധാന കാരണം. ശാന്തമായും ആസുരമായും ഒഴുകുന്ന കടൽ തന്നെയാണ് സിനിമയെ മുന്നോട്ടു നയിക്കുന്നത് എന്ന് പറയാം. മലയാളത്തിലെ ഏറ്റവും മികച്ച ക്രൈം സിനിമകളിൽ ഒന്നാണ് സീസൺ. പദ്മരാജൻ മോഹൻലാൽ കൂട്ടുകെട്ടിലെ ഒരു ക്ലാസിക് എന്ന് തന്നെ വിളിക്കപ്പെടാവുന്ന ഒന്ന്. കോവളം കടൽത്തീരം ആണ് സിനിമയിലെ ഒരു പ്രധാന ലൊക്കേഷൻ. പ്രണയവിരഹങ്ങൾക്കപ്പുറം ക്രൈം, പ്രതികാരം ഒക്കെ കടലിനെ ഉപയോഗിച്ച് നിർവഹിക്കുന്നു.സിനിമയുടെ മേക്കിങ്ങിനൊപ്പം കടലിന്റെ കൂടി വ്യത്യസ്തമായ സാധ്യതകളെ വളരെ ബുദ്ധിപൂർവമായ ഉപയോഗിക്കുന്നുണ്ട് പത്മരാജൻ സീസണിൽ. പലപ്പോഴും കാലത്തിനു മുന്നേ സഞ്ചരിച്ച സിനിമ എന്ന വിശേഷണം അർഹിക്കുന്ന സിനിമ കൂടിയാണ് സീസൺ. മണിരത്നത്തിന്റെ മലയാള സിനിമ എന്ന പേരിലാണ് ഉണരൂ ഓർക്കപ്പെടുന്നത്. വലിയ തോതിൽ ശ്രദ്ധിക്കപ്പെട്ടില്ലെങ്കിലും ഉണരൂ ഒരു രാഷ്ട്രീയ സിനിമയാണ്. ടി ദാമോദരന്റെ ശക്തമായ തിരക്കഥ ആണ് ഉണരൂവിന്റെ അടിത്തറ. കടൽത്തീരത്ത് അഴിമുഖം പണിയുന്നതും അതിനെതിരെ ഉള്ള സമരവും ഒക്കെയാണ് ആ സിനിമയുടെ കഥ. പ്രണയ വിരഹ കാല്പനികതയിൽ നിന്ന് വിപ്ലവത്തിന്റെ സമരത്തിന്റെ ഒക്കെ ഇടമായി കടലിനെ അടയാളപ്പെടുത്തിയ സിനിമ എന്ന രീതിയിൽ ആ സിനിമ പ്രാധാന്യമർഹിക്കുന്നു.

**മലയാളത്തിലെ ഏറ്റവും മികച്ച ക്രൈം സിനിമകളിൽ ഒന്നാണ് സീസൺ. പദ്മരാജൻ മോഹൻലാൽ കൂട്ടുകെട്ടിലെ ഒരു ക്ലാസിക് എന്ന് തന്നെ വിളിക്കപ്പെടാവുന്ന ഒന്ന്. കോവളം കടൽത്തീരം ആണ് സിനിമയിലെ ഒരു പ്രധാന ലൊക്കേഷൻ. പ്രണയ വിരഹങ്ങൾക്കപ്പുറം ക്രൈം, പ്രതികാരം ഒക്കെ കടലിനെ ഉപയോഗിച്ച് നിർവഹിക്കുന്നു. സിനിമയുടെ മേക്കിങ്ങിനൊപ്പം കടലിന്റെ കൂടി വ്യത്യസ്തമായ സാധ്യതകളെ വളരെ ബുദ്ധിപൂർവമായ ഉപയോഗിക്കുന്നുണ്ട് പദ്മരാജൻ സീസണിൽ.**



കടൽ, തുമ്പോളിക്കടപ്പുറം തുടങ്ങി ചെറുതും വലുതുമായ ഒരുപാട് ശ്രദ്ധേയമായ സിനിമകൾ പുറത്തിറങ്ങിയെങ്കിലും അമരമാണ് 90 കളിലെ ഏറ്റവും ശ്രദ്ധേയമായ കടലോർമ്മ. ഭരതന്റെ അമരം മമ്മൂട്ടിയുടെ അഭിനയ ജീവിതത്തിലെ ക്ലാസ്സിക്ക് ആയി അറിയപ്പെടുന്നു. അച്ചൂട്ടിക്ക് മകൾ മുത്ത് എന്ന് വിളിക്കുന്ന രാധയോടുള്ള സ്നേഹം ആണ് ഈ സിനിമയുടെ പ്രമേയം.

മത്സ്യത്തൊഴിലാളിയായ അച്ചൂട്ടി മലയാളികൾ എന്നും സ്നേഹത്തോടെ ഓർക്കുന്ന മമ്മൂട്ടി

കഥാപാത്രമാണ്. കടലുമായി ബന്ധപ്പെട്ട അതിജീവനവും നിലനിൽപ്പുമൊക്കെ ഈ സിനിമ ചർച്ച ചെയ്ത രീതി വിമർശക ശ്രദ്ധ നേടി.. കടൽ നിലനിൽപ്പും നിരാശയും ഒരു പോലെ ആകുന്നുണ്ട് അമരത്തിൽ. കടൽ ജീവിതങ്ങളുടെ അവതരണം, വസ്ത്രധാരണം ഒക്കെ സിനിമകൾ ടൈപ്പ് കാസ്റ്റ് ചെയ്തു അവതരിപ്പിച്ച രീതി ഒരു കാലത്ത് പ്രശംസയും പിന്നീട് വ്യാപകമായ വിമർശനങ്ങളും നേടി. മത്സ്യത്തൊഴിലാളികളുടെ ഭാഷ, വസ്ത്രം, ജീവിത രീതികൾ ഒക്കെ കാലാനുഗതമായി സ്വാഭാവികമായ മാറ്റത്തിന് വിധേയമായി. പക്ഷെ ചെമ്മീൻ മുതൽ ഇങ്ങോട്ട് മലയാള സിനിമ ആ മാറ്റത്തെ ഉൾക്കൊണ്ടിട്ടില്ല. ആ ഏകതാനത തന്നെയാണ് കടൽ സിനിമകളെ ഏറ്റവുമധികം പ്രേക്ഷകരിൽ നിന്നും അകറ്റുന്നത്.

21 -ാം നൂറ്റാണ്ടോടെ മലയാള സിനിമയുടെ ഭാവുകത്വം കുറെയൊക്കെ മാറി. 'പുതുതലമുറ ചിത്രങ്ങൾ' എന്ന വിളിപ്പേരുള്ള സിനിമകൾ കടൽ പോലുള്ള ബിംബങ്ങളിൽ നിന്ന് മാറി സഞ്ചരിച്ചു. മഹാസമുദ്രം പോലെ അപൂർവം സിനിമകൾ പഴയ രീതികളെ അതുപോലെ പിന്തുടർന്ന് ഇടക്ക് തീയറ്ററിൽ എത്തിയെങ്കിലും പ്രേക്ഷകർ തീരെ ശ്രദ്ധിച്ചില്ല. ചാന്തുപൊട്ടാണ് ആ കാലത്തിന്റെ കടലോർമ്മ. പിന്നീട് ഉയർന്നു വന്ന ജൻഡർ റോളുകളിൽ വലിയ ചർച്ച ആയ സിനിമയാണ് ചാന്തു പൊട്ട്. രാധ എന്ന് വിളിക്കുന്ന രാധാകൃഷ്ണന്റെ പെൺജീവിതത്തെപ്പറ്റി പറഞ്ഞ സിനിമ ചാന്തുപൊട്ട് എന്നൊരു പുതിയ അധിക്ഷേപം കൂടി ലിംഗവൈവിധ്യങ്ങൾക്കു നൽകി എന്ന വിമർശനത്തെ ഇന്നും ശക്തമായി നേരിടുന്നുണ്ട്. എന്തായാലും കടലാണ് ആ സിനിമയുടെ പശ്ചാത്തലം. കഥയെ മുന്നോട്ടു നയിക്കുന്നതും കടൽ ആണ്. കടലുമായി ചേർന്ന് ജീവിക്കുന്ന രണ്ടു തരം ജീവിതങ്ങളെ സമാന്തരമായി അടയാളപ്പെടുത്തുണ്ട് ആ സിനിമ. അറിഞ്ഞോ അറിയാതെയോ കടൽ എന്നോർക്കുമ്പോൾ ഈ സിനിമയും മനസ്സിൽ വരുന്നുണ്ട്. കേരളകഫെ ഒരു പരീക്ഷണ സിനിമയാണ്. പത്തു സംവിധായകരുടെ പത്തു സിനിമകൾ കൂട്ടിച്ചേർത്ത ഒരു പരീക്ഷണം. ശ്യാമ പ്രസാദിന്റെ ഓഫ് സീസൺ ആ പരീക്ഷണത്തിൽ കടൽ സിനിമയാണ്. ശ്യാമ പ്രസാദിന്റെ സംവിധാന രീതികളെ മൊത്തം തിരുത്തി എഴുതിയ ഒന്ന്. ഹാസ്യം മാത്രം കൈകാര്യം ചെയ്ത സുരാജിനെ നായകനാക്കിയ ആ സിനിമ ഇത്തരം പല വ്യത്യസ്തതകൾ കൊണ്ട് ശ്രദ്ധിക്കപ്പെട്ടിരുന്നു. ഹാസ്യവും കടലും വളരെ മനോഹരമായി ചേർന്ന് പോകുന്ന വളരെ ലഘുവായ കാഴ്ച സമ്മാനിക്കുന്ന ഒരു സിനിമയായിരുന്നു ഓഫ് സീസൺ. കടൽ കേന്ദ്രീകരിച്ചുള്ള ടൂറിസത്തിന്റെ ചില അവസ്ഥകളെ ആക്ഷേപഹാസ്യപരമായി നേരിടുന്ന സിനിമ കൂടിയാണ് ഇത്.

2010 മുതൽ വളരെ വിരളമായേ പോപ്പുലർ



മലയാള സിനിമ കടലിനെ ഉപയോഗിച്ചിട്ടുള്ളു. സിനിമയും കാഴ്ചശീലങ്ങളും വളരെ പെട്ടെന്ന് മാറിയതാവാം അതിന്റെ ഒരു പ്രധാന കാരണം സത്യൻ അന്തിക്കാട് സംവിധാനം ചെയ്ത പുതിയ തീരങ്ങൾ വളരെ ഉപരിപ്ലവമായ കാഴ്ചയും പശ്ചാത്തലവും ആക്കി കടലിനെ മാറ്റി. ലക്ഷദ്വീപിലെ കടൽ കാണിച്ച അനാർക്കലിയാണ് കുറെയൊക്കെ ഈയടുത്ത് കടൽ പശ്ചാത്തലമാക്കിയ ഒരു സിനിമ. പ്രണയവും കാത്തിരിപ്പും ഒക്കെയാണ് അനാർക്കലിയെ മുന്നോട്ടു നയിക്കുന്നത്. ലക്ഷദ്വീപിലെ ഭംഗിയുള്ള കടൽ കാഴ്ചകളും ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള മെയ്ക്കിങ്ങും ഒക്കെയായിരുന്നു ആ സിനിമയെ ചർച്ചയാക്കിയത്. പ്രണയത്തിന്റെ പ്രതീകം എന്നതിനപ്പുറം കടൽ പലപ്പോഴും ഒരു കെട്ടു കാഴ്ചയായി. സമാനമായ ഒരു സിനിമയാണ്

അത്രയൊന്നും ശ്രദ്ധിക്കപ്പെട്ടില്ലെങ്കിലും മോസയിലെ കുതിരമീനുകൾ. പ്രണയമാണ് ഈ സിനിമയിലും കടൽ പറയുന്നത്. മറിയം മുക്കിലെ സാങ്കല്പിക കടൽത്തീരം, നീലാകാശം പച്ചക്കടൽ ചുവന്ന ഭൂമി എന്ന യാത്രാ സിനിമയിലെ ചില ഇടങ്ങൾ ഒക്കെയാണ് ഈയടുത്ത ഏറിയും കുറഞ്ഞും കടലിനെ ഓർമിപ്പിക്കുന്ന മറ്റു സിനിമകൾ. കഴിഞ്ഞ ഓണക്കാലത്തിറങ്ങിയ വെളിപാടിന്റെ പുസ്തകത്തിലെ പ്രധാന ഭാഗങ്ങൾ കടലുമായി ബന്ധപ്പെട്ടതാണ്. പക്ഷെ കുറെ ക്ളീഷേ കാഴ്ചകളും രൂപകങ്ങളും മാത്രമായി ആ സിനിമ ഒതുങ്ങി.

കടലമ്മ എന്ന വിളിപ്പേരാണ് സിനിമ മിക്കവാറും കടലിനു നൽകിയിട്ടുള്ളത്. പാട്ടുകളും സിനിമകളും ഒക്കെ ആ 'അമ്മബിംബ'ത്തിനു പുറകെ പോയി. തലത് മെഹ്മൂദിന്റെ കടലേ നീലക്കടലേ എന്ന പാട്ടു മാത്രമാണ് കുറെയൊക്കെ ആ ബിംബത്തിനു പുറത്തു കടന്നത്. അവിടെ കടൽ വിരഹിയായ പ്രണയിയാണ്. കാമുകിയെ ഓർത്ത് തന്നെപ്പോലെ ഉറങ്ങാതിരുന്ന കാമുകനായാണ് നായകൻ കടലിനെ അഡ്രസ് ചെയുന്നത്. ദ്വീപ് എന്ന സിനിമയിലും ഏതാണ്ട് ആ തരത്തിലാണ് കടലിനെ കാണുന്നത്. കടലിന്റെ പ്രത്യക്ഷ സാനിധ്യമില്ലാതെ കടലിനെ ഉപയോഗിച്ച സിനിമയാണ് ഒരേ കടൽ. മനസ്സിനുള്ളിലെ കടലും കടൽത്തീരത്തെ ശംഖു പോലുള്ള പ്രണയവും ഒക്കെ കടലിനെ അതിന്റെ ഭാരത്തെ ഒക്കെ പല തലത്തിൽ പ്രേക്ഷകരെ അനുഭവിപ്പിക്കുന്നു. അവിടെ കടൽ വിങ്ങൽ ആയി നിൽക്കുന്നു. ഒരു മുറിക്കുള്ളിൽ ഒതുങ്ങിയ കണ്ണിൽ ഒതുങ്ങിയ ആഴക്കടലാണ് ഇവിടെ കടൽ."ഞാനെന്നും നീയെന്നുമുള്ള രണ്ടു തീരങ്ങൾക്കിടയിൽ ആർത്തിരമ്പുന്ന ഒരു വലിയ കടലുണ്ട്, എന്റെ ഞാനെന്ന ഭാവം" എന്ന് കടലിനെ മനസിനെ പ്രണയത്തെ സ്വത്വത്തെ ഒക്കെ ആ സിനിമ അടയാളപ്പെടുത്തുന്നു. പ്രണയം എന്ന ബ്ലെസ്സി സിനിമയും അങ്ങനെ പ്രത്യക്ഷമായും പരോക്ഷമായും കടലിരമ്പത്തിന്റെ സാന്നിദ്ധ്യമറിയിക്കുന്നു. തിര ആ രീതിയിൽ കടലിനെ ഉപഗോയിച്ച മറ്റൊരു സിനിമ ആണ്.

രാഷ്ട്രീയ ശരികളുടെ റിയലിസ്റ്റിക്ക് ആയ അവസ്ഥകളുടെ ഒക്കെ അളവുകോൽ വെച്ച് നോക്കിയാൽ ഇവയിൽ പല സിനിമകളും പ്രശ്നവത്ക്കരണത്തിന്റെ വലിയ ഭാരങ്ങളിൽപ്പെടും. അത്തരം പ്രശ്നവത്ക്കരണങ്ങൾ ഓരോ കാലത്തും നടന്നു വരുന്നുമുണ്ട്. പക്ഷെ ഓരോ കാലത്തും കടൽ എന്ന കാഴ്ചയെ, നിലനിൽപ്പിനെ, മുറിവിനെ, ഒക്കെ കാണികളിലേക്കു പകർന്ന സിനിമകളിൽ ചിലതാണിവ. കാല്പനികമായ പ്രതീകമായും പൊള്ളുന്ന യാഥാർത്ഥ്യമായും മാറി വരുന്ന കടലിനെ പല തലങ്ങളിൽ നിന്ന് അടയാളപ്പെടുത്തുകയാണ് ഈ സിനിമകൾ. കേരളത്തിന്റെ ഭൂപ്രകൃതി, കാലാവസ്ഥ, ഉപജീവനം, അതിജീവനം, വാണിജ്യം എന്നീ പല കടൽ അവസ്ഥകളുടെ രേഖപ്പെടുത്തലുകൾ കൂടിയാവുന്നു അറിഞ്ഞോ അറിയാതെയോ ഇവ.

കവിത

# മണ്ണിര

അനു പാപ്പച്ചൻ

**നി**ന്നെക്കുറിച്ചോർക്കുമ്പോൾ
ഒരു ഭാഷയിലേക്കും
വിവർത്തനം ചെയ്യാനാകാത്ത
ഏകാന്തതയുടെ
ആഴത്തിൽ
കമിഴ്ന്നു കിടക്കും.


ചോരച്ച മണ്ണിന്റെ
ഇരുട്ടറകൾക്കു മീതെ
നിന്നിലെ
പകൽമരത്തിൽ നിന്ന്
ഒരില വീണാൽ
വെളിച്ചമായെന്ന് തിരിച്ചറിയും.

ഓർമകളുടെ ഈർപ്പം
അരിച്ചിറങ്ങുമ്പോൾ
ഹൃദയരേഖകൾ
ഉയർന്നും താഴ്ന്നും
ചുരുണ്ടു പോകുന്നത്
നിന്നിലേക്ക് തന്നെ
പിന്നെയും .

കണ്ണുകളോ
അതു തുറക്കാനുള്ള
ഇതളുകളോ ഇല്ലാതിരുന്നിട്ടും
നിന്റെ ഓരോ വിരലനക്കത്തിലും
എന്റെ ഉടൽത്തണ്ടുണരും..

നിന്റെ ശ്വാസങ്ങളെ
ഉടൽച്ചുഴികളിലൂടെ
ആഴങ്ങളിലേക്കെടുത്ത് കഴിയുന്നയെന്നെ
എവിടെ മുറിച്ചാലും
നിനക്കെന്റെ തുടിപ്പ് കിട്ടും.

തലച്ചോറ് പറിച്ചാലും
അഞ്ചു ഹൃദയങ്ങളിങ്ങനെ
മിടിച്ചു കൊണ്ടേയിരിക്കും.



ചർച്ചാവിഷയം

ടെസ്സി

അബുദാബി മയൂർ സ്കൂൾ അധ്യാപിക

# പ്രതീക്ഷകളുടെ തിരമാല



ത്രിസന്ധ്യാ ജപം പഠിച്ചു കൊണ്ടിരുന്ന പീറ്റർ, അമ്മുമ്മയോടു ചോദിച്ചു ' അമ്മുമ്മേ! എന്നാ അമ്മ തിരികെ വരുന്നത്?' അമ്മുമ്മ മറുപടി പറഞ്ഞു 'പ്രാർത്ഥിക്കു മോനേ! അമ്മ വേഗം തിരികെ വരും!' പീറ്റർ മെല്ലെ പറഞ്ഞു. 'നാളെ ആവുമ്പോൾ വർഷം 8 ആയി.' അവൻ വേഗം കണ്ണടച്ചു പ്രാർത്ഥിക്കാൻ തുടങ്ങി. 'ഈശോയെ എന്റെ അമ്മ വേഗം വരണെ!' അവന്റെ ആ ഹൃദയഭേദകമായ പ്രാർത്ഥന വീട്ടുമുറ്റത്തെ കടലിരമ്പലിൽ തകർന്നു പോയി.

മീൻകാരിയായ മറിയക്കുട്ടി തന്റെ ഏക മകളായ സെലിനെ പഠിപ്പിച്ചു വലിയ നിലയിൽ ആക്കണമെന്നു കരുതി വളർത്തി. അമ്മയുടെ മീൻ കട്ടയുടെ ഭാരം കുറയ്ക്കാനായി സെലിൻ പഠിപ്പു വേണ്ട ജോലി മാത്രം മതിയെന്നുറപ്പിച്ചു. ഏതൊരു പെൺകുട്ടിയെയും പോലെ സെലിനെയും ഒരു ഗൾഫുകാരനെ കൊണ്ടു കെട്ടിക്കാം എന്ന് മറിയക്കുട്ടി വിചാരിച്ചു. കല്യാണം കഴിഞ്ഞു.മധുവിധു കഴിഞ്ഞു ആഴ്ചകളും മാസങ്ങളും ഋതുക്കളും മിന്നി മാഞ്ഞു പോയി. മറിയക്കുട്ടിയുടെ ഭാരത്തിനു കുറവൊന്നുമുണ്ടായില്ല. സെലിൻ കടപ്പുറത്തിരുന്ന് കടൽത്താണ്ടിപ്പോയ തന്റെ ഭർത്താവ് ഇനി ഒരിക്കലും തിരിച്ചുവരില്ല എന്ന അറിവോടു കൂടി വിറങ്ങലിച്ചിരുന്നു. തിരമാലകൾ ഒന്നൊന്നായി വന്ന് വിളിച്ചുണർത്തി. സെലിൻ ആ നിമിഷം കരുതി- ഈ കടലിൽ തന്റെ ജീവിതവും അങ്ങു സമർപ്പിച്ചാലോ? അവൾ പതുക്കെ കടലിനരുകിൽ എത്തി. നല്ല തണുപ്പ്. കടലിൽ അവിടെയിവിടെ ആയി മിന്നാമിനുങ്ങുകളുടെ വെളിച്ചം പോലെ

വലയിറക്കാൻ പോയ വള്ളങ്ങൾ കാണാം. ദൈവമേ! എന്തൊരു ജീവിതം! സെലിൻ അറിയാതെ പറഞ്ഞു പോയി. അവസാനിപ്പിച്ചേക്കാം. ഇനി എന്തിന്? ആർക്കുവേണ്ടി? പാവം അമ്മയ്ക്ക് ഭാരം! ഇങ്ങനെ വിചാരിച്ചു നിൽക്കുമ്പോൾ ഒരു സ്പർശനം പോലെ തിരമാലകൾ അവളുടെ കാലുകളെ തഴുകി ത്തലോടി. എരിഞ്ഞമർന്നു പുകയുന്ന ഹൃദയത്തിനു ഒരിറ്റു ആശ്വാസം. രാത്രി മുഴുവനും അട്ടഹസിച്ചു കൊണ്ടു നിന്ന തിരമാലകൾ അവളെ ആശ്വസിപ്പിക്കുവാൻ തുടങ്ങിയതു പോലെ. തിരമാലകൾ വന്നു പോകുന്നുവെങ്കിലും കടൽ ഇനിയും ബാക്കി.

എന്തു ചെയ്യണമെന്നറിയാതെ മരവിച്ചു നിൽക്കുമ്പോളതാ, രണ്ടു കുഞ്ഞിക്കൈകൾ തന്നെ വലയം ചെയ്യുന്നു. പീറ്റർ! 'എന്താ മോനെ ? പുറകിൽ അമ്മയുമുണ്ട് മറിയക്കുട്ടി! മോളെ വിഷമിക്കണ്ടാ ! അമ്മച്ചിയുണ്ട് കൂടെ!' അമ്മച്ചി ജീവിതം തുടങ്ങിയത് ഈ കടലിൽ നിന്നാണ്. കടൽ മാത്രമായിരുന്നു ശരണം. മീൻക്കുട്ട ചുമന്നും കക്കയിറച്ചി വിളമ്പിയും അമ്മ ജീവിച്ചില്ലേ? പീറ്ററിനു വേണ്ടി നീ മുന്നോട്ടു പോകുകയേ വഴിയുള്ളൂ. അമ്മച്ചി പറഞ്ഞു തീരും മുമ്പേ വലയെറിഞ്ഞവർ തിരികെയെത്തി. അങ്ങഅകലെ വെള്ള കീറിത്തുടങ്ങി. അമ്മച്ചി പോയി ലേലം വിളിക്ക്. ഞാൻ വരാം. പീറ്ററിനെ ചേർത്തുനിർത്തി അവൾ പറഞ്ഞു 'മോനേ! നിനക്കു വേണ്ടി! നിനക്കു വേണ്ടി മാത്രം.' വീട്ടുജോലിക്കാരിയുടെ വിസ തരാം. പക്ഷേ പാസ്പോർട്ട് എടുക്കണം. പാസ്പോർട്ട് കിട്ടിയാലുടൻ ഗൾഫിലേക്ക് പോവുകയും വേണം. അപ്പോ കടലോരത്തുകൂടി ചെറിയ കക്കകൾ പെറുക്കി നടക്കുന്ന പീറ്ററിനെയും നോക്കി സെലിൻ നിന്നു. കടലമ്മയുടെ സാരിത്തുമ്പിൽ കളിച്ചു നടക്കുന്ന പീറ്ററിനെ കണ്ടപ്പോൾ ഒരു ഊർജ്ജം തോന്നുന്നു. എല്ലാം ശരിയാകും, ഗൾഫിൽ പോകാം, കടങ്ങൾ തീർക്കാം, എനിക്കും പീറ്ററിനും അമ്മയ്ക്കും ജീവിക്കണം, സെലിൻ തീരുമാനിച്ചുറപ്പിച്ചു. 'അറബികളുടെ വീട്ടിലെ വിഴുപ്പു ചുമക്കുമ്പോഴും കാലിൽ വന്നു തലോടുന്ന കടലമ്മയാണ് എപ്പോഴും മുന്നിൽ. ഓരോ സൂര്യോദയവും ആ കടൽ തരുന്ന പ്രതീക്ഷകളും.പീറ്റർ വലുതായി. അമ്മയിപ്പോൾ മീൻ വിൽക്കാൻ പോകാറില്ല, കടങ്ങൾ ഒതുങ്ങി. എങ്കിലും പീറ്ററിനു പഠിക്കാനുള്ള വക? ഇല്ല തോറ്റു കൊടുക്കില്ല! എത്ര വേലിയിറക്കവും വേലികയറ്റവുമുണ്ടെങ്കിലും പിടിച്ചു നിൽക്കുകതന്നെ ചെയ്യും, സെലിൻ മന്ത്രിച്ചു.

അറബിക്കുട്ടികൾക്ക് കടൽ എന്നു പറഞ്ഞാൽ തിരകളില്ലാത്ത ഒരു സമതലമാണ്. അവിടെ കിടന്ന് മറിയും മണൽക്കൊട്ടാരങ്ങൾ ഉണ്ടാവും. കൂടിപ്പോയാൽ ഒരു ചൂണ്ടയിട്ടു അവിടെ നിൽക്കും. സെലിൻ

**എന്തു 'ചെയ്യണമെന്നറിയാതെ മരപ്പിച്ചു നിൽക്കുമ്പോള താ, രണ്ടു കുഞ്ഞി കൈകൾ തന്നെ വലയം ചെയ്യുന്നു .പീറ്റർ!എന്താ മോനെ ? പുറകിൽ അമ്മയുമുണ്ട് മറിയക്കുട്ടി!മോളെ വിഷമിക്കണ്ടാ ! അമ്മച്ചിയുണ്ട് കൂടെ! അമ്മച്ചി ജീവിതം തുടങ്ങിയത് ഈ കാലിൽ നിന്നാണ്. കടൽ മാത്രമായിരുന്നു ശരണം മീൻക്കുട്ട ചുമന്നും കാക്കയിറച്ചി വിളമ്പിയും അമ്മ ജീവിച്ചില്ലേ? പീറ്ററിനു വേണ്ടി നീ മുന്നോട്ടു പോകുകയേ വഴിയുള്ളൂ. അമ്മച്ചി പറഞ്ഞു തീരും മുമ്പേ വലയെറിഞ്ഞവർ തിരികെയെത്തി.**

ചുറ്റിലും നോക്കിപ്പറഞ്ഞു. ഇവർ ശരിക്കുള്ള കടൽ കണ്ടിട്ടുണ്ടോ? ആ അമ്മയുടെ ഗാംഭീര്യവും ആർദ്രതയും തൊട്ടുതീണ്ടിയിട്ടുണ്ടോ? 'സെലിൻ ശുഹാദാ? മല്ല സുറ, അറബിച്ചി അലറി, സെലിൻ ബാർബക്യു തട്ടിൽ ഇറക്കിവെച്ചു കൊടുത്തു. അറബികളും ഒരു കാലത്ത് മീൻപിടുത്തക്കാരായിരുന്നു. ഒരു ജനതയെ ഉയർത്താനും നിലംപരിശാക്കാനുമുള്ള കഴിവുണ്ട് കടലമ്മയ്ക്ക്. ആ അമ്മയെ മണലുകൊണ്ടു നിറച്ച് കെട്ടിടങ്ങൾ കെട്ടി വേദനപ്പിക്കുകയാണ് ഇപ്പോൾ ഇവിടുത്തെ ട്രൻഡ്! സെലിൻ മെല്ലെ രോഷം അടക്കി. 'ദിർഹത്തിനു രൂപയേക്കാൾ വിലയുണ്ട് എന്റെ പീറ്റർ!'

ഈ ക്രിസ്തുമസിനെങ്കിലും നാട്ടിൽ പോണം. വർഷം എട്ടായി. പീറ്റർ വലിയ ചെറുക്കാനായി കാണും സെലിൻ സ്വപ്നം കണ്ടു തുടങ്ങി. എല്ലാറ്റിനുമുപരി എന്റെ കടലമ്മയെ ഒന്നു കാണണം. എല്ലാരുമൊത്ത് ക്രിസ്തുമസിന് കടലിൽ കുളിക്കണം. ഏത് പ്രതിസന്ധികളിലും എനിക്ക് ധൈര്യം പകരാൻ എന്റെ പോറ്റമ്മയായ കടലമ്മ തന്നെ വേണം. ആ അമ്മയാണ് എനിക്ക് എന്റെ ജീവിതത്തിന്റെ വിശാലത കാണിച്ചു തന്നത്. ഈ കടലിനു മപ്പുറത്ത് സ്വപ്നസാഫല്യത്തിന്റെ നാടുണ്ട് എന്ന് എനിക്ക് പറഞ്ഞു തന്നത്. ആ കടലമ്മ ഞാനും എന്റെ അമ്മച്ചിയുമാണ്.

ചർച്ചാവിഷയം

സുനീത ബാലകൃഷ്ണൻ

**മലയാളത്തിലും ഇംഗ്ലീഷിലും സ്വതന്ത്രപത്രപ്രവർത്തനം,വിമൻ പോയിന്റ് എന്ന കേരളസ്ത്രീകളെക്കുറിച്ചുള്ള വെബ് സൈറ്റിന്റെ എക്സിക്യൂട്ടിവ് എഡിറ്റർ.**




# കടൽ, വിമാനം, മീൻ, ഞാൻ

എന്റെ ആദ്യ സ്കൂൾ ഓർമകൾക്ക് കടലിന്റെ നനുത്ത ഉപ്പുരസമാണ്. ഉണക്കമീനിന്റെ മണമാണ്. വിമാനങ്ങളുടെയും തിരമാലകളുടെയും മുരൾച്ചയാണ്.

കടൽത്തീരത്തായിരുന്നു എന്റെ ആദ്യത്തെ സ്കൂൾ. കൃത്യമായി പറഞ്ഞാൽ അറേബ്യൻ കടലിനും തിരുവനന്തപുരം വിമാനത്താവളത്തിനും ഇടയിൽ. അവിടത്തെ ക്ലാസ്സ്മുറികളിൽ എപ്പോഴും കടലിന്റെ മുഴക്കമാണ്. വേലിയേറ്റവും ഇറക്കവും ഒക്കെ ഞങ്ങൾക്ക് ആ മുഴക്കത്തിലറിയാം. കാലവർഷകാലത്ത് നെടുങ്കൻ തിരകൾ തീരത്ത് തലതല്ലിക്കരയുന്നതു വല്ലാത്ത പേടിയോടെ കേട്ടിരുന്നിട്ടുണ്ട്. സുനാമിയെപ്പറ്റി അന്ന് കേട്ടറിവില്ലാത്തതു കൊണ്ട് അന്ന് ആ ചിന്ത പോയില്ല.

ഞങ്ങളുടെ ക്ലാസ്സിൽ പരിസരവാസികളായ ഒരുപാട് കുട്ടികളുണ്ട്. ഫീസ് കൊടുക്കേണ്ടുന്ന ഇംഗ്ലീഷ് മീഡിയത്തിലായിരുന്നു ഞാൻ പഠിച്ചിരുന്നത്. അതുകൊണ്ടാവാം എന്റെ ക്ലാസ്സിൽ ഭേദപ്പെട്ട വീടുകളിൽ ഉള്ള കുട്ടികളായിരുന്നു കൂടുതലും. കൃത്യമായി സ്കൂൾയൂണിഫോറം ഒക്കെ ഇട്ടു വരുന്നവർ. ഫീസ് സമ്പ്രദായം ഇല്ലാത്ത (എന്നാണു എന്റെ ഓർമ്മ) മലയാളം മീഡിയത്തിൽ മത്സ്യത്തൊഴിലാളികളുടെ മക്കളാണ് കൂടുതലും. ഇവരിൽ പലരും സ്കൂൾയൂണിഫോറം ഇടാറില്ല. ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസംഅവർ അതിട്ടാലായി. ടീച്ചർമാർ അവരെ വഴക്ക് പറയാറുമില്ല.

അതിൽ ഒരു പെൺകുട്ടിയെ, അവളുടെ പേര് വെറോണിക്ക, ഓർക്കുന്നത് അവളുടെ തലയിൽ



നിറയെ പുറ്റുപിടിച്ചത് പോലെ ഈരായിരുന്നത് കൊണ്ടാണ്. പക്ഷെ അത് എന്താണെന്ന് എനിക്കന്നു അറിയില്ലായിരുന്നു. ഞങ്ങളുടെ ഒക്കെ തലയിലും പേനുണ്ടായിരുന്നു. പക്ഷെ ഞായറാഴ്ചകളിൽ അമ്മ എണ്ണയും ചീപ്പുമായി ഇരുന്നു അത് ചീകിക്കളയും. അവളുടെ തലയിലെ ഈരിനെപ്പറ്റി ഞാൻ സങ്കൽപ്പിച്ചത് മറ്റൊന്നാണ്.

അവൾ ഒരിക്കൽ എന്നോട് അവളുടെ വീട്ടിൽ പൈപ്പില്ല എന്നും, അവളുടെ അമ്മച്ചി 'റോഡിലെ പൈപ്പിൽ' നിന്നുമാണ് വെള്ളം കൊണ്ട് വരുന്നത് എന്നും പറഞ്ഞിരുന്നു. ആ പൈപ്പ് ഞാൻ കണ്ടിട്ടുണ്ട്. ഞങ്ങളുടെ സ്കൂൾ ബസ് വരുന്ന വഴിയിൽ ആ പൈപ്പിന്റെ ചുറ്റും ഒരുപാട് പേർ കൂട്ടം കൂടി നിൽക്കുന്നതും. എനിക്ക് തോന്നിയ സംശയം ഞാൻ അവളോട് ചോദിച്ചു, 'അപ്പോൾ ഇയ്യാൾ കുളിക്കാൻ എന്ത് ചെയ്യും'. 'എടുത്തോണ്ട് വരണം. എനിക്ക് മടിയാ', അവൾ പറഞ്ഞു.കടലിന്റെ ഇത്രയടുത്ത് താമസിക്കുന്ന ഭാഗ്യവതിയാണ് ഇത് പറയുന്നത്. 'കടലിൽ കുളിക്കാൻ പറ്റില്ലേ ഇയ്യാൾക്ക്?' ഞങ്ങളൊന്നും അന്ന് ആരെയും നീ എന്ന് സംബോധന ചെയ്യില്ല. താൻ, ഇയ്യാൾ, എന്നൊക്കെയാണ് പറയുക. അവൾ ചിരിച്ചു, മറുപടി ഒന്നും പറഞ്ഞില്ല. അന്ന് ഞാൻ വീട്ടിൽ ചെന്നപ്പോൾ പുതിയ ലക്കം 'പൂമ്പാറ്റയും' 'ബാലയുഗവും' വന്നിട്ടുണ്ടായിരുന്നു. അതിൽ എവിടെയോ വെള്ളമില്ലാത്ത നാടുകളെപ്പറ്റിയും അവിടെ മണ്ണ് കുഴിച്ചു വെള്ളം എടുക്കാൻ അവർ കണ്ടുപിടിച്ച വിദ്യയെപ്പറ്റിയും ( അതെന്തായിരുന്നു എന്ന് പിന്നെ ഒരിക്കലും മനസ്സിലായും ഇല്ല) വായിച്ചു. പിറ്റേന്ന് ഞാൻ അവളോട് അതിനെപ്പറ്റി പറഞ്ഞു.അവൾ പിന്നെയും ചിരിച്ചു. 'ഞങ്ങളും അങ്ങനാ ചെയ്യുന്നേ'. അവൾ പൈപ്പിനെപ്പറ്റി പറഞ്ഞത് ഞാൻ അപ്പോഴേക്കും മറന്നിരുന്നു. പിന്നെ കുറേക്കാലം ഞാൻ കരുതിയിരുന്നത് അവൾ മണ്ണ് കുഴിച്ചെടുത്ത വെള്ളം കൊണ്ട് കുളിക്കുന്നത് കൊണ്ടാണ് തലയിൽ ഇങ്ങനെ മണല് പറ്റിയിരിക്കുന്നത് എന്നാണു.

സ്കൂളിൽ ഇരുന്നാൽ കടലു കാണാൻ പറ്റില്ല. സ്കൂളിന്റെ വലിയ മതിലും രണ്ടു റോഡുകളും ഒരു പള്ളിയും കുറച്ചു കുടിലുകളും ഞങ്ങൾക്കും കടലിനും ഇടയിലുണ്ട്. എന്നാൽ ഒന്ന് വേഗത്തിൽ ഓടിയിറങ്ങാവുന്ന ദൂരമേ സ്ക്കൂളിനും കടലിനും ഇടയിലുള്ളൂ. സ്കൂളിൽ നിന്ന് പക്ഷെ വിമാനങ്ങൾ കാണാൻ പറ്റുമായിരുന്നു. അന്ന് വിമാനത്താവളം ഇത്ര വലുതൊന്നുമല്ല, ഒന്നോ രണ്ടോ റൺവേ മാത്രമുള്ള, കറങ്ങുന്ന അത്ഭുതം പോലെ എയർ ട്രാഫിക് കണ്ട്രോൾ ടവർ നടുക്ക് പ്രതിഷ്ഠിച്ചിട്ടുള്ള ഒരു കീറു ഭൂമി. സ്കൂളിനും വിമാനത്താവളത്തിനും ഇടയിൽ അന്ന് ഒരു മുള്ളുവേലിയുണ്ട്. പക്ഷെ അതിനടുത്ത് പോയി നിന്ന് വിമാനം പൊങ്ങുന്നത് കാണാൻ ഞങ്ങൾക്ക് അനുവാദമില്ല. ഇടക്കെപ്പോഴോ സ്കൂളിലെ ഒരു ചട്ടമ്പി വേലി ചാടിക്കടന്നു റൺവേയിൽ ഓടിക്കയറിയെന്നൊക്കെ

**സ്കൂളിൽ ഇരുന്നാൽ കടലു കാണാൻ പറ്റില്ല. സ്കൂളിന്റെ വലിയ മതിലും രണ്ടു റോഡുകളും ഒരു പള്ളിയും കുറച്ചു കുടിലുകളും ഞങ്ങൾക്കും കടലിനും ഇടയിലുണ്ട്. എന്നാൽ ഒന്ന് വേഗത്തിൽ ഓടിയിറങ്ങാവുന്ന ദൂരമേ സ്ക്കൂളിനും കടലിനും ഇടയിലുള്ളൂ. സ്കൂളിൽ നിന്ന് പക്ഷെ വിമാനങ്ങൾ കാണാൻ പറ്റുമായിരുന്നു. അന്ന് വിമാനത്താവളം ഇത്ര വലുതൊന്നുമല്ല, ഒന്നോ രണ്ടോ റൺവേ മാത്രമുള്ള, കറങ്ങുന്ന അത്ഭുതം പോലെ എയർ ട്രാഫിക് കണ്ട്രോൾ ടവർ നടുക്ക് പ്രതിഷ്ഠിച്ചിട്ടുള്ള ഒരു കീറു ഭൂമി.**



ഒരു കഥയും അന്ന് നിലവിലുണ്ടായിരുന്നു. അതിനുശേഷം മുള്ളുവേലിയിൽ 'കറന്റു പിടിക്കും' എന്നൊരു കിംവദന്തിയും. അതുകൊണ്ട് വലിയ പരാക്രമത്തിനൊന്നും അങ്ങനെയാരും പോകാറില്ല. എന്നാലും വിമാനം റൺവേയിൽ രാജകീയമായി ഉരുണ്ടുപോകുന്നതും, അപ്പോളുണ്ടാകുന്ന ശക്തമായ കാറ്റിൽ അതിനു ഇരുവശവുമുള്ള പുല്ലും ചെടിയും മുഖം തിരിച്ചു ചരിഞ്ഞു നിൽക്കുന്നതും ദൂരെ നിന്നുപോലും കാണാൻ രസമായിരുന്നു.

ഇടവേളനേരത്ത് വിമാനം വന്നുപോകുന്നതിന്റെ മുരളൽ കേൾക്കുമ്പോൾ ഗ്രൗണ്ടിൽ കളിച്ചുകൊണ്ടിരിക്കുന്ന എല്ലാവരും കൈപ്പത്തി കൊണ്ട് മുഖത്തേക്കുള്ള വെയിൽ മറച്ചു ആകാശത്തേക്ക് നോക്കി നിൽക്കും. ഒരു കൂറ്റൻ പക്ഷിയെപ്പോലെയത് പറന്നു പൊങ്ങുന്നത് എത്ര തവണ കണ്ടാലും അത്ഭുതം തീരില്ല. വിമാനത്തിന്റെ മുഴക്കം കെട്ടടങ്ങുമ്പോൾ ഞാൻ ഇവിടെത്തന്നെയുണ്ട് എന്നോർമ്മിപ്പിച്ചു കൊണ്ട് കടൽ പിന്നെയും ഞങ്ങളുടെ ശബ്ദലോകത്ത് കയറിവരും. കുറുങ്ങലും, മുരളലും, ഇടയ്ക്കു നിലവിളിയുമായുള്ള കടൽത്തിരയുടെ താളങ്ങൾ ഞങ്ങളെ വിട്ടുപോകാതെ വീട്ടിൽ എത്തിയാലും കൂടെയുണ്ടാകും. ഒരു ജലമർമ്മരം പിന്നീട് കൂടെപ്പോന്നതു വർഷങ്ങൾക്കു ശേഷമാണ്. അതിരപ്പള്ളിയിൽ പോയപ്പോൾ.

വള്ളക്കടവിനു ഒരു കിലോമീറ്റർ ഇപ്പുറമാണ് എന്റെ വീട്. ചരിത്രം വിങ്ങി നിൽക്കുന്ന അമ്മവീടുകളുടെ ഇടയിൽ, എഴുപതുകളിൽ പണി തീർത്ത ഒരു പുതിയ ഹൗസിംഗ് കോളനി. അവിടെ നിന്നും കടലിലേക്ക് കഷ്ടിച്ചു രണ്ടു കിലോമീറ്റർ ദൂരം. വള്ളക്കടവ് പാലം കഴിഞ്ഞാൽ ചീലാന്തി മരങ്ങൾ മതിലുകൾക്ക് മുകളിലൂടെ എത്തി നോക്കുന്ന ഇടത്തരം വീതിയുള്ള ടാറിട്ട നല്ല റോഡ്. ശംഖുമുഖം വലിയതുറ പൂന്തുറ ബീമാപള്ളി പ്രദേശങ്ങളിലേക്ക് പോകുന്ന ബസ്സിൽ കയറി അതുവഴി പോകുമ്പോൾ വിശ്രമിക്കാൻ അനുവാദം തേടി വരുന്ന ഒരു വലിയ പക്ഷിയെപ്പോലെ വിമാനം മുകളിൽ വട്ടം ചുറ്റുന്നത് ചിലപ്പോളൊക്കെ കാണാം.

ഞങ്ങൾ തിരുവനന്തപുരത്തുകാർക്ക് എത്ര കണ്ടാലും മതിവരാത്ത ആഘോഷമാണ് ആറാട്ട്. എന്റെ വീടിനു മുന്നിലൂടെയാണ് ആറാട്ട് പോകുന്നത്. അതുകൊണ്ട് തന്നെ അതിനു ആറാട്ട് റോഡ് എന്നാണു പേര്. ആറാട്ട് പോകുന്ന ദിവസങ്ങളിൽ ടാറിട്ട വഴിയിൽ കടൽ മണ്ണ് കൊണ്ട് വെള്ള വിരിക്കും. ഇരുവശവും തോരണം കെട്ടും. ശ്രീപദ്മനാഭൻ എഴുന്നള്ളുന്ന നേരമാകുമ്പോൾ



**ആറാട്ട് ചെന്ന് നിൽക്കുന്നത് ശംഖുമുഖം കടപ്പുറത്താണ്. അവിടെ നീരാടി വിഗ്രഹങ്ങൾ തിരിച്ചെഴുന്നള്ളിപ്പോവുന്നതോടെ ആറാട്ടെന്നു പറയുന്ന ചടങ്ങ് തീരും. അന്ന് ശംഖുമുഖം കടപ്പുറത്ത് പതിവിലും കൂടുതൽ നഗരവാസികളുണ്ടാവും. സാധാരണ പ്രവൃത്തിദിവസങ്ങളിലെ സായാഹ്നങ്ങളിൽ അവിടെ കരയിൽ വിശ്രമിക്കുന്ന വള്ളവും വലയും, കടലിനെ നോക്കിയിരിക്കുന്ന പരിസരവാസികളും മാത്രമേ അന്നൊക്കെ ഉണ്ടാവാറുള്ളൂ.**

വീടുകൾക്ക് മുന്നിൽ വിളക്ക് കൊളുത്തി വയ്ക്കും. ബലൂൺ വിൽക്കുന്നവർ വർണ്ണശബളമായ നിറങ്ങൾ ആഘോഷിച്ചു ഞങ്ങളെ കൊതിപ്പിക്കാൻ നിരന്നു നിൽക്കും. അന്ന് പ്രവൃത്തി ദിവസമാണെങ്കിൽ ഉച്ചക്കുശേഷം അവധിയാണ് എല്ലാവർക്കും. വർഷത്തിൽ രണ്ടു തവണ പദ്മനാഭസ്വാമി ക്ഷേത്രത്തിലെ അല്പശി/ പൈങ്കുനി ആറാട്ട് കടന്നു പോകുന്ന സായാഹ്നങ്ങളിൽ വിമാനത്താവളം അടച്ചിടുന്നു എന്ന് അറിയിപ്പുണ്ടാകും പത്രത്തിൽ. കാരണം അന്നൊക്കെ ആറാട്ട് പോകുന്നത് വിമാനത്താവളം വഴിയാണ്. വിമാനത്തിന്റെ മുഴക്കം കേട്ട് ആറാട്ടിനു എഴുന്നള്ളിക്കുന്ന ആനയും കുതിരയും ഒക്കെ വിരണ്ടാൽ എന്ത് ചെയ്യും എന്ന് കരുതിയാണോ അന്ന് വിമാനത്താവളം അടച്ചിടുന്നത് എന്ന് ഒരു സഹപാഠി ചോദിച്ചത് ഓർമയുണ്ട്! ആയിരിക്കും അല്ലെ! ഉടവാള് പിടിച്ചു നടന്നു പോയിരുന്ന രാജാവ് വിമാനത്തിൽ കയറിയിട്ടുള്ള ആളായത് കൊണ്ട് പേടിയാവില്ലായിരിക്കും. അപ്പൊ കൂടെ പോകുന്ന ആണുങ്ങളും പെണ്ണുങ്ങളും ബാൻഡ് സംഘവും നാദസ്വരക്കാരുമോക്കെയോ? ആവോ!

ആറാട്ട് ചെന്ന് നിൽക്കുന്നത് ശംഖുമുഖം കടപ്പുറത്താണ്. അവിടെ നീരാടി വിഗ്രഹങ്ങൾ തിരിച്ചെഴുന്നള്ളിപ്പോവുന്നതോടെ ആറാട്ടെന്നു പറയുന്ന ചടങ്ങ് തീരും. അന്ന് ശംഖുമുഖം കടപ്പുറത്ത് പതിവിലും കൂടുതൽ നഗരവാസികളുണ്ടാവും. സാധാരണ പ്രവൃത്തിദിവസങ്ങളിലെ സായാഹ്നങ്ങളിൽ അവിടെ കരയിൽ വിശ്രമിക്കുന്ന വള്ളവും വലയും, കടലിനെ നോക്കിയിരിക്കുന്ന പരിസരവാസികളും മാത്രമേ അന്നൊക്കെ ഉണ്ടാവാറുള്ളൂ.

പകൽ പോയാൽ അങ്ങനെയല്ല. റോഡിൽ നിന്ന് അല്പം മാറി പൊരിയുന്ന മണലിൽ മീൻ ഉണക്കാൻ നിരത്തി ഇട്ടിരിക്കുന്നത് കാണാം. കണ്ണ് മഞ്ഞളിക്കുന്ന വെയിലാണ് ആ നേരത്ത്. കണ്ണെത്താദൂരത്തോളം നീല നിറത്തിൽ കടലങ്ങനെ തിളങ്ങി കിടക്കുന്നുണ്ടാവും. സാധാരണയായി എനിക്ക് ആ നേരത്ത് അത് വഴി പോകേണ്ടിവരാറില്ല. ഒരിക്കൽ സ്കൂളിൽ വെച്ച് പനി വല്ലാതെ കൂടി അച്ഛൻ വിളിക്കാൻ വന്നു. അന്ന് ഓട്ടോറിക്ഷയൊന്നും തിരുവനന്തപുരത്ത് ഓടിയിത്തുടങ്ങിയിരുന്നില്ല. ഞങ്ങൾക്ക് വീട്ടിൽ വാഹനവുമില്ല. ഒന്നുകിൽ ടാക്സി പിടിക്കണം, അല്ലെങ്കിൽ ബസ്സിൽ പോകണം. അച്ഛന്റെ കൂടെ ജോലിയുള്ള സാറിന്റെ കാറിൽ ആണ് എന്നെ വന്നു കൂട്ടിക്കൊണ്ടു പോയത്. അന്നാണ് പനിയുടെ ചൂട് ഉള്ളിലും വെയിലിന്റെ ചൂട് പുറത്തുമായി ഞാൻ ഉച്ചനേരത്ത് ശംഖുമുഖം കടൽത്തീരം കാണുന്നത്. വെയിലിന്റെ മഞ്ഞ നിറം മണലിൽ പടർന്നു കിടന്നിരുന്നു. അന്തരീക്ഷത്തിനു ഉണക്കമീനിന്റെ മണമുണ്ടായിരുന്നു. അമ്മ കൂടെ ഇല്ലാത്തത് നന്നായി എന്നെനിക്കു തോന്നി. എന്റെ

**ശംഖുമുഖത്തും വലിയതുറയിലും ഒക്കെനിന്നു നടന്നാണിവർ കച്ചവടത്തിനു വരുന്നത്, അതും രാവിലെ എട്ടു മണിക്ക് മുന്നേ എത്തണമെങ്കിൽ എത്ര നേരത്തെ വീട്ടിൽ നിന്ന് ഇറങ്ങുമായിരിക്കും എന്ന് ഞാൻ അന്നും ആലോചിച്ചിട്ടുണ്ട്. മീൻവള്ളം അടുക്കുന്നയിടത്ത് നിന്ന് കച്ചവടത്തിനുള്ളതും വാങ്ങി വേണമല്ലോ നടപ്പ് തുടങ്ങാൻ? അവർക്ക് വീട്ടിൽ സഹായിക്കാൻ ആളു കാണുമോ, എന്റെ അമ്മയ്ക്കുള്ളത് പോലെ?**

അച്ഛൻ ഒരു ദ്വീപുകാരനാണ്. വേമ്പനാട്ടുകായലിന്റെ കരയിൽ നിന്ന് വന്നയാൾ. മീനിന്റെ മണം അച്ഛന് ഇഷ്ടമാണ്. എന്നാൽ എന്റെ അമ്മക്ക് അങ്ങനെയല്ല. സസ്യഭുക്കാണ് അമ്മ, പാചകവിദഗ്ദ്ധ ആണെങ്കിലും മീൻ വയ്ക്കാൻ താല്പര്യമില്ലായിരുന്നു. മീനുമായി ബന്ധപ്പെട്ട ഒരു ഗന്ധവും അമ്മയ്ക്ക് സഹിക്കില്ല. അതുകൊണ്ട് ഞങ്ങളുടെ വീട്ടിൽ അടുക്കളയിൽ സഹായത്തിനു നിൽക്കുന്നവരാണ് അന്നൊക്കെ മീൻ വയ്ക്കുന്നത്. വീട്ടിൽ മീൻ വിൽക്കാൻ കൊണ്ടുവരും. മീൻ കൊണ്ടുവരുന്നവരെ വെള്ളച്ചി എന്ന് വിളിക്കണമെന്നാണ് പറഞ്ഞു തന്നിട്ടുള്ളത്. അങ്ങനെ വിളിക്കുന്നതാണ് അവർക്ക് ഇഷ്ടം പോലും. വലിയ കുട്ടയിൽ പലയിനം മീനും ചുമന്നു 'അമ്മാ... അമ്മച്ചിയേ...മീൻ വേണാ...നെത്തോലിയുണ്ട് അയിലയുണ്ട് വങ്കടയുണ്ട്..' എന്നൊക്കെ വിളിച്ചു പറയും വെള്ളച്ചി. ലുങ്കിയും ചോളിയും ധരിച്ചു, തോളിൽ ഒരു തോർത്തുമിട്ടു വരുന്ന അവരുടെ നടത്തത്തിനു തന്നെ നല്ല താളമാണ്. കുട്ടയുടെ ഘനത്തിനനുസരിച്ചു അവരുടെ ശരീരം ആടുന്നത് നോക്കിനിൽക്കാൻ തോന്നും. ശബ്ദത്തിന് ഒരു എട്ടുകട്ട ശ്രുതിയുണ്ട്.

ശംഖുമുഖത്തും വലിയതുറയിലും ഒക്കെനിന്നു നടന്നാണിവർ കച്ചവടത്തിനു വരുന്നത്, അതും രാവിലെ എട്ടു മണിക്ക് മുന്നേ എത്തണമെങ്കിൽ എത്ര നേരത്തെ വീട്ടിൽ നിന്ന് ഇറങ്ങുമായിരിക്കും എന്ന് ഞാൻ അന്നും ആലോചിച്ചിട്ടുണ്ട്. മീൻവള്ളം അടുക്കുന്നയിടത്ത് നിന്ന് കച്ചവടത്തിനുള്ളതും വാങ്ങി വേണമല്ലോ നടപ്പ് തുടങ്ങാൻ? അവർക്ക് വീട്ടിൽ സഹായിക്കാൻ ആളു കാണുമോ, എന്റെ അമ്മയ്ക്കുള്ളത് പോലെ? അമ്മ

കൊണ്ടുപോകുംപോലെ അവര് ചോറ് പൊതിഞ്ഞു കൊണ്ട് വരാറുണ്ടോ ഉച്ചക്ക് കഴിക്കാൻ? അവര് വീട്ടിൽ എന്താവും കാപ്പിക്ക് കഴിക്കുക? ഞാൻ ഒരു ദിവസം ഇത് മേരിയോടു ചോദിച്ചു. മേരി ചിരിച്ചു കൊണ്ട് തിരിച്ചു ചോദിച്ചു, 'മ്മാള് ന്താ കഴിച്ചേ'. ഞാൻ പറഞ്ഞു 'ദോശ'. 'ഞങ്ങളും ദ്വാശ'.

അവരുടെ പേര് മേരി എന്നല്ല. മൈലന എന്നാണു. അഥവാ മഗ്ദലന. പക്ഷെ ആ പ്രദേശത്ത് മീൻ വിൽപ്പനക്ക് വരുന്നവരെ പൊതുവേ മേരി എന്നാണു വിളിച്ചിരുന്നത് എന്നോർക്കുന്നു. ആ പ്രദേശത്ത് വഴി തിരിച്ചു പങ്കു വച്ചാണ് അവർ കച്ചവടത്തിന് എത്തുന്നത്. ഒരാളുടെ കാച്ച്മെന്റ് ഏരിയയിലേക്ക് മറ്റാരും അതിക്രമിച്ചു കയറാൻ പാടില്ല എന്നൊരു നിയമം ഉള്ളത് പോലെ. ആരോടും അവിടെയുള്ളവർ പേര് ചോദിക്കാറില്ല. എല്ലാരും മേരി.

മൈലന കുട്ടയിൽ നിന്ന് മീൻ എടുത്തു വയ്ക്കുമ്പോൾ സാധാരണ ദിവസങ്ങളിൽ ഞാനോ അമ്മയോ കാണാറില്ല. ഞങ്ങൾ സ്കൂളിലും കോളേജിലും പോയിട്ടുണ്ടാവും. അമ്മയുടെ സഹായി ആണ് മീൻ വാങ്ങുന്നത്. ശനിയാഴ്ചയാണ് എന്റെ മീൻ കാഴ്ച്ചകൾ. കുട്ട നിലത്തിറക്കിക്കഴിഞ്ഞാൽ ഞാൻ അതിനടുത്ത് പോയി കുത്തിയിരിക്കും. 'നീങ്ങിയിരിക്ക്' എന്ന് ചുളിഞ്ഞ മൂക്കുമായി വന്നു അല്പം നീങ്ങി നിന്ന് അമ്മ പറയും. എല്ലാ മീനും ഞങ്ങൾ വാങ്ങില്ല എന്ന് മൈലനക്ക് അറിയാം. വാളമീൻ അമ്മ വാങ്ങില്ല, 'ഹും, പാമ്പിനെപ്പോലെ ഇരിക്കും', എന്നാണു മീൻ കൂട്ടാത്ത അമ്മയുടെ വാദം. അതുപോലെ ചൂരയ്ക്ക് ചോര ചുവയ്ക്കും, വേറെ ഏതോ മീനിനു ഭയങ്കര നാറ്റമാണ്, ഇങ്ങനെയുള്ള മൊഴിമുത്തുകൾ കേട്ട് കഴിഞ്ഞു സ്ഥിരം വാങ്ങുന്നത് ചാളയോ, അയിലയോ, നത്തോലിയോ, അങ്ങനെ ചെറിയ മീൻ എന്തെങ്കിലുമാണ്. തിരിഞ്ഞു നോക്കുമ്പോൾ അതൊരു സാമ്പത്തിക തീരുമാനം ആയിരുന്നില്ലേ എന്ന് പിന്നെ തോന്നിയിട്ടുണ്ട്. ഇത് വരെ അമ്മയോട് അതിനെപ്പറ്റി ചോദിച്ചിട്ടില്ല. പക്ഷെ ഇപ്പോൾ മീൻ വറുക്കുന്ന മണമൊക്കെ വരുമ്പോൾ നീ വറുത്തതാണോ, എങ്കിൽ ഞാൻ കൂട്ടാം എന്ന് പറയാൻ മാത്രം അമ്മ മാറിയിട്ടുണ്ട്. അമ്പതു കൊല്ലം കൊണ്ട് കടൽ ഒരു സ്ത്രീയിൽ വരുത്തിയ മാറ്റം.

മൈലനയുടെ മീൻകുട്ട താഴെ ഇറക്കുമ്പോൾ ഉള്ള അതേ ഗന്ധമാണ് ഞാൻ രാവിലെ കാണുന്ന ശംഖുമുഖം കടപ്പുറത്തിനും. പച്ച മീനിന്റെ മണം. ഞാൻ സ്കൂൾബസ്സിൽ ആണ് പോകാറ്. കടപ്പുറത്ത് എത്തുമ്പോൾ ആദ്യം മൂക്ക് വിടർത്തി മണം പിടിക്കും. പിന്നെ കൈ പുറത്തിടും. അര മിനിട്ട് കടൽക്കാറ്റിൽ കൈ നിവർത്തിക്കഴിഞ്ഞു വിരൽ നക്കി നോക്കുമ്പോൾ കിട്ടുന്ന ഒരു ഉപ്പുരസമുണ്ട്. കൂട്ടത്തോടെ പിള്ളേർ ഇത് ചെയ്യുന്നതു കാണുമ്പോൾ കണ്ടക്റ്റർ തങ്കപ്പണ്ണൻ 'കൈ അകത്തിടെടെ' എന്ന് ഉറക്കെ കൂവുന്നതോടെ ഞങ്ങൾ പരിപാടി മതിയാക്കും, അപ്പോഴേക്കും കടപ്പുറം കടന്നു ഞങ്ങൾ പള്ളിയുടെ മുന്നിൽ എത്തിയിട്ടുണ്ടാവും.

മീന്മണം അവിടെയല്ലാതെ പിന്നെ കിട്ടിയത് രണ്ടു കൊല്ലം കഴിഞ്ഞു സ്കൂൾ ബസ് വിട്ടു ടാക്സിയിൽ പോകാൻ തുടങ്ങിയപ്പോളാണ്. ഇഡ്ഡലി ഡ്രൈവറുടെ ടാക്സി. ആളുടെ രൂപം അങ്ങനെ ആയത് കൊണ്ടാണ് ആ വിളിപ്പേര്, ശരിക്കുള്ള പേര് ഇപ്പോഴും അറിയില്ല. കാറിന്റെ പുറകു വശത്താണ് പെൺകുട്ടികൾ ഇരിക്കുന്നത്. ചില ദിവസം ഭാഗ്യത്തിന് സൈഡ് സീറ്റ് കിട്ടും, അപ്പോളാണ് വലിയതുറ പാലത്തിന്റെ വശത്ത് കൂടി പോകുമ്പോൾ വഴിയിലുള്ള മീൻ കച്ചവടം ശ്രദ്ധിച്ചു തുടങ്ങിയത്. നിരനിരയായി ഇരിക്കുന്ന കുറെ അമ്മമാർ. മുന്നിൽ കുട്ടയിൽ നിറയെ മീൻ. അവിടെയെത്തുമ്പോൾ കുറച്ചു തിരക്കുള്ള റോഡ് ആയതു കൊണ്ട് പതുക്കെയേ വണ്ടി പോകുകയുള്ളൂ. അപ്പോൾ മൂക്ക് വിടർത്തിയാൽ കിട്ടും മൈലനയുടെ മീന്കുട്ടയുടെ മണം. എന്നും പ്രിയപ്പെട്ട ഒരു ഗന്ധം.

പിന്നീട് ഒരുപാട് വർഷങ്ങൾ കഴിഞ്ഞു സസ്യഭുക്കുകൾ കൂടുതലുള്ള ഒരു വൻ നഗരത്തിൽ വച്ച് ഞാനും പ്രിയതമനും പച്ചമീൻ കൂട്ടാൻ കൊതിയായിട്ട് നഗരത്തിൽ ദൂരെയുള്ള ഒരു മീൻ മാർക്കറ്റ് അന്വേഷിച്ചു പോയി. അവിടെ സ്കൂട്ടർ നിർത്തി ആവേശത്തോടെ മാർക്കറ്റിനു നടുവിലേക്ക് ഇറങ്ങിച്ചെന്നു ആദ്യമൊന്നു മൂക്ക് വിടർത്തി നോക്കി. വാസ്തവത്തിൽ സങ്കടം വന്നു. ഒരു പരിചയവും ഇല്ലാത്ത ഒരു വല്ലാത്ത മണം. അത് മീനിന്റെ മണമായിരുന്നില്ല. എന്റെ വലിയതുറ കടലിന്റെ, എന്റെ ശംഖുമുഖം കടപ്പുറത്തിന്റെ മണമായിരുന്നില്ല. ചീഞ്ഞ പുഴമീനിന്റെ, ഉണക്ക് പോരാത്ത ഉപ്പിട്ട പഴകിയ മീനിന്റെ...

ഇന്ന് എന്തൊക്കെയോ മാറിയ കൂട്ടത്തിൽ എന്റെ കടലും മാറി. ശംഖുമുഖം കടപ്പുറം ഇന്ന് വിളറിയ ചന്ദ്രക്കല പോലെ ചെറുതായി. ഒരു ശംഖു പോലും ഇപ്പോൾ കിട്ടാറില്ല അവിടെ നിന്ന്. മീനുണ്ട്, അത് വിൽക്കുന്ന അമ്മമാരുണ്ട്. പക്ഷെ ആ പഴയ പച്ചമീൻ മണമില്ല.

ആദരാഞ്ജലി

കുസുമം ജോസഫ്

കോർഡിനേറ്റർ എൻ.എ.പി.എം



# ലത പുഴയായി ഒഴുകി മറഞ്ഞു

നവം- 16 ന് ലത മരണപ്പെടുമ്പോൾ പരിസ്ഥിതി പ്രവർത്തകർക്ക് വിശേഷിച്ച് പുഴയും കാടും സംരക്ഷിക്കാനൊരങ്ങുന്നവർക്ക് ആധികാരിക അറിവുകളുടെ ഉറവിടം വറ്റിപ്പോയല്ലോ എന്ന ഖേദമായിരുന്നു. പിന്നീടു നടന്ന അനുശോചന യോഗങ്ങളിലെല്ലാം അറിവിനെ ആയുധമാക്കി പരിസ്ഥിതി പ്രശ്നങ്ങളെ സമര സജ്ജമാക്കിയ പോരാളിയായി വിലയിരുത്തപ്പെട്ടു. വളരെ ശരിയായ ഒരു അടയാളപ്പെടുത്തലാണത്. വിശേഷിച്ച് ചാലക്കുടിപ്പുഴയിൽ അതിരപ്പിള്ളി വെള്ളച്ചാട്ടത്തിനു മുകളിലായി അണക്കെട്ടു നിർമ്മിക്കാനുള്ള സർക്കാർ ശ്രമങ്ങളെ വെള്ളത്തിന്റെ അളവ് ഓരോ സീസണിലും എത്രയാണ് എന്നും അത്ര വെള്ളം കൊണ്ട് എത്ര വൈദ്യുതി ഉല്പാദിപ്പിക്കാമെന്നും അതിന് എത്ര പണം ചെലവാകുമെന്നും കൃത്യമായ കണക്കു നിരത്തി പദ്ധതി സാമ്പത്തികമായി വലിയ നഷ്ടമുണ്ടാക്കും എന്ന് സ്ഥാപിച്ചു. കാടിന്റെ ശോഷണം പുഴക്ക് വരുത്താവുന്ന വലിയ പ്രതിസന്ധിയും കണക്കുകളുടെ രേഖകളുടെ അടിസ്ഥാനത്തിൽ ജനത്തെ കോടതിയെ ബോധ്യപ്പെടുത്താനായി. ആ അർത്ഥത്തിൽ ഗവേഷകയായ പോരാളിയായിരുന്നു ഡോ.എ.ലത.

റിവർ റിസർച്ച് സെന്റർ എന്ന സ്ഥാപനം നടത്തി കേരളത്തിലെ ഇന്ത്യയിലെ ലോകത്തെ നദികളെ പഠിക്കാനും അറിയാനും അവയുടെ പുനരുജ്ജീവനത്തിന് ആവുന്നതു ചെയ്യാനും അവസാനം വരെ പരിശ്രമിച്ചു. നദികളും കാടുകളും ലഹരിയായ ഒരാളായിരുന്നു ലത. സർക്കാർ ഉദ്യോഗം വേണ്ടന്നു വെച്ച് നദികളിലേക്ക് ഇറങ്ങിപ്പോയ ജലജീവിയായിരുന്നു ലത. അറിവിന്റെ പ്രകാശം പരത്തുമ്പോഴും അതിനപ്പുറം കാല്പനികമായ സൗന്ദര്യത്തെ അനുഭവിപ്പിക്കാൻ കഴിഞ്ഞു എന്നതുകൂടി ഡോ. ലതയുടെ നേട്ടമായി എണ്ണണം എന്ന അഭിപ്രായമുണ്ട് എനിക്ക്.

സമരങ്ങൾ വസ്തുതകൾ മാത്രം ആധാരമാക്കി സാധ്യമാകുന്ന ഒന്നല്ല. അത് വൈകാരികമായ ഉണർച്ചയിൽ ഉണ്ടാകുന്നതു കൂടിയാണ്. അത്തരം വൈകാരികത കൂടി ഉണ്ടാകുമ്പോഴേ സമരപ്പോരാളികൾക്ക് ദീർഘനാൾ രംഗത്ത്



തുടരാനാവൂ' . കേരളത്തിലെ ജനകീയ സമരങ്ങളിൽ ഏറ്റവും കാല്പനിക സൗന്ദര്യമുള്ള സമരമായിരുന്നു അതിരപ്പിള്ളി പദ്ധതിക്കെതിരെ നടന്നത്. കേരളത്തിലെ അപൂർവ്വം പാർട്ടികളിലൊഴികെയുള്ള രാഷ്ട്രീയ പ്രവർത്തകരും സാമാന്യ ജനവും വലിയ തോതിൽ വർഷങ്ങളോളം അതിപ്പിള്ളി സമരത്തോട് ഐക്യപ്പെട്ടു. മലയാളിയുടെ , യുവതയുടെ വികാരമായി അതിരപ്പിള്ളിയെ മാറ്റിത്തീർക്കാൻ ലതയുൾപ്പെടുന്ന നേതൃത്വത്തിന് സാധിച്ചു. വസ്തുതകൾക്കപ്പുറത്ത് മനസ്സിലൂടെ നദി ഒഴുകാൻ ഹൃദയഹാരിയായ വെള്ളച്ചാട്ടം സ്വന്തമെന്നു് കരുതാൻ പാകത്തിന് വൈയക്തിക അനുഭവമാക്കി സമരത്തെ പരുവപ്പെടുത്തുന്നതിൽ ലത വിജയിച്ചു എന്നതാണ് അവരുടെ വലിയ നേട്ടം.

ലതയെ പുഴയുടെ അപരനാമമായി വിലയിരുത്താൻ സാധിക്കുന്നത് പുഴക്കായുള്ള ജീവിതം ജീവിച്ചതിനാൽ തന്നെ .

എറണാകുളം ജില്ലയിൽ ജനിച്ച് തൃശൂരിന്റെ – ചാലക്കുടിയുടെ അരുമയായി മാറിയ ലത വിജയിച്ച സമരത്തിന്റെ പടനായികയാണ്. പരിസ്ഥിതി സമരങ്ങൾ തലമുറകളെ കരുതിയായതുകൊണ്ട് വ്യക്തിപരനേട്ടങ്ങൾ ലക്ഷ്യം വെക്കാത്തതിനാൽ വിജയിക്കേണ്ടത് അനിവാര്യമാണ്. തോൽക്കുന്ന



മേധാപട്കർ അന്ത്യോപചാരം അർപ്പിക്കുന്നു.

സമരത്തിലെ പോരാളികളാകാതെ അറിവുകൊണ്ടും ആത്മാർത്ഥത കൊണ്ടും സത്യസന്ധത കൊണ്ടും വിജയിക്കാമെന്നു് തെളിയിക്കുകയായിരുന്നു അവർ. അതിരപ്പിള്ളി പദ്ധതി ഇനി സാധ്യമാവില്ല എന്ന ബോധ്യത്താൽ നിന്നാണു് സമരസമിതി പിരിച്ചുവിട്ട് സമരം അവസാനിപ്പിക്കുന്നതായി പ്രഖ്യാപിക്കാൻ ലതക്കും സംഘത്തിനും സാധിച്ചത്.

കൃഷി വിജ്ഞാനം പഠിച്ച് പി എച്ച് ഡി നേടി ,കൃഷി ഓഫീസറായി ഔദ്യോഗി ജീവിതം തുടങ്ങിയെങ്കിലും അതിലും വലിയ ലക്ഷ്യങ്ങൾ ലതയെ മുന്നിൽ നിന്ന് പ്രലോഭിപ്പിച്ചു കൊണ്ടിരുന്നു. പാട്ടും ചിത്രം വരയും എഴുത്തും ലതക്ക് വഴങ്ങുമായിരുന്നു. വരഞ്ഞതെല്ലാം മരങ്ങളും കാടുമാണ് , പാടിയതെല്ലാം പുഴയെക്കുറിച്ചാണ്, എഴുതിയതെല്ലാം പുഴയ റിവുകളാണ്. 'നിളാ നർമ്മദാ ചിൽക്കാ' എന്ന ഗാനം ലത പാടി മനോഹരമാക്കിയതാണ്. ഡാമുകൾക്കെതിരെയുള്ള ലതയുടെ പഠനങ്ങൾ ആധികാരിക രേഖകളാണ്,

ഈ ലോകം ഇപ്പോഴുള്ളവരുടെ അതിക്രമത്താൽ കുട്ടികൾക്ക് കൊള്ളാത്തതാണെന്നും ജനപ്പെ രുപ്പം പരിസ്ഥിതി സന്തുലനം തകർക്കുമെന്നും അവർ വിശ്വസിച്ചു.അതിനാൽ തന്നെ ഈ ലോകത്ത് തങ്ങളുടെ അത്തരം സംഭാവന ആവശ്യമില്ലെന്ന് തീരുമാനിച്ചു.

എസ്. ഉണ്ണികൃഷ്ണൻ എന്ന കവിയും പരിസ്ഥിതി പ്രവർത്തകനുമായ ഭർത്താവിനും അതു

**പാട്ടും ചിത്രം വരയും എഴുത്തും ലതക്ക് വഴങ്ങുമായിരുന്നു. വരഞ്ഞതെല്ലാം മരങ്ങളും കാടുമാണ് , പാടിയതെല്ലാം പുഴയെക്കുറിച്ചാണ്, എഴുതിയതെല്ലാം പുഴയ റിവുകളാണ്. 'നിളാ നർമ്മദാ ചിൽക്കാ' എന്ന ഗാനം ലത പാടി മനോഹരമാക്കിയതാണ്. ഡാമുകൾക്കെതിരെയുള്ള ലതയുടെ പഠനങ്ങൾ ആധികാരിക രേഖകളാണ്,**

തന്നെയായിരുന്നു നിലപാട്.

51 വയസ്സിൽ ജീവിതം അവസാനിപ്പിച്ച് മഴത്തുള്ളിയായി നദികളിലൂടെ ഒഴുകിക്കൊണ്ടേ ഇരിക്കുകയാവും അവരിപ്പോഴു. അതിരപ്പിള്ളി സമര പ്രവർത്തകരിൽപ്പെട്ട അല്ലിച്ചേച്ചി അവരെ അനുസ്മരിച്ചത് 'ലത എന്ന വാക്കിനർത്ഥം വള്ളി എന്നാണല്ലോ ,ലത നമ്മുടെ ജീവനിൽ ഒരിക്കലും വാടാത്ത ഓർമ്മയായി പടർന്നു കയറട്ടെ' എന്നാണ്. ലതയെ ഓർമ്മിക്കാൻ ലത എന്ന പേരു മാത്രം മതി.

ചർച്ചാവിഷയം

വി.പി.ഖദീജ

**തലശ്ശേരി സ്വദേശിനി. കുടരഞ്ഞിയിലെ പോസ്റ്റ് മിസ്ട്രസ്സ് ആയി വിരമിച്ചു.**



# കടൽ ആദ്യമായി കണ്ടതെന്തന്നാണ്?

ഒരഞ്ചു വയസ്സുകാരി റംസാൻ വ്രതത്തിലെ നോയമ്പ് ആദ്യമായി എടുത്ത ദിവസം. ഉച്ച തിരിഞ്ഞതോടെ വല്ലാത്ത പരവേശമായിരുന്നു. ഉമ്മ ഇടയ്ക്കിടെ വന്നു വെള്ളം കുടിക്കണോ എന്നമ്പേഷിക്കും. നോമ്പ് മുറിച്ചാൽ ഇക്കാക്കയൊക്കെ കളിയാക്കി കൊല്ലുമെന്ന് അറിയാവുന്നതു കൊണ്ട് പിടിച്ചു നില്ക്കാൻ തന്നെ തീരുമാനിച്ചു. ക്ഷീണം കലശലായപ്പോൾ ഒന്ന് കിടന്നു. ഉപ്പാപ്പ വന്നു തട്ടി വിളിച്ചപ്പോൾ കണ്ണ് തുറന്നു. എന്റെ കന്നി നോമ്പ് പ്രമാണിച്ചു ഉപ്പാപ്പ (ഉപ്പാവ) അന്ന് താലൂക്ക് ആപ്പീസിൽ നിന്നും നേരത്തെ എത്തിയതാണ്,

'മോളെ, കാച്ചു' (ഉപ്പാവ മാത്രം വിളിക്കുന്ന പേരാണത്) 'കുപ്പായം മാറ്റ്, കടൽ കാണാൻ പോകാം.'

ഉപ്പാവയോടൊപ്പം പുറത്തു പോയാലുള്ള രസമറിയുന്നതു കൊണ്ട് ക്ഷീണമെല്ലാം പമ്പ കടന്നു. വേഗം കയ്യിൽ തൂങ്ങിയിറങ്ങി.

കുറേ നടന്ന് കടല് കാണാൻ തുടങ്ങി. ആ അനുഭവം തലച്ചോറു ഏതോ കോണിൽ പിടിച്ചു രേഖപ്പെടുത്തി വെച്ചിട്ടുണ്ട്. ആ രംഗത്തിന്റെ ഓർമ്മ എന്നും ആ നിമിഷങ്ങളിലേക്കു എന്നെ കൊണ്ടുപോവുന്നു. കടലോളമുള്ള ആ അനുഭൂതിക്കു അന്നും പേരറിഞ്ഞൂടായിരുന്നു. അതനുഭവിച്ചു തന്നെ അറിയണം.

ജീവിതത്തിലെ ഏറ്റവും സുന്ദരമായ നിമിഷം ഏതായിരുന്നു എന്ന് ചോദിച്ചാൽ അതിനു ഒരു ഉത്തരമേ ഉള്ളു. കടലിനടുത്തു ഉപ്പാവയുടെ കയ്യും പിടിച്ചു എല്ലാം മറന്നിരുന്ന ആ നിമിഷം. മടങ്ങുമ്പോൾ വീണ്ടും വീണ്ടും തിരിഞ്ഞു നോക്കി. ഉപ്പാവന്റെ കണ്ണിലും വല്ലാത്ത ഒരു തിളക്കം. ആ



**ഭൂമിയിലെ ജീവജാലങ്ങൾക്ക് പ്രകൃതി കനിഞ്ഞു നൽകിയ വരദാനമാണ് കടൽ. പുരാതന കാലം മുതലേ അത് മനസിലാക്കിയവർ കടൽ മാർഗം ലോകം മുഴുവൻ സഞ്ചരിച്ചു പഠിക്കാനും പഠിപ്പിക്കുവാനുമുള്ള ശ്രമമാരംഭിച്ചിരുന്നു. പുരാതന യുഗങ്ങളിൽ മനുഷ്യർ കടലിന്റെയും നദികളുടെയും ഭാഗമാവാൻ ശ്രമിച്ചിരുന്നു. സംസ്ക്കാരം പുരോഗമിച്ചു തുടങ്ങിയപ്പോൾ സഞ്ചാരികൾ കടലിനെ ഉപയോഗപ്പെടുത്തി.**

അഞ്ചു വയസ്സുകാരിയുടെ ആഹ്ലാദം പ്രസരിപ്പിച്ച ആ നിറവിൽ ഉപ്പാവ എന്നെ അണച്ച് കൂട്ടി.

കടൽ കാഴ്ചയിൽ നിന്ന് മറഞ്ഞപ്പോൾ ചക്രവാളങ്ങൾ അതിരിട്ട ആകാശത്തേക്ക് നോക്കി. കണ്ണെത്താത്തിടത്തു കാണാനെത്തിയത് കണ്ട വിസ്മയം വിട്ടുമാറിയില്ല. നോമ്പാണെന്ന കാര്യം കൂടി മറന്നു പോയിരുന്നു.

സ്കൂളിൽ പോയി തുടങ്ങിയപ്പോൾ സാമൂഹ്യപാഠങ്ങളിലും മറ്റുമായി കടലിനെക്കുറിച്ച് പഠിക്കാൻ തുടങ്ങി. വിസ്തരിച്ചൊന്നും അല്ലെങ്കിലും കടലും മാറി മഹാസമുദ്രങ്ങളെക്കുറിച്ചും അടിസ്ഥാനപാഠങ്ങൾ അറിഞ്ഞു. കടലിനെ അറിയാൻ ജന്മം ഒന്ന് പോരെന്നു അറിഞ്ഞു തുടങ്ങിയപ്പോൾ വിസ്മയം കൂടിക്കൂടി വന്നു.

ഭൂമിയിലെ ജീവജാലങ്ങൾക്ക് പ്രകൃതി കനിഞ്ഞു നൽകിയ വരദാനമാണ് കടൽ. പുരാതന കാലം മുതലേ അത് മനസിലാക്കിയവർ കടൽ മാർഗം ലോകം മുഴുവൻ സഞ്ചരിച്ചു പഠിക്കാനും പഠിപ്പിക്കുവാനുമുള്ള ശ്രമമാരംഭിച്ചിരുന്നു. പുരാതന യുഗങ്ങളിൽ മനുഷ്യർ കടലിന്റെയും നദികളുടെയും ഭാഗമാവാൻ ശ്രമിച്ചിരുന്നു. സംസ്ക്കാരം പുരോഗമിച്ചു തുടങ്ങിയപ്പോൾ സഞ്ചാരികൾ കടലിനെ ഉപയോഗപ്പെടുത്തി. ഫാഹിയാൻ, ഇബ്നു ബത്തൂത്ത, മാർക്കോ പോളോ, ക്യാപ്റ്റൻ കുക്ക്, കൊളംബസ്, ഡേവിഡ് ലിവിങ്സ്റ്റൺ തുടങ്ങിയ ഒട്ടേറെ പേർ ലോകത്തിന്റെ നാനാ ഭാഗത്തും എത്തിച്ചേർന്നു. ഒരു പരിധി വരെ കടൽ നൽകിയ പോസിറ്റിവ് എനർജി ഈ സഞ്ചാരികളുടെ പല നേട്ടങ്ങൾക്കും കാരണമായി. കടലും കടലോളമുള്ള അവരുടെ ആശയും അവരെ ഉയരങ്ങളിലേക്ക് എത്തിച്ചു.

ജീവജാലങ്ങൾക്ക് വേണ്ട എല്ലാത്തരം പോഷകങ്ങളും കടലിലുണ്ട്. അത് പരമാവധി പ്രയോജനപ്പെടുത്തണം എന്ന് മാത്രം. തോമസ് ഗ്രെ പറഞ്ഞ പോലെ മഹാസമുദ്രങ്ങളിലെ അഗാധഗർത്തത്തിലുറങ്ങിക്കിടക്കുന്ന മുത്തുകൾക്കു അതിരില്ല. കടലിലെ ആൽഗ സസ്യങ്ങളാണത്രെ ഏറ്റവും അധികം ഓക്സിജൻ ഉത്പ്പാദിപ്പിക്കുന്നത്. ഓസോൺ പാളികൾക്കു വിള്ളലുണ്ടാക്കിയ വിരുതന്മാരണല്ലോ നമ്മൾ. കടലിനെ സൂക്ഷമമായി ഉപയോഗപ്പെടുത്താൻ ശ്രമിക്കുന്നതിനു പകരം അതിനെയും നശിപ്പിച്ചാലെ അടങ്ങു എന്ന വാശിയാണ് നമുക്ക്. കര കുട്ടികളെ വേണ്ട വിധത്തിൽ പരിപാലിക്കാത്ത അമ്മയാണ്. അത് ഭൂമിയിലെ എല്ലാ മാലിന്യങ്ങളെയും (യുദ്ധം, ആണവ പരീക്ഷണം കൊണ്ടുണ്ടാവുന്നതു, ഇലക്ട്രോണിക് അവശിഷ്ടങ്ങൾ, രാസമാലിന്യങ്ങൾ, കീടനാശിനികൾ, പ്ലാസ്റ്റിക്) മഴയെയും കാറ്റിനെയും കൂട്ടുപിടിച്ചു കടലിലേക്ക് ഒഴുക്കിവിടും. പാവം കടൽ മുടിയനായ പുത്രന്റെ പിതാവിനെപ്പോലെ എല്ലാ കുന്നായ്മകളും ഏറ്റു വാങ്ങുന്നു. ഫലമോ? ഏതൊരു ജീവിക്കും അവകാശപ്പെട്ട സമുദ്ര സമ്പത്തു മലിനമാവുന്നു. പ്രത്യേകിച്ചു മനുഷ്യ വിരുദ്ധജീവിതത്തിന്റെ രക്തസാക്ഷിയാണ് കടൽ. നേരിട്ട് ഒരു ദോഷവും ചെയ്യാനിഷ്ടപെടാത്തവർ പോലും ഫലമനുഭവിച്ചേ തീരു. മുടിയനായ പുത്രന്റെ സഹോദരങ്ങളെപ്പോലെ.

പുരോഗമനം എന്ന് പറയുന്ന ഇന്നത്തെ യുഗത്തിൽ ലോകം ഒരു മൊബൈൽ ഫോണിലേക്കു ചുരുങ്ങുകയാണ്. ഇനി അത് ബിന്ദുവിലേക്കു ഒതുങ്ങുന്ന കാലം വിദൂരമല്ല. പുരോഗമനം ചിലപ്പോൾ വളയമില്ലാതെ ചാടുന്നത് പോലെ ഈ ലോകം ഒരു മായാ പ്രപഞ്ചമായി തീരും.

ഒരു വയസ്സ് തികയുമ്പോൾ മുതൽ കുട്ടികൾ ഫോണിന്റെ അടിമകളാണ്. അവർക്കു വേണ്ടി സമയം നീക്കി വെക്കാൻ മിനക്കെടുത്താത്ത മാതാപിതാക്കൾ ബോധപൂർവ്വമല്ലാതെ ചെയ്യുന്ന അപരാധമാണ് ഈ മൊബയിൽ ഫോൺ താല്പര്യത്തിനു പ്രധാന കാരണം. ചലനാത്മകമായ ഈ ലോകത്തു ചലിച്ചു കൊണ്ടിരിക്കുന്ന നമ്മൾ

**ജീവജാലങ്ങൾക്ക് വേണ്ട എല്ലാത്തരം പോഷകങ്ങളും കടലിലുണ്ട്. അത് പരമാവധി പ്രയോജന പെടുത്തണം എന്ന് മാത്രം. തോമസ് ഗ്രെ പറഞ്ഞ പോലെ മഹാസമുദ്രങ്ങളിലെ അഗാധഗർത്തത്തിലുറങ്ങി ക്കിടക്കുന്ന മുത്തുകൾക്കു അതിരില്ല. കടലിലെ ആൽഗ സസ്യങ്ങളാണത്രെ ഏറ്റവും അധികം ഓക്സിജൻ ഉത്പ്പാദിപ്പിക്കുന്നത്.**



ശരിക്കും കാറ്റിൽ പറക്കുന്ന ധൂളിപോലെ ചിലർ മൊബൈൽ ഫോണിൽ. ഇതിനിടയ്ക്ക് ദിവസങ്ങളും ആഴ്ചകളും മാസങ്ങളും വർഷങ്ങളും കൊഴിഞ്ഞു പോവുന്നത് അറിയാറില്ല. ശാരീരിക അധ്വാനം കുറയുന്നതനുസരിച്ചു രോഗ പ്രധിരോധ ശക്തി കുറയും, മരുന്നും മന്ത്രവും ജീവിതത്തിന്റെ ഭാഗമാകും.

നേട്ടങ്ങൾ എന്ന് നമ്മൾ അഭിമാനിക്കുന്ന സൗകര്യങ്ങൾ ഇന്ന് മൃതസങ്കൽപ്പങ്ങളാണെന്നും വിശപ്പുള്ളവനെ രുചിയറിയൂ, ക്ഷീണിതനേ ഉറക്കത്തിന്റെ സുഖമറിയൂ. ആവശ്യത്തിനും അനാവശ്യത്തിനും കളിക്കോപ്പുകളും ഭക്ഷണ സാധനങ്ങളും വാങ്ങിക്കൊടുത്തു ഒന്നിന്റെയും വിലയറിയാത്ത ഒരു തലമുറയെ ആണ് നാം ഉണ്ടാക്കിയെടുക്കുന്നത്. മാർക്കറ്റിങ്ങിലും പരസ്യങ്ങളിലും കുരുങ്ങി നമ്മൾ നമ്മളല്ലാതാവുന്നു. ഫലമോ? സാധനങ്ങൾ കുന്നു കൂടി മഹാസമുദ്രങ്ങൾ പോലും പൂരിതമായി പോവുന്നു. എത്രകണ്ട് പുരോഗതിയെ വാഴിത്തിയാലും അർബുദാണുക്കളെ പോലെ പടർന്നു പിടിക്കുന്ന ഫാസിസവും അക്രമങ്ങളും ഒരു ഭാഗത്തു അനുദിനം മരുന്നുകൾക്കൊന്നും വഴങ്ങാതെ ശക്തി പ്രാപിച്ചു വരുന്ന ബുദ്ധിമുട്ടുണ്ടാക്കുന്ന ചെറു ജീവികളുടെ ബാഹുല്യം മറുവശത്തു. ഈ മായിക പ്രപഞ്ചത്തിൽ നിന്ന് ഒരു ഒഴിവെടുത്തു മ്യൂസിക് തെറാപ്പി പോലെ കടൽ തെറാപ്പിയും ദൈനംദിന ജീവിതത്തിൽ ഉൾപ്പെടുത്തിയെ മതിയാവൂ.

ചുരുങ്ങിയ ഇടവേളകളിൽ കടൽ തീരത്തു എത്തിച്ചേരാൻ ശ്രമിക്കണം. കടൽ കാറ്റേറ്റ് പിഞ്ചിളം മനസ്സ് കടലിന്റെ പരപ്പനുഭവിക്കട്ടെ, അവരിൽ മോദിക്കൂട്ടങ്ങളെയും ജിഹാദികളെയും പോലെ വിഷം കുടിവെക്കാനാവില്ല. കടൽ കണ്ടു വളരുന്നവരുടെ ഒപ്പം അതിന്റെ ആഴവും പരപ്പും അറിയുന്നവർക്കൊപ്പം കക്ക പെറുക്കുന്ന കുഞ്ഞുങ്ങൾക്ക് ഒപ്പം ഈ പഴയ മനസുമായി ഞാനും ആ കടൽ കാറ്റിനെയും കടൽ മണലിനേയും എന്റെ ഉപ്പാവയെയും ഓർത്ത് ഉണ്ടാവും.

---

കവിത

**ശ്രീനിധി കെ.എസ്.**

# വിശുദ്ധമൗനം



പ്രതീക്ഷിക്കാതെ പെയ്ത
മഴത്തുള്ളി പോലെയാണ്
പെറ്റു വീണത്...
ഒരു ഹൈകു കവിതയോളം
കുറിയതായിരുന്നു...
സുതാര്യമെന്നു തോന്നിച്ചെങ്കിലും
ആയിരം നിറങ്ങളെ തേടിയാണു
കണ്ണ് തുറന്നത്...
അന്ന്
അർത്ഥമറിയാത്ത വാക്കായിരുന്നു
മൗനം...
ഒരു കൊടുവേലിപ്പടർപ്പിന്റെ
നിഴലിൽ വച്ച്,നട്ടുച്ചക്ക്
ആദ്യമായി ലിംഗനിർണ്ണയം നടത്തപ്പെട്ടു...
സിഗരറ്റ് മണം കലർന്ന
മുറുക്കിത്തുപ്പൽ ലയിച്ച്
ചാലെല്ലാം ചെഞ്ചാലായൊഴുകി...
അന്നു രാത്രി
കാലവർഷത്തിമിർപ്പിൽ
കൊടുവേലി തല തല്ലി മരിച്ചു...
പിന്നെ ചാലിച്ച നിറങ്ങളിലെല്ലാം
നിറമില്ലായ്മയുടെ നേരിയ നര പടർന്നിരുന്നു!
പിന്നെ എഴുതിയ കവിതയിലെല്ലാം
മൗനത്തിന്റെ ചവർപ്പുണ്ടായിരുന്നു!
ഇടക്കെന്നോ കവിയെ കണ്ടു...
സുന്ദരൻ... ജഡാധാരി ...
എന്റെ പതിവോളങ്ങൾക്കു കുറുകെ
അയാൾ ശാന്തം വിരലൊഴുക്കി
നിശ്ശബ്ദ കവിതകളെഴുതി

ഒടുവിൽ എന്റെ തന്നെയാഴങ്ങളിലേക്ക്
ആത്മഹത്യ ചെയ്യും മുൻപ്
അവൻ പറഞ്ഞു–
'ഞാൻ കേട്ട പൊട്ടിച്ചിരികളിൽ..
ഞാൻ കേട്ട പൊട്ടിക്കരച്ചിലുകളിൽ..
ഒച്ച കൂടിയത് നിന്റെ മൗനങ്ങൾക്കായിരുന്നു...'
ഒരു മറുപടി മരണക്കുറിപ്പ്
എഴുതാൻ സാധിക്കാത്ത വിധം
അപ്പോഴേക്കുംമെന്നെ
അണ കെട്ടി നിർത്തിയിരുന്നു...

***സമർഷണം***

ചിതാഭസ്മകുംഭങ്ങളെ
മൗനം വഹിക്കുന്ന പുഴക്ക്...
മൗനം ഉടച്ചുവാർത്ത്
പുഞ്ചിരി പണിയാൻ
കഴിയാതെ പോയ
തട്ടാത്തിമാർക്ക്...
തോറ്റ പുഴക്ക്...
തോറ്റ പെണ്ണിന്...

ചർച്ചാവിഷയം /കഥ

കെ. ആർ. രാഗി

**കോഴിക്കോട് ഗവ.ആർട്സ് കോളേജിൽ ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക**





# ഉരഗയക്ഷി

'**ഞാ**ൻ മടങ്ങിയെത്തിരിക്കുന്നു,
എന്നിട്ടും കടലെന്റെ നേർക്കയക്കുന്നത്
എനിക്കു പരിചിതമായ നുരകൾ.
എന്റെ നോട്ടത്തിന്റെ വഴി അതിനു വഴങ്ങുന്നില്ല.
മണലെന്നെ തിരിച്ചറിയുന്നുമില്ല.'
- പാബ്ലോ നെരൂദ

നേരം പുലരുന്തോറും കടലിന്റെ ചൂടു കൂടി വന്നിട്ടും, എന്റെ ചുറ്റിലുള്ള വെള്ളം തണുത്തു തന്നെ കിടന്നു. എന്നോ തണുത്തുപോയ ശരീരം കടൽവെള്ളത്തിനേയും മരവിപ്പിക്കാൻ ശ്രമിക്കുന്നു. നനഞ്ഞു പറക്കുമ്പോൾ ഒട്ടും തന്നെ അസ്വസ്ഥത തോന്നിയിട്ടില്ല. ഇന്നലെ മുടിയിഴകളിലൂടെ നീന്തി നടന്ന മീനുകളുടെ കഥകൾ കോർത്താൽ ഇന്നത്തെ പാട്ടിനുള്ള വകയായി. എല്ലാറ്റിലും ഒരു സാധ്യത കാണണം എന്നാണല്ലൊ ജീവിതം പഠിപ്പിക്കാൻ ശ്രമിച്ചത്. അതിപ്പൊ മരണത്തിനു ശേഷവും സാധിച്ചെടുക്കാൻ പറ്റിയില്ലെങ്കിൽ മരിച്ചതു വെറുതെയായിപ്പോവും.

വെള്ളത്തിനു ഉപ്പു കൂടുമ്പോൾ കയ്ക്കും എന്നാണ് കേട്ടിട്ടുള്ളത്. അവസാനം മുങ്ങി താഴുമ്പോഴും കുടിച്ചത് കയ്പ്പുനീരല്ലല്ലൊ

എന്നോർത്തു പോയി . നേരം നല്ലവണ്ണം പുലരാൻ നിൽക്കണ്ട എന്നാണ് തോന്നുന്നത്. മൂർദ്ധാവിൽ നിന്നും ഒലിച്ചിറങ്ങുന്ന വെള്ളം കാൽപ്പാദം വരെയെത്താൻ നിന്നില്ല. കാറ്റിലേക്ക് ഏന്തിവലിഞ്ഞു കേറി പറന്നു.

പൊത്തിൽ ആരുമില്ല. അവിടെയിരിക്കാൻ തോന്നിയില്ല. നാളെ പൂക്കാൻ വച്ച പാലമരത്തിന്റെയൊരു ചില്ലയിൽ കാലു കോർത്തിട്ട് തലകീഴായി കിടന്നു. കണ്ണുകൾ തിരിച്ചുരുട്ടി നോക്കി. കോളേജു കുട്ടികൾ വന്നുതുടങ്ങി. കാറുകൾ വരുന്നു. വൈകീട്ട് വരെ നിലയ്ക്കാത്ത ബഹളം. ഇതെല്ലാം കാണാതെ പൊത്തിൽപ്പോയി ഒളിച്ചിരുന്നിട്ടെന്താ കാര്യം. യക്ഷികൾ പ്രേമിക്കാൻ മാത്രമല്ല, ഇങ്ങനെ നേരമ്പോക്കിനും സമയം കണ്ടെത്തുന്നവരാണ്. കോളേജ് വിട്ടാൽ രാത്രിയിൽ ഓർത്തെടുത്ത മോഹമണികൾ ഉരുവിട്ട് കരയാനുള്ളതാണ്. നാഴികകൾ ഒരുപാട് കഴിഞ്ഞ്, മുഖം കനപ്പിച്ച് കടലിൽ പോവേണ്ടതാണ്. അങ്ങിനെയാണ് രാത്രിചര്യ.

ഇന്നിപ്പോൾ ഒരു വരി മനസ്സിൽ വന്നു. എന്റെ ശരീരമില്ലായ്മ മുഴുവൻ മനസ്സാണ്. എല്ലാവർക്കും വേണ്ടിയങ്ങ്, ഒരു ശ്രുതിക്കും കീഴ്പ്പെടാതെ പാടി-

'പൊഴിഞ്ഞു തുടങ്ങിയ പാലയുടെ
മണത്തിനു നൽകാവുന്ന
ഏറ്റവും വലിയ പ്രേമം
നിന്റെ ചോരയൂറ്റി കുടിക്കാൻ സാധിക്കാത്ത,
കൊഴിയാൻ തയ്യാറായ
എന്റെ തേഞ്ഞ ദ്രംഷ്ട്രകളാണ് '. അതെ...

ഞാനും പാലയും വിരമിക്കാറായി. അടുത്ത കെട്ടിടപ്പണിയുടെ കണക്കിൽ ഇതു മുറിക്കാൻ പോകുകയാണെന്ന് ഇന്നലെ ഇവിടെ വന്നിരുന്ന രണ്ട് ടീച്ചർമാർ സങ്കടത്തോടെ പറയണത് കേട്ടു. രണ്ടിനും പ്രാന്താണ്. ഇതിന്റെചോട്ടിലിരുന്നു കരയും, കവിതകൾ പാടും. ചില ദിവസങ്ങളിൽ ഇവരുടെ ഒപ്പമാണ് കടലിലേക്ക് പോവാറുള്ളത്. സന്ധ്യ മയങ്ങിയാൽ കടപ്പുറത്തുകൂടെ അവർ കവിതകൾ ഉച്ചത്തിൽ പാടി പോകുന്നത് ഈ പാറയിടുക്കിൽ കല്ലുമ്മക്കായകളുടെ കൂടെ പറ്റിപ്പിടിച്ചിരിക്കുമ്പോൾ ഞാൻ കാണാറുണ്ട്. കൊള്ളാം... എനിക്ക് പറ്റിയ പിൻതലമുറക്കാർ.

ഇരുട്ട്. ഇന്ന് ചങ്കുപൊട്ടുവോളം പാടി. ഒന്നുമില്ല. ചിലരെയൊക്കെ ഓർത്തു. ഈ പാലമരത്തിന്റെ സുഗന്ധത്തേയോ കടലിന്റെ അന്തർച്ചലനങ്ങളെയോ മനസ്സിലാക്കാത്തവൻ. അതിലെ നിറഞ്ഞ അസ്സാന്നിധ്യയായ എന്നെ കാണാത്തവൻ. അവന്റെ നഷ്ടം അവനു അറിയപോലും ചെയ്യാത്തത് എന്തൊരു കഷ്ടമാണ്. എനിക്കൊന്നുമില്ലെങ്കിലും പാടി തീർക്കാലൊ. കടൽക്കാറ്റ് വന്നു. പോവട്ടെ.

ആദ്യത്തെ വെട്ട് കൊണ്ടത് കാൽപ്പത്തിയിലേക്കാണ്. തൂങ്ങി കിടക്കുകയായിരുന്നു ഞാൻ. പൊത്തിലേക്ക്

**ഇരുട്ട്. ഇന്ന് ചങ്കുപൊട്ടുവോളം പാടി. ഒന്നുമില്ല. ചിലരെയൊക്കെ ഓർത്തു. ഈ പാലമരത്തിന്റെ സുഗന്ധത്തേയോ കടലിന്റെ അന്തർച്ചലനങ്ങളെയോ മനസ്സിലാക്കാത്തവൻ. അതിലെ നിറഞ്ഞ അസ്സാന്നിധ്യയായ എന്നെ കാണാത്തവൻ. അവന്റെ നഷ്ടം അവനു അറിയപോലും ചെയ്യാത്തത് എന്തൊരു കഷ്ടമാണ്. എനിക്കൊന്നുമില്ലെങ്കിലും പാടി തീർക്കാലൊ. കടൽക്കാറ്റ് വന്നു.**

വലിഞ്ഞുകേറി. ഇരുമ്പ് എനിക്ക് സ്വതവേ ഇഷ്ടമല്ല. അടുത്തത് അറുക്കവാൾ കീറിയത് എന്റെ നെഞ്ചിനെയാണ്. സന്തോഷം. പല്ലില്ലാതെ ഇളിച്ചു ഞാൻ. മരക്കറ ആകെ ശരീരത്തിൽ പടർന്നു. പാവം പാലച്ചോരക്കറ. എന്റെ കാലും, കൈയ്യും, തലയുമെല്ലാം പെറുക്കിക്കൂട്ടി ചേർത്തുവച്ച് ശരിയാക്കി ഞാൻ പറന്നു. കടലിന്നു ഇളകി മറിയുന്നില്ല. എന്തോ പന്തിക്കേടുണ്ട്. വെള്ളം പതിവിലും നേരത്തെ തണുത്തുറഞ്ഞു കിടക്കുന്നു. ഉപ്പുരസമാണെങ്കിൽ ലവലേശമില്ല. മുടിയിഴകൾ ഒട്ടിപ്പിടിക്കുന്നില്ല. ചേമ്പില പോലെ ജലമെന്നോട് പകപോക്കുന്നു. എന്റെ വായയിൽ നുര പതഞ്ഞു. ശരീരം ഭാരം കൊണ്ട് ഏന്തി വലിഞ്ഞുകേറാൻ ബുദ്ധിമുട്ടി. കാലിൽ നിറയെ ചിപ്പിച്ചീളുകൾ കുത്തിക്കയറിയിരിക്കുന്നു. മണലിൽ പൊതിഞ്ഞ ഞാൻ ഇഴഞ്ഞു കയറി. ആ കിടപ്പിൽ കടലിനെ നോക്കി കിടന്നു.

ദൂരെ കടലിനെ നോക്കിയിരുന്ന ഇരുവരെയും കണ്ടു. വേണ്ട . ഈ വംശം ഇവിടെ നശിക്കട്ടെ. ജലത്തിൽ പോലും അഭയമില്ലാതെ ഇഴഞ്ഞുകേറിയിട്ടായിരിക്കണം ഉരഗങ്ങൾ ഉണ്ടായത്. കരയിൽ നിരങ്ങിയും ജീവിച്ചും, അല്ലാതെയും ... തിരിച്ചൊരിക്കലും പോകാനാവാതെ ...

ലേഖനം

ഷീജ ആർ.എസ്.



# സ്ത്രീപ്രാതിനിധ്യം – നാട്യശാസ്ത്രത്തിൽ

കാലടി സംസ്കൃതസർവ്വകലാശാല
അദ്ധ്യാപിക

ഭരതമുനിയുടെ നാട്യശാസ്ത്രം ഭാരതീയർക്കു ലഭിച്ച അമൂല്യമായ ശാസ്ത്രഗ്രന്ഥമാണ്. ക്രിസ്തുവിന് മുൻപ് 1-ാംശതകത്തിലാണ് നാട്യശാസ്ത്രരചനഎന്ന് കരുതപ്പെടുന്നു. സംസ്കൃതമീമാംസാചരിത്രം ആരംഭിക്കുന്നത് നാട്യശാസ്ത്രത്തോടെയാണല്ലോ. മുപ്പത്തിയാറ് അദ്ധ്യായങ്ങളിലായി 6000 ശ്ലോകങ്ങളാണ് ഇതിലടങ്ങിയിരിക്കുന്നത്. നാട്യോത്പത്തി മുതൽ നാട്യമണ്ഡപനിർമ്മാണം, ആംഗികാദി അഭിനയങ്ങൾ, രസം, സംഗീതം, വാദ്യം, നൃത്തം, തുടങ്ങി നാട്യവുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളുമാണ് നാട്യശാസ്ത്രത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. ശൂദ്രർക്ക് വേദങ്ങൾ അദ്ധ്യയനം ചെയ്യാൻ പാടില്ലാത്ത അക്കാലത്ത് എല്ലാവർക്കും രസിക്കാനായി അഞ്ചാമതൊരു വേദം രചിക്കാനുള്ള ബ്രഹ്മാവിന്റെ നിർദ്ദേശപ്രകാരമാണ് ഭരതൻ ഋഗ്വേദത്തിൽ നിന്ന് പാഠ്യവും (ഉച്ചാരണം, ആശയം), സാമവേദത്തിൽ നിന്ന് ഗീതവും യജുർവേദത്തിൽ നിന്ന് അഭിനയവും അഥർവ്വവേദത്തിൽ നിന്ന് രസവും സ്വീകരിച്ചുകൊണ്ട് നാട്യവേദം സൃഷ്ടിച്ചതത്രെ. ഇത് തന്റെ ആറുപുത്രന്മാരെ പഠിപ്പിക്കുകയും ചെയ്തു എന്ന് പറഞ്ഞുവരുന്നു. നാട്യവിദ്യയെ സംബന്ധിച്ച ഭാരതീയർക്ക് ലഭ്യമായ ആദ്യശ്രേഷ്ഠഗ്രന്ഥമാണിത്. നാടകവേദിയെ സംബന്ധിച്ച വിശകലനത്തിനാണ് ഇതിൽ പ്രാധാന്യം. നാട്യമണ്ഡപത്തിന്റെ ആദ്യത്തെ പ്രവർത്തകനായും നാട്യവിദ്യയുടെ സൂത്രധാരനായും ഭരതമുനിയെ കരുതിവരുന്നു. സാംഗോപാംഗമെന്നോ സർവ്വാംഗീണമെന്നോ കരുതുന്ന പ്രതിപാദനമാണ് നാട്യശാസ്ത്രത്തിലുള്ളത്.

'ഷഡ്സഹസ്രി' എന്നും നാട്യശാസ്ത്രത്തിന് പേരുണ്ട്. രംഗസംവിധാനം, നാടകാവതരണം,അഭിനയം, നൃത്തം ഗീതം മുതലായവയും ദൃശ്യവും ശ്രവ്യ

വുമായ കലകളെയും കുറിച്ചും പ്രതിപാദിച്ചിട്ടുള്ള ഏറ്റവും പ്രാചീനമായ ഗ്രന്ഥമായിതിനെ കാണാം. മുപ്പത്തിയാറദ്ധ്യായങ്ങളിലായി വിവരിക്കുന്ന നാട്യവേദങ്ങളിൽ അരങ്ങിനെയും രംഗപൂജയെയും, നൃത്തഭേദങ്ങളെയും പൂർവ്വരംഗവിധികളെയും രസഭാവങ്ങളെയും ഓരോരോ അദ്ധ്യായങ്ങളിലായി ചർച്ച ചെയ്യുന്നതോടൊപ്പം കഥാപാത്രങ്ങളുടെ പ്രകൃതിഭേദങ്ങളും നടന്മാർക്കുള്ള പ്രാധാന്യം, സ്ത്രീകൾക്ക് നാട്യഗൃഹത്തിലുള്ള സ്ഥാനം എന്നിവയും ചർച്ച ചെയ്യുന്നു. സാമാന്യാഭിനയപ്രതിപാദകമായ 24-ാംഅദ്ധ്യായത്തിലാണ് സ്ത്രീകളെക്കുറിച്ചുള്ള പരാമർശം. സ്ത്രീകളുടെ ശൃംഗാരചേഷ്ടകൾ, കാവ്യാർഥാഭിനയഭേദങ്ങൾ, സ്ത്രീകളുടെ സ്വഭാവഭേദങ്ങൾ, കാമോപചാരങ്ങൾ, തുടങ്ങിയവയെയും 25-ാംഅദ്ധ്യായത്തിൽ ഗണികകളുടെ ബാഹ്യോപചാരങ്ങളെപ്പറ്റിയുള്ള വിസ്തൃതമായ നിരൂപണവുമാണ് ഈ അദ്ധ്യായത്തിൽ നടത്തുന്നത്. നാട്യശാസ്ത്രത്തിൽ
സാഹിത്യശാസ്ത്രത്തെക്കുറിച്ചുള്ള സൂചന ആറ്, ഏഴ് അദ്ധ്യായങ്ങളിലെ രസ-ഭാവങ്ങളെക്കുറിച്ചുള്ള ചർച്ചയിലാണ് കാണപ്പെടുന്നത്. ലോകത്തിൽ ഏററവും കൂടുതൽ ചർച്ചയ്ക്കും പഠനത്തിനും വിഷയമായത് രസഭാവങ്ങളാണല്ലോ.

നാട്യത്തിന്റെ സ്വഭാവഭേദമനുസരിച്ച് വൃത്തികളെ ഭാരതി, സാത്വതി, കൈശികി, ആര്യഭടി എന്നിങ്ങനെതരംതിരിച്ചിരിക്കുന്നു. ഭാരതിയിൽ വാചിക അഭിനയവും, സാത്വതിയിൽ ശരീരാഭിനയവും, കൈശികിയിൽ നൃത്തവും ഗീതവും ഏറിയിരിക്കും. ഒരു നടനോ നടിയോ ഏതെങ്കിലും കഥാപാത്രത്തിന്റെ ഭാഗം അഭിനയിക്കുമ്പോൾ അതിന് പറ്റിയ വേഷഭൂഷാദികൾ അണിയുന്നതിനെക്കുറിച്ച് 23-ാംഅദ്ധ്യായത്തിലും സാമാന്യാഭിനയനിരൂപണം ചെയ്യുന്ന 24-ാംഅദ്ധ്യായത്തിൽ സ്ത്രീകളെക്കുറിച്ചും പ്രതിപാദിക്കുന്നു. സ്ത്രീകളുടെ ഭാവ-ഹാവാദികൾ ശൃംഗാരചേഷ്ടകൾ, ശോഭ, കാന്തി തുടങ്ങി സ്ത്രീകളിൽ കാണുന്ന അയത്നജമായ അലങ്കാരങ്ങൾ, സ്ത്രീകളുടെ സ്വഭാവം, നാട്യഭേദം, കുടുംബപ്രേക്ഷകരിൽ മടുപ്പുളവാക്കുന്ന ആലിംഗനം, ചുംബനം എന്നിവ രംഗത്ത് കാണിക്കരുത് എന്നിങ്ങനെയുള്ള കാര്യങ്ങളെല്ലാം ഈ അദ്ധ്യായത്തിൽ വിശദീകരിയ്ക്കുന്നുണ്ട്. നാട്യശാസ്ത്രം 34 -ാം അദ്ധ്യായത്തിൽ നായകന്റെയും നായികയുടെയും സ്വഭാവം അന്ത:പ്പുരസ്ത്രീകൾ, അവിടെ നിയമിക്കാവുന്ന പുരുഷന്മാർ തുടങ്ങിയവയെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്.

അതിപ്രാചീനകാലം മുതൽക്കേയുള്ള ചരിത്രവും സാഹിത്യവും പരിശോധിച്ചാൽ സ്ത്രീ എന്ന പരാമർശം പോലും പുരുഷതാല്പര്യത്തിലധിഷ്ഠിതമായിരുന്നുവെന്ന് കാണാം. അധികാരവും അറിവും പുരുഷാധികാരസമൂഹത്തിന്റെ ചിഹ്നമായി മാറുമ്പോൾ സ്ത്രീ അവിടെ അന്യവത്ക്കരിക്കപ്പെടുന്നു. സ്ത്രീയെ കേവലം അലങ്കാരവസ്തു, ഉപഭോഗവസ്തു എന്നതിനപ്പുറം ചിന്തിക്കാൻ അവർ ശ്രമിച്ചിരുന്നില്ല. അതിനായി ഉചിതമൂല്യങ്ങളെ വച്ചുകൊണ്ട് സത്രീസമൂഹബന്ധങ്ങളെ അവർ ഉറപ്പിച്ചു. പുരുഷന്റെ കാഴ്ചയ്ക്ക് അനുയോജ്യമായ ഒന്നായി മാത്രമേ സ്ത്രീയെ വളരാനും വികസിക്കാനും അന്ന് അനുവദിച്ചിരുന്നുള്ളൂ.

വേദകാലങ്ങളിലും പുരാണേതിഹാസങ്ങളിലും മനുസ്മൃതികളിലുമെല്ലാം പരമ്പരാഗതനിയമസംഹിതയ്ക്കനുസരിച്ച് സ്ത്രീയെ നിർവ്വചിക്കുകയും ഒതുക്കിനിർത്തുകയും ചെയ്തു. പൊതുവെ സ്ത്രീയെ ഐഹിക സുഖഭോഗങ്ങളുടെ പ്രതീകമായാണ് കണ്ടിരുന്നത്. സ്ത്രീ സർവ്വംസഹയും പ്രകൃതിയുമാണ് എന്നിങ്ങനെയുള്ള വിശേഷണങ്ങളിലൂടെ അവളെ പുരുഷന്റെ കൈയ്യിലെ പാവയാക്കി



കുടുംബവ്യവസ്ഥക്കുള്ളിൽ മാതാവ്, ഭാര്യ എന്നീ നിർവ്വചനങ്ങൾക്കുള്ളിലാക്കി. സ്ത്രീയുടെ ഒത്തുതീർപ്പുകൾ, സഹനം എന്നിവ അവളെ അകത്തളങ്ങളിലേയ്ക്കൊതുക്കാൻ പുരുഷാധിപത്യസമൂഹത്തെ ഏറെ സഹായിക്കുകയും ചെയ്തു.

നാട്യശാസ്ത്രത്തിലും സ്ത്രീകളെക്കുറിച്ചുള്ള പരാമർശങ്ങൾ വ്യത്യസ്തമല്ല. ബ്രഹ്മാജ്ഞയനുസരിച്ച് നാലുവേദങ്ങളുടെ സാരാംശം ഉൾക്കൊള്ളിച്ച് നാട്യവേദം എന്ന അഞ്ചാമതൊരു വേദം നിർമ്മിച്ചതായും പുത്രിമാരെ വൃത്തികളെക്കുറിച്ച് പഠിപ്പിച്ചതായും ഉള്ള സന്ദർഭത്തിലാണ് കൈശികി വൃത്തിയെ സൂചിപ്പിക്കുന്നത്.

ഭാരതിം സാത്വിതിം ചൈവ
വൃത്തമാരംഭടിം തഥാ
സമാശ്രിതപ്രയോഗസ്തു
പ്രായുക്തോവൈ, മയാദ്വിജാ:
(നാട്യശാസ്ത്രം 22-ാം ശ്ലോകം)

വാക്ക്, മനസ്സ്, ശരീരം ഇവ മൂന്നുമാണ് നാട്യപ്രയോഗത്തിൽ പ്രധാനമായത്.

അഥാഹ,മാം സുരഗുരു:
കൈശികിമപിയോജയ
യച്ച, തസ്യാം, ക്ഷമം, ദ്രവ്യം
തദ് ബ്രൂഹി, ദ്വിജസത്തമ:
(നാട്യശാസ്ത്രം 23-ാം ശ്ലോകം)

'സൗന്ദര്യ'ത്തിന് വേണ്ടിമാത്രം ചെയ്യുന്നതാണ് കൈശികിവൃത്തി. നാട്യത്തിൽ മാധുര്യം, ലാളിത്യം തുടങ്ങിയവ വർദ്ധിക്കുന്നത് കൈശികി വൃത്തിയുടെ മഹിമകൊണ്ടാണ്. ലളിതമായ ശൃംഗാരരസാസ്വാദം ജനിപ്പിക്കുന്ന കൈശിക വൃത്തി സ്ത്രീകൾക്കല്ലാതെ പുരുഷന്മാർക്ക് പ്രയോഗിക്കുവാൻ കഴിയുകയില്ല.അതിനായി ബ്രഹ്മാവ് 24 അപ്സരസ്സുകളെ സൃഷ്ടിച്ചു.

മഞ്ജുകേശിം സുകേശിം ച
മിത്രകേശിം സുലോചനാം
സൗദാമിനിം ദേവദത്താം
ദേവസേനാം മനോരമാം
സുദതിം സുന്ദരിം ചൈവ
വിദഗ്ദ്ധാം വിപുലാം തഥാ
സുമാലാം സന്തതിം ചൈവ
സുനന്ദാം സുമുഖിം തഥാ
മാഗധിം മർഞ്ജുനിം ചൈവ
സരളാം കേരളാം ധൃതിം
നന്ദാം സപുഷ്കലാം ചൈവ
കളഭാം ചൈ
വ മേ ദദൌ (28-ാം ശ്ലോകം)

നാട്യപ്രയോഗത്തിൽ മുനികളോടൊപ്പം സ്ത്രീഭാഗം അഭിനയിക്കാൻ മുനികുമാരിമാർ യോഗ്യരല്ലെന്ന് അപ്സരസ്സുകളെ സൃഷ്ടിച്ചുകൊടുത്തതിലൂടെ വ്യക്തമാക്കിയിരിക്കുന്നു.

കലാദർശനങ്ങൾ അതാതു കാലത്തെ സാമൂഹിക വ്യവസ്ഥയ്ക്കനുസരിച്ച് രൂപപ്പെടുകയും പരിഷ്ക്കരിക്കപ്പെടുകയും ചെയ്യുന്നു. ഇന്ത്യൻ സംസ്ക്കാരത്തിന്റെ പ്രാചീനരേഖകൾ 'ഋഗ്വേദ'ങ്ങളിലാണ് കാണപ്പെടുന്നത്. വൈദിക സാഹിത്യത്തിൽ തൊഴിലിലെ സ്ത്രീ പുരുഷവിഭജനവും പുരുഷമേധാവിത്വത്തിലൂന്നിയ കുടുംബസംവിധാനവും നിലനിന്ന, സാമൂഹിക ജീവിതസംസ്ക്കാരമാണ് നിഴലിയ്ക്കുന്നത്. മനുസ്മൃതി, കാമശാസ്ത്രം, അർത്ഥശാസ്ത്രം എന്നിവ വർണ്ണവർഗ്ഗപരമായി സംഘടിതരായ ഘട്ടത്തിൽ രചിച്ചതായിരിക്കാം 'മനുസ്മൃതി'യിൽ സമൂഹനിയമവിധികളെയും 'അർത്ഥശാസ്ത്ര'ത്തിൽ അധികാരരാഷ്ട്രീയ പാഠങ്ങളെയും കാമസൂത്ര'ത്തിൽ സ്ത്രീപുരുഷഭോഗവിധങ്ങളെയും നിർദ്ദേശിക്കുന്നു. 'മനുസ്മൃതി'യിൽ സ്ത്രീകൾക്ക് ഗൃഹഭരണമാണ് വിധിച്ചിരിക്കുന്നത്. ഭർത്തൃശുശ്രൂഷയിലൂടെയാണ് സ്ത്രീയ്ക്ക് സ്വർഗ്ഗം കിട്ടുക എന്നും കാമവികാരം കൊണ്ടു മറ്റൊരു പുരുഷനെ പ്രാപിക്കരുത് എന്നും തുടങ്ങിയ വിധികൾ ഇതിൽ നിർദ്ദേശിക്കുന്നുണ്ട്.

അർത്ഥശാസ്ത്രത്തിൽ 'വിവാഹ'ത്തെ ഒരു വ്യവഹാരമായിട്ടാണ് കാണുന്നത്. വേശ്യാവൃത്തിയെക്കുറിച്ചും ഇതിൽ പരാമർശിക്കുന്നുണ്ട്. പാതിവ്രത്യത്തോടൊപ്പം വേശ്യാവൃത്തിയും സ്വപ്നവൽക്കരിക്കപ്പെട്ട ഒരു വ്യവസ്ഥയെയാണ് ഈ ഗ്രന്ഥം പ്രതിനിധാനം ചെയ്യുന്നത്. കാമസൂത്രം രാഗവും രതിയും



കലയായി അംഗീകരിച്ച ഒരു നാഗരിക സമൂഹത്തിന്റെ സൃഷ്ടിയാണ്. കാമസൂത്രം നാലാം അദ്ധ്യായത്തിൽ ഭാര്യ ഭർത്തൃഹിതമനുസരിച്ച് കുടുംബകാര്യം നിർവ്വഹിക്കേണ്ടവളാണ് എന്ന് പറഞ്ഞിരിക്കുന്നു. സർവ്വഥാ ഭർതൃഹിതം മാത്രം പരിരക്ഷിക്കേണ്ടവളാണ് ഭാര്യ. ഗണികകളെ പരാമർശിയ്ക്കുന്നതിൽ നിന്നും വേശ്യയും ഭാര്യയ്ക്കൊപ്പം സമൂഹത്തിൽ നിലനിന്നിരുന്നുവെന്ന് കാണാം.

ഒരു സ്ത്രീയ്ക്ക് പാചകക്കാരിയായി, ശയ്യാസഖിയായി അഭിനയിക്കണം. അവൾ അവളുടെതല്ല, കുടുംബത്തിന്റെതാണ്. സ്ത്രീകൾക്ക് അഭിനയം വിലക്കിയിരുന്ന അന്നത്തെ സമൂഹത്തിൽ അവൾ

നാടകവേദിയുമായി ബന്ധപ്പെട്ടിരുന്നില്ല. 'പെണ്ണായി പിറക്കുന്ന ഒരോ പ്രതിഭയും മനുഷ്യവംശത്തിന് നഷ്ടപ്പെടുന്നു' എന്ന സ്റ്റെന്താളിന്റെ വാക്കുകൾ (Second Sex, Stental, സച്ചിദാനന്ദൻ) ഇവിടെ ഓർമ്മിക്കാം. സാമൂഹികമായ മുൻവിധിമൂലം മഹത്തായ പരിശ്രമം നടത്താനോ സ്വന്തം കഴിവിന്റെ മാറ്റുരച്ച് നോക്കാനോ സ്ത്രീകൾക്ക് അവസരം ലഭിച്ചില്ല. മറ്റ് മേഖലകളിൽ പ്രവർത്തിക്കുമ്പോഴും കുടുംബ ചുമതലയിൽ നിന്ന് സ്ത്രീയ്ക്ക് മോചനമില്ല. സ്ത്രീ വികാരജീവിയാണ്, ബുദ്ധിജീവിയല്ല. ബുദ്ധിജീവിയാകുന്നത് വിവാഹത്തിന് പോലും തടസ്സമാവുമെന്ന് അവൾ ഭയപ്പെടുന്നു. നൃത്തസംഗീതാദികൾ പോലും വിവാഹശേഷം തുടരുന്നത് ഭർത്താവും പിതാവും ഇഷ്ടപ്പെട്ടിരുന്നില്ല. പ്രാഗത്ഭ്യം നേടാൻ ആവശ്യമായ സംവാദങ്ങൾ സ്ത്രീകൾക്ക് കുറവാണ്. പ്രതിഭയുടെ വികാസത്തിന് സ്ത്രീയെ സംബന്ധിച്ചു ആവശ്യമായ ഘടകം 'സ്വാതന്ത്ര്യ'മാണ്.

കുടുംബിനികൾക്കും പതിവ്രതകൾക്കും പുറംലോകം അനഭിഗമ്യമായിരുന്നു. കലാകാരികൾക്കാണെങ്കിൽ കുടുംബത്തിനകത്ത് സ്ഥാനം നൽകപ്പെട്ടിരുന്നില്ല. ക്രിസ്തുവിന് മുൻപ് ഒന്നാം ശതകത്തിൽ രചിയ്ക്കപ്പെട്ടുവെന്ന് കരുതുന്ന 'നാട്യശാസ്ത്ര'ത്തിൽ കൈശികിവൃത്തി സ്ത്രീകൾക്കല്ലാതെ പുരുഷന്മാർക്ക് കഴിയില്ല എന്ന പരാമർശിക്കുന്നുണ്ട്. അതാണല്ലോ ബ്രഹ്മാവ് അപ്സരസ്സുകളെ സൃഷ്ടിച്ചത്. കുടുംബത്തിലെ പുരുഷന്മാർ നടന്മാരും സംവിധായകരുമായിരുന്നെങ്കിലും കൂടെയുള്ള സ്ത്രീകളെ ഇതിൽ നിന്നും വിലക്കിയിരുന്നു. കലാകാരികളെ വേറൊരു വിഭാഗമായി കരുതിയിരുന്നുവെന്ന് ഇതിൽ നിന്ന് മസ്സിലാക്കാം.

നൃത്തം ദമ്പതിമാർക്കിടയിൽ 'കാമസംവർദ്ധക'മായിട്ടാണ് പ്രയോഗിക്കേണ്ടത് എന്ന് നാട്യശാസ്ത്രത്തിലെ താണ്ഡവലക്ഷണം പ്രസ്താവിക്കുന്നു. പ്രിയൻ അടുത്തുള്ളപ്പോൾ മാത്രമേ നൃത്തം ചെയ്യാവൂ. പ്രിയൻ വിദേശവാസത്തിലിരിക്കുമ്പോൾ (താണ്ഡവലക്ഷണം ശ്ലോകം 230,231,232,233 പുറം 199- നാട്യശാസ്ത്രം) നൃത്തം അനുവദിക്കപ്പെട്ടിരുന്നില്ല. ആ സന്ദർഭത്തിൽ സ്ത്രീകൾക്ക് 'മുഷിഞ്ഞവസ്ത്രവും ഏകവേണി'യുമാണ് സദാചാരത്തിന്റെ സാമൂഹ്യമായ സൂചന. നാട്യശാസ്ത്രത്തിലെ രസഭാവാദ്ധ്യായത്തിൽ പുരുഷദേവന്മാരാണ് രസങ്ങളുടെ അധിപന്മാർ. മനസ്സുഖമുള്ള പുരഷന്മാരെയാണ് ഭരതൻ രസാസ്വാദകനായി നിർദ്ദേശിച്ചത്. ഹാസം, ഭയം, ജുഗ്പ്സ എന്നീ സ്ഥായിഭാവങ്ങളും നിർവേദം, ശങ്ക, ആലസ്യം എന്നീ വ്യഭിചാരീഭാവങ്ങളും സ്ത്രീകൾക്കും അധമന്മാർക്കുമായി തിരിച്ചിരിക്കുന്നു. സ്ത്രീകളെയും അധമന്മാരെയും ഓരോ വിഭാഗത്തിലാണ് ഭരതമുനി ഉൾപ്പെടുത്തിയിരിക്കുന്നത്. ഗതിപ്രചാരത്തിൽ സ്ത്രീകൾ താണതരം കഥാപാത്രങ്ങളെപ്പോലെയാണ് നടക്കേണ്ടതെന്ന് നാട്യശാസ്ത്രം നിഷ്കർഷിയ്ക്കുന്നു. ഉത്തമന്മാരുടെ ഗതിവിവരിച്ചശേഷം, അതിൽപകുതിമതി സ്ത്രീകളുടെ ഗതിചേഷ്ടിതം എന്നും ഭരതമുനി അനുശാസിയ്ക്കുന്നുണ്ട്. ശരീരശാസ്ത്രപരമല്ല, സാമൂഹികപദവിയുടെ വ്യവസ്ഥ അനുസരിച്ചാണ് സ്ത്രീകളെ നീചജാതിയായി ഗണിച്ചത്. ഭാഷാസംവിധാനത്തിലും ഇതേ രീതിയാണ് ഉപയോഗിച്ചിരിക്കുന്നത്. ബാലൻ, നീചൻ എന്നിവരെപ്പോലെ സ്ത്രീകളും 'പ്രാകൃതഭാഷ'യാണ് ഉപയോഗിക്കേണ്ടത് എന്ന് നാട്യശാസ്ത്രം വ്യക്തമാക്കുന്നു. എന്നാൽ രാജ്ഞിയും, വേശ്യയും ശില്പിനിയും സംസ്കൃത ഭാഷ ഉപയോഗിച്ചിരുന്നു.

നായികയെ സ്വ, അന്യ, സാധാരണി എന്നിങ്ങനെതിരിച്ചിരിക്കുന്നു. ശീലം, ലജ്ജ, ആർജ്ജവം



**നൃത്തം ദമ്പതിമാർക്കിടയിൽ 'കാമസംവർദ്ധക'മായിട്ടാണ് പ്രയോഗിക്കേണ്ടത് എന്ന് നാട്യശാസ്ത്രത്തിലെ താണ്ഡവലക്ഷണം പ്രസ്താവിക്കുന്നു. പ്രിയൻ അടുത്തുള്ളപ്പോൾ മാത്രമേ നൃത്തം ചെയ്യാവൂ. പ്രിയൻ വിദേശവാസത്തിലിരിക്കുമ്പോൾ (താണ്ഡവലക്ഷണം ശ്ലോകം 230,231,232,233 പുറം 199 - നാട്യശാസ്ത്രം) നൃത്തം അനുവദിക്കപ്പെട്ടിരുന്നില്ല.**

മുതലായവയാണ് സ്വനായികയ്ക്കുണ്ടായിരിക്കേണ്ട ഗുണങ്ങൾ. അന്യായനായിക കന്യകയായും അന്യഭാര്യയായും വരാം. കലാനൈപുണ്യം, പ്രാഗത്ഭ്യം ഇവയുള്ള വേശ്യയാണ് സാധാരണി. അവസ്ഥാഭേദങ്ങളുടെ അടിസ്ഥാനത്തിൽ നായികയെ എട്ടായി തിരിച്ചിരിക്കുന്നു. വാസകസജ്ജാ, വീരഹോത്കണ്ഡിത, സ്വാധീനഭർത്തൃക, കലഹാന്തരിക, ഖണ്ഡിത, വിപ്രലബ്ധം, പ്രോഷിതഭർത്തൃക, അഭിസാരിക എന്നിങ്ങനെയാണിത്.

പ്രകൃതിഭേദമനുസരിച്ച് സ്ത്രീകളെ ഉത്തമ, മധ്യമ, അധമ എന്നിങ്ങനെതിരിച്ചിരിക്കുന്നു. ഉത്തമസ്ത്രീകൾ അരങ്ങിൽ എങ്ങനെപെരുമാറണമെന്നും നാട്യശാസ്ത്രം നിർദ്ദേശിക്കുന്നുണ്ട്. ഉത്തമസ്ത്രീകൾക്ക് അരങ്ങത്തു വച്ച് വസ്ത്രമുടുക്കാനോ കുളികുറിയിടാനോ തലമുടി അഴിച്ചു കെട്ടാനോ പാടില്ല എന്നാൽ ഇവയൊക്കെ അധമകൾക്കാവാം. കോപിക്കുന്ന പ്രിയനോട് കടുത്ത വാക്ക് പറയാൻ അരങ്ങിലെ നായികയ്ക്ക് അവകാശമില്ല. പ്രിയനെഎങ്ങനെയെല്ലാം അനുനയിപ്പിക്കണമെന്നും നാട്യശാസ്ത്രം സൂചനനൽകുന്നു.

കോപിക്കാത്തവളും കോപിച്ചാലും കോപം കൂടാതെ സംസാരിക്കുന്നവളും നായകൻ അപ്രിയം ചെയ്താലും പ്രിയം പറയുന്നവളുമാണ് ഉത്തമസ്ത്രീ. കോപിക്കുന്നവളും അഭിമാനിയും പരുപരുത്ത സ്വഭാവമുള്ളവളുമാണ് അധമസ്ത്രീ. സ്ത്രീകൾ തങ്ങളുടെ ഭാവം ലളിതമായും പുരുഷന്മാർ ധീരമായും പ്രകാശിപ്പിക്കണം. പുരുഷന് ഇന്ദ്രിയജയം, ജ്ഞാനം, ഹൃദയഗാംഭീര്യം, പാണ്ഡിത്യം, ത്യാഗം, ധൈര്യം എന്നിവയാണ് അവശ്യ ഗുണങ്ങൾ, എന്നാൽ സ്ത്രീക്ക് മൃദുവായ ഭാഷണം, പുഞ്ചിരി, അനുസരണം, ലജ്ജ, വിനയം, കുലീനത, സൗന്ദര്യം തുടങ്ങിയവയാണ് ഉത്തമ ഗുണങ്ങളായി കല്പിച്ചിരിക്കുന്നത്. ജീവിതത്തിലെന്നപോലെ നാട്യത്തിലും പുറമേ നിന്ന് അടിച്ചേൽപ്പിച്ച എന്തൊക്കെയോ പ്രകടിപ്പിക്കാൻ നിയുക്തയാവുകയാണ് സ്ത്രീകൾ. അരങ്ങിലെ സ്ത്രീകളുടെ പെരുമാററം നിശ്ചയിച്ചിരുന്നത് ജീവിതത്തിലെ മൂല്യവ്യവസ്ഥയുമായി ബന്ധപ്പെടുത്തിയായിരുന്നു.

നായികയ്ക്ക് ഹേല, ശോഭ, ഭാവം, ഹാവം, കാന്തി, ദീപ്തി, മാധുര്യം, പ്രാഗത്ഭ്യം, ഔദാര്യം, ധൈര്യം, ലീല, വിലാസം, വിച്ഛിത്തി, വിഭ്രമം, കിലകിഞ്ചിതം, മോട്ടായിതം, ലളിതം, വിഹൃതം എന്നീ ഗുണങ്ങൾ നായികാഭേദമനുസരിച്ച് ഉണ്ടായിരിക്കണമെന്ന് ഭരതമുനി മുതലുള്ളവർ നിർദ്ദേശിക്കുന്നു.

നാട്യശാസ്ത്രത്തിലെ സ്ത്രീ പ്രാതിനിധ്യത്തെ കുറിച്ചുള്ള അന്വേഷണത്തിൽ നിന്നും ആ കാലഘട്ടത്തിലെ സാമൂഹ്യചിത്രമാണ് നമുക്ക് ലഭിക്കുന്നത്. സാമൂഹ്യ വ്യവസ്ഥകൾ, സ്ത്രീക്കും പുരുഷനും സമൂഹത്തിലുള്ള സ്ഥാനം, സ്ത്രീയുടെ

**പ്രകൃതിഭേദമനുസരിച്ച് സ്ത്രീകളെ ഉത്തമ, മധ്യമ, അധമ എന്നിങ്ങനെതിരിച്ചിരിക്കുന്നു. ഉത്തമസ്ത്രീകൾ അരങ്ങിൽ എങ്ങനെപെരുമാറണമെന്നും നാട്യശാസ്ത്രം നിർദ്ദേശിക്കുന്നുണ്ട്. ഉത്തമസ്ത്രീകൾക്ക് അരങ്ങത്തു വച്ച് വസ്ത്രമുടുക്കാനോ കുളികുറിയിടാനോ തലമുടി അഴിച്ചു കെട്ടാനോ പാടില്ല എന്നാൽ ഇവയൊക്കെ അധമകൾക്കാവാം. കോപിക്കുന്ന പ്രിയനോട് കടുത്ത വാക്ക് പറയാൻ അരങ്ങിലെ നായികയ്ക്ക് അവകാശമില്ല. പ്രിയനെഎങ്ങനെയെല്ലാം അനുനയിപ്പിക്കണമെന്നും നാട്യശാസ്ത്രം സൂചനനൽകുന്നു.**

പരിമിതികൾ, കലാരംഗത്തുള്ള സ്ത്രീകളുടെ അവസ്ഥ ഇതിന്റെയെല്ലാം ഒരു നേർച്ചിത്രം നാട്യശാസ്ത്രം നൽകുന്നു. അഭിനയ സമ്പ്രദായങ്ങളെയും നാട്യ ഗൃഹത്തെയും അഭിനേതാക്കളേയും രസഭാവാദികളെയും ഒക്കെ സമഗ്രമായി പ്രതിപാദിക്കുമ്പോൾ തന്നെ സ്ത്രീയെ ഉത്തമയെന്നും അധമയെന്നും തരം തിരിച്ച് കലാരംഗത്തുള്ള സ്ത്രീകൾക്കുള്ള പരിമിതികൾ വളരെ വ്യക്തമായി തന്നെ എടുത്തുകാണിക്കുന്നു. നിബന്ധനകൾക്ക് വിധേയമായ ഒരു സ്ഥാനം മാത്രമേ സ്ത്രീകൾക്ക് അന്നുണ്ടായിരുന്നുള്ളൂ. ഗണികകളെക്കുറിച്ചുള്ള പരാമർശങ്ങൾ പുരുഷന്മാർക്ക് കുടുംബത്തിന് പുറത്തുള്ള കാമതാല്പര്യത്തെയും പുരുഷാധിപത്യപ്രവണതകളെയും വ്യക്തമാക്കിത്തരുന്നു. പ്രാചീനഭാരതത്തിൽ സ്ത്രീകൾക്കും ഗൃഹഭരണമാണ് വിധിച്ചിരുന്നത്. കലാകാരികൾക്ക് കുടുംബത്തിൽ മാന്യമായ സ്ഥാനം നൽകിയിരുന്നില്ല.

**ഗ്രന്ഥസൂചി**

*1. ഭരതമുനിയുടെ നാട്യശാസ്ത്രം:കെ.പി. നാരായണപ്പിഷാരടി (വിവ,സാഹിത്യഅക്കാഡമി, തൃശൂർ 1997, വാല്യം ഒന്ന്*

*2. രൂപകദർശനം : ഡോ.വി.എസ്.ശർമ്മ, എൻ.ബി.എസ്. കോട്ടയം 1974*

*3. സംസ്കൃതസാഹിത്യവിമർശനം :ഡോ.എൻ.വി.പി.ഉണിത്തിരി, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം*

*4. കളിയരങ്ങുംസ്ത്രീകളും : ഗീത.പി., എൻ.ബി.എസ്., കോട്ടയം, 2000*

വഴിത്താരകൾ





ജാനകി



വര : സംഗീത

# ചീരുവിന്റെ ഇഷ്ടം

ഒറ്റക്കിരിക്കാൻ ചീരുവിനു വളരെ ഇഷ്ടമാണ്. കുറെ നേരം മഴയെ വെറുതെ നോക്കി ഇരിക്കാൻ, പൂക്കളോടും പക്ഷികളോടും സൊറ പറയാൻ, മേഘക്കീറുകളുടെ ഭാവപ്പകർച്ചകളെ തന്റേതാക്കിമാറ്റാൻ, അവരുടെ യാത്രകളെ വിഭാവനം ചെയ്യാൻ, തന്നെ തഴുകിവരുന്ന കാറ്റിനോട് ചിണുങ്ങാൻ, പുലർകാലത്തെ തണുപ്പിനെ ശരീരത്തിലേക്ക് കണ്ണടച്ചിരുന്ന് ഏറ്റുവാങ്ങാൻ ഒറ്റക്കിരിക്കണം. അതുകൊണ്ടു മിക്ക ദിവസങ്ങളിലും വീട്ടുകാർ ഉണരുന്നതിനു മുൻപ് അവൾ എഴുന്നേൽക്കും. ചെറുതായിരിക്കുമ്പോൾ ഉമ്മറപ്പടിയിലിരുന്ന് ഉണർന്നു വരുന്ന ഭൂമിയെ നോക്കി, വിടവാങ്ങാൻ ഒരുങ്ങുന്ന നക്ഷത്രങ്ങളോട് കൈ വീശി, വിളറിയ അമ്പിളിക്കീറിനോട് യാത്ര പറഞ്ഞ് , ബാലാർക്കദീപ്തിയിൽ അച്ഛൻ ആസ്വദിച്ചു ചൊല്ലുന്ന വള്ളത്തോൾക്കവിതയുടെ ഭംഗി കണ്ട് അവളങ്ങിനെ ഇരുന്നു പോകും. ചിലപ്പോൾ മഞ്ഞ് മൂടിയ, ഈറനണിഞ്ഞ പ്രഭാതങ്ങളിൽ വീട്ടിനു പുറത്തേക്കിറങ്ങി പ്പോകാൻ കൈകാലുകൾ തരിക്കാറുണ്ട് ; വീട്ടിലുണ്ടാകാൻ പോകുന്ന പുകിൽ ആലോചിച്ച് അത് വേണ്ടെന്നു വെക്കും. കുറച്ചു കൂടി വലുതായപ്പോൾ ഒറ്റയ്ക്ക് ഇറങ്ങി നടക്കാനുള്ള വെമ്പൽ കൂടുതലായി . ഒപ്പം നിയന്ത്രണങ്ങളും കൂടി വന്നു. പതുക്കെ പതുക്കെ യാത്രകൾ പുസ്തകങ്ങളിലൂടെയും, സിനിമകളിലൂടെയും, പിന്നെ ടെലിവിഷനിലൂടെയും ആയി. പക്ഷെ ഇവയെല്ലാം ഒറ്റയ്ക്ക് ഇറങ്ങിനടക്കാനുള്ള അവളുടെ കൊതിയുടെ, ആർത്തിയുടെ, അഭിനിവേശത്തിന്റെ മൂർച്ച കൂട്ടികൊണ്ടിരുന്നു. കാരണം അവൾ മലയാളപുസ്തകങ്ങളുടെ ഒപ്പം തന്നെ, ഒരുപക്ഷെ, അവയേക്കാൾ ഇംഗ്ലീഷ് പുസ്തകങ്ങൾ വായിച്ചു രസിച്ചിരുന്നു. പലതും ബ്രിട്ടീഷ് അമേരിക്കൻ സാഹിത്യം മാത്രമായിരുന്നില്ല. പരിഭാഷകളായിരുന്നു. പ്രത്യേകിച്ചും റഷ്യൻ ബാലകഥകൾ. ആ കഥകളിലെ പെൺകുട്ടികളുടെ വിശാലമായ ലോകം, അവയിലെ സ്വാതന്ത്ര്യം, സാഹസിക യാത്രകൾ അവളുടെ മുന്നിൽ വിപുലമായ വിഹാരരംഗങ്ങളെ തുറന്നിട്ടു.

ദീർഘ യാത്രകളേക്കാൾ അവളെ പ്രലോഭിപ്പിച്ചത് ചെറു യാത്രകളാണ്. വീട്ടിൽ ഒരുപാട് നേരമിരുന്നു മുഷിയുമ്പോൾ, കുറെ നേരം പഠിച്ചു ബോറടിക്കുമ്പോൾ ഉന്മേഷം തിരിച്ചു പിടിക്കാൻ ഒന്ന് നടന്നു വരിക. അത് പോലും ബുദ്ധിമുട്ടാണെന്നത് അവളെ അക്ഷമയാക്കി. താക്കീതുകളും ഭയപ്പെടുത്തലുകളും അവളെ അരിശം പിടിപ്പിച്ചു. സഹപാഠികളായ ആൺകുട്ടികൾ സൈക്കിളിൽ പാറിപ്പറക്കുന്നത് അവൾ തെല്ലൊരു അസൂയയോടെ നോക്കി നിന്നു. ഒരു കൂട്ടുകാരി ഉണ്ടെങ്കിൽ മാത്രമേ പുറത്തേക്കിറങ്ങാൻ കഴിയൂ എന്നത് അവൾക്കുള്ളിൽ വാശി നിറച്ചു.എന്നെങ്കിലും ഒരിക്കൽ തനിക്കും ഒറ്റയ്ക്ക് നടക്കാൻ പോകണം. എനിഡ് ബ്ലയ്ടൻ കഥകളിലെ പെൺകുട്ടികളെപ്പോലെ

എലിസബത്തും,ആനിയും, ഡാരലും ഒക്കെ എത്ര അനായാസമായാണ് വിരസത അകറ്റാൻ അടുത്തുള്ള ചെറുവനങ്ങളിൽ നടക്കാൻ പോകുന്നത് .ആ നടത്തത്തിലൂടെ പൂർവാധികം ഉല്ലാസവതികളായി തിരിച്ചെത്തുന്നത് ! അവൾ അത്ഭുതപ്പെടുകയും, സങ്കടപ്പെടുകയും ചെയ്തു. അവൾ അമ്മയോട് പരാതി അറിയിച്ചു. അമ്മക്ക് ചിരി വന്നു. പുസ്തകങ്ങളിൽ പലതും കാണും. അതൊന്നും നമുക്ക് ജീവിതത്തിൽ ചെയ്യാൻ പറ്റില്ലല്ലോ. മാത്രല്ല ഇംഗ്ലണ്ടിലും അമേരിക്കയിലും പോലെ അല്ലല്ലോ നമ്മുടെ നാട്ടിൽ. ഇവിടുത്തെ ആളകൾക്കു അതൊന്നും മനസ്സിലാവില്ല. നോക്ക്, അമ്മ ഒറ്റയ്ക്ക് നടക്കാൻ പോണത് കണ്ടിട്ടുണ്ടോ ?

ശരിയാണ് , അമ്മ വെറുതെ നടക്കാൻ പോകാറില്ല. അച്ഛനും , വലിയച്ഛനും, അമ്മാവന്മാരും, വെറുതെ നടക്കാൻ പോകാറുണ്ട്. പക്ഷെ അമ്മ ഒറ്റക്കിറങ്ങുമ്പോൾ ഒരു ബാഗുണ്ടാവും ഒരു ലക്ഷ്യസ്ഥാനമുണ്ടാകും. ഒന്നുകിൽ അപ്പുറത്തെ ശാന്തയുടെ വീട്ടിലേക്ക്, അല്ലെങ്കിൽ അമ്പലത്തിലേക്ക്, അതുമല്ലെങ്കിൽ പച്ചക്കറിക്കടയിലേക്ക് . വെറുതെ അലസമായി എവിടേക്കുമല്ലാതെയുള്ള യാത്ര അമ്മ പോകുന്നത് കാണാറില്ല . എന്നാൽ ആണുങ്ങൾ കൈയും വീശി, നാട്ടിൻപുറത്താണെങ്കിൽ ഒരു ടോർച്ചുമായി , സന്ധ്യക്ക് വെറുതെ തെരുവിലേക്കിറങ്ങുന്നു, അവിടവിടെ കൂട്ടം കൂട്ടമായി നിന്ന് സൊള്ളുന്നു. ചീരുവിനു ഈ വേർതിരിവ് തീരെ പിടിക്കുന്നില്ല. പക്ഷെ ഈ നിയന്ത്രണമൊക്കെ അവളോടുള്ള സ്നേഹവാത്സല്യങ്ങളാണെന്നാണ് അമ്മയുടെ പക്ഷം. അവളെ സംരക്ഷിക്കാനുള്ള വേവലാതി കൊണ്ടല്ലേ ഒറ്റയ്ക്ക് പോകരുതെന്ന് പറയുന്നത് . ഇങ്ങിനെയൊക്കെ പേടിക്കാൻ പുറത്ത് എന്താണുള്ളത് എന്നാണവൾക്കു മനസ്സിലാവാത്തത്. അവൾ കുറെ ദിവസങ്ങളായി പ്ലാൻ ചെയ്യുന്നു. ഒന്ന് പോയി നോക്കണം. ഇവിടെ നഗരത്തിൽ പറ്റില്ല . പരിചയമുള്ളവരായിരിക്കും വഴിയിൽ എവിടെ നോക്കിയാലും. ഉടനെ വീട്ടിൽ വിവരമെത്തിക്കും . എവിടെക്കാ ? എന്തിനാ ? ആരും ഇല്ലേ കൂടെ ? അമ്മ എവിടെ?' ഇങ്ങിനെ തീർത്താൽതീരാത്ത ചോദ്യങ്ങൾ ആയിരിക്കും. അവൾ വേനലവധിക്കായി കാത്തിരുന്നു. നാട്ടിൽ അമ്മമ്മയുടെ വീട്ടിലേക്ക് പോകുമ്പോൾ ആവാം പരീക്ഷണങ്ങൾ. അവിടെ വീട്ടിനു പുറത്തുള്ളവർക്കൊന്നും അവളെ കാര്യമായ പരിചയം ഇല്ലല്ലോ .

അവധി തുടങ്ങിയതോടെ കാത്തിരുപ്പു തന്നെ ഒരു ലഹരിയായി മാറി . വേനലിൽ വേവുന്ന പാടങ്ങളിൽ നിന്നുയരുന്ന വെയിലിന്റെ മണം അവളെ മത്തു പിടിപ്പിക്കും ;ചാണകം മെഴുകിയ മുറ്റത്തു പകലിന്റെ നിറഭേദങ്ങളിൽ മിന്നിത്തിളങ്ങിയ കൊച്ചു വെയിൽ കുളങ്ങൾ അവളിൽ കവിത വിരിയിച്ചു ; മൂവന്തിശോഭയിൽ ആ നാട്ടിൻപുറത്തെ ആസ്വദിക്കാൻ അവളുടെ ഉള്ളിൽ ആരോ മന്ത്രിക്കാൻ തുടങ്ങി . രണ്ടും കൽപ്പിച്ചു അവൾ ഒരു വൈകുന്നേരം തീരുമാനിച്ചു . ഇന്ന് താൻ ആരോടും പറയാതെ നടക്കാനിറങ്ങും. നാലുമണിച്ചായ കഴിഞ്ഞു, വീട്ടിലെ പെണ്ണുങ്ങളെല്ലാം മുറ്റത്തേക്കിറങ്ങി പല പല വിശേഷങ്ങൾ പറഞ്ഞു കിഴക്കേ വരാന്തയിൽ ഒത്തു കൂടും .വഴിപോക്കരോട് വേലിക്കൽ നിന്ന് സംസാരിക്കും .നാട്ടുവിശേഷങ്ങൾ അറിയും.ജനനവും മരണവും, പ്രസവവും രോഗവും, പ്രണയവും ഒളിച്ചോട്ടവും , അവിഹിത ബന്ധങ്ങളുമൊക്കെ ചർച്ചാവിഷയങ്ങളാവും .സംസാരത്തിൽ മുഴുകി ഇരിക്കുന്ന ആ സമയമാണ് എല്ലാവരുടെയും കണ്ണുവെട്ടിച്ചു കടന്നുകളയാൻ പറ്റിയ സമയമെന്നു അവൾക്കും തോന്നി .

വൈകുന്നേരങ്ങളിൽ ഉള്ള സ്ഥിരം അനുഷ്ഠാനമാണ് പെൺകുട്ടികളുടെ മുടിയൊക്കെ വൃത്തിയാക്കി മെടഞ്ഞുകെട്ടി മുല്ലപ്പൂ കോർത്ത് മാലയാക്കി മുടിയിൽചൂടുക എന്നത്. അതിനു ശേഷമാണ് നാമം ചൊല്ലൽ എന്ന ചടങ്ങ്. ഒരു പിടിയും കിട്ടാത്ത ഏതൊക്കെയോ ശ്ലോകങ്ങളിൽ തുടങ്ങി പെരുക്കപ്പട്ടിക വരെ നാമം ചൊല്ലൽ നീണ്ടു പോകും. ഊണിന്റെ സമയം വരെ വികൃതിക്കുട്ടികളെ ഒതുക്കി ഇരുത്താൻ മുതിർന്നവർ കണ്ടു പിടിച്ച അടവാണിത് എന്ന് കുട്ടികൾക്കറിയാം. ഇതിനൊക്കെ പകരം ഞങ്ങൾ ചോദിക്കും എന്ന ഭാവത്തിലാണ് നാമം ചൊല്ലൽ നടക്കുക . വിളക്ക് വെക്കുന്നതിനു മുൻപ് തന്റെ പദ്ധതി നടപ്പാക്കണം .

അവൾ വളരെ അനുസരണയോടെ മുടി ചീകാൻ അനുവദിച്ചു നിന്നത് കണ്ട് അമ്മയും അത്ഭുതപ്പെട്ടു . സാധാരണ പിടിയും വലിയും പതിവാണ് . പതിവിനു വിപരീതമായ ചീരുവിന്റെ മര്യാദ കണ്ടു അമ്മയുടെ ഉള്ളൊന്നു കാളി . എന്തോ പുകയുന്നുണ്ട് എന്നൊരു തോന്നൽ.പക്ഷെ അമ്മ ഒന്നും പുറത്തു കാണിച്ചില്ല .

സൂര്യൻ താണ് തുടങ്ങുന്നു .മുറ്റത്തു നിന്നും ഓരോരുത്തരായി അകത്തേക്ക് കേറി തുടങ്ങി . ആരോരുമില്ലാത്ത ഒരു ഇടവേള കിട്ടിയ നിമിഷം ചീരു ഗേറ്റിനു പുറത്തെത്തി . പിന്നെ ഇരുവശവും നോക്കാതെ ആലിഞ്ചുവടും കഴിഞ്ഞു , റോഡെത്തും വരെ ശരം വിട്ട പോലെ ഒരു പോക്കാണ് . ഓയിൽ മിൽ എത്തിയപ്പോളാണ് ശ്വാസം കിട്ടാനായി ഒന്ന്

നിന്നത്. പുറത്തു ചാടിയ പരിഭ്രമം എങ്ങിനെക്കെയോ ഒതുക്കി അവൾ കൂസലില്ലാതെ നടന്നു തുടങ്ങി . അപൂർവമായ എന്തോ ചെയ്യുന്നു എന്ന തോന്നലിൽ അവൾ കോരിത്തരിച്ചു .കാലുകൾ മറ്റൊരു താളമറിഞ്ഞു . വിടർന്ന കണ്ണുകളോടെ അവൾ കാവും പാടവും വരമ്പും അകലെ എത്തി നോക്കുന്ന മലനിരകളും വിസ്മയത്തോടെ ,കൗതുകത്തോടെ കണ്ടു .ചിരപരിചിതങ്ങളായ വഴികൾ പുതിയതാകുന്നു , അറിഞ്ഞതെല്ലാം അപരിചിതമാകുന്നത് പോലെ . എന്നാൽ ശ്രദ്ധിച്ചു നോക്കിയാൽ അവൾ അത്ര ഒറ്റക്കല്ല .

അവളുടെ അരികത്തു കൂടെ കൂട്ടം കൂട്ടമായി ആളുകൾ പോകുന്നുണ്ട് . കിണറ്റിൻ പള്ളയിലേക്ക് വെള്ളം കോരാൻ പോകുന്ന സ്ത്രീകൾ. പീടികകളിൽ പോയി രാത്രിക്കുള്ള അല്ലറ ചില്ലറ സാധനങ്ങൾ വാങ്ങാൻ നിയുക്തരായ ആൺകുട്ടികൾ. ഇത്തിരി ദൂരത്തായി ഗ്രൗണ്ടിൽ ഫുട്ബോൾ കളിക്കുന്ന കുറെ ചേട്ടന്മാർ. ചിലരെ അവൾക്കറിയാം . വീട്ടിലെ ഏട്ടാനിയന്മാരുടെ ചങ്ങാതിമാരാണവർ . കളി ഒന്ന് നിർത്തി അവർ ചോദിച്ചു. "ചീരുകുട്ടി എവിടെക്കാ ഒറ്റയ്ക്ക് ?" അവരുടെ മുഖത്ത് ചെറിയൊരു സംഭ്രമം ഉണ്ടായിരുന്നോ ? ഏയ്, അവൾക്കു തോന്നിയതാവണം . "ആരൂല്ലേ കൂടെ? കള്ളു ഷാപ്പിന്റെ അടുത്ത് നിന്നിരുന്ന ചില അപ്പൂപ്പമാർ പരസ്പരം ചോദിച്ചു , "ഇതേതാ കുട്ടി ?" പുഴക്ക് പോകുന്ന ദാക്ഷായണി വിളിച്ചു പറഞ്ഞു "അത് കിഴക്കേ വീട്ടിലെ അമ്മുക്കുട്ടിയുടെ മോളാണ് . ഷ്കൂള് പൂട്ടീലെ . അപ്പ വന്നതാ .എന്താണൊറ്റക്ക് ?"

ചിലർ ചിരിച്ചു .കുട്ടികൾ അവളെ കൗതുകത്തോടെ, അല്പം പരിഹാസത്തോടെ നോക്കി . പലർക്കും അവൾ ഒരു വിചിത്രവസ്തു ആണെന്ന് അവൾക്കു തോന്നി തുടങ്ങി . അവളുടെ നഗരവേഷം നോക്കി അവർ കളിയാക്കുകയാണോ ?

പക്ഷെ അതിലുമൊക്കെ ഏറെ രസകരമായിരുന്നു ആ നടത്തം. അവൾ നടന്നു കൊണ്ടേയിരുന്നു. ഒരു വല്ലാത്ത അനുഭൂതി. വയലുകളിലൂടെ അലഞ്ഞു അവളെ തേടി വന്ന കാറ്റിൽ തലമുടി പാറിപ്പറന്നു . പെട്ടെന്നാണ് അവൾ ശ്രദ്ധിച്ചത് .റോഡിൽ തിരക്ക് കൂടിയോ ? ഫാക്ടറി ജീവനക്കാർ , പുരുഷന്മാരും,സ്ത്രീകളും.പലതരം വേല ചെയ്യുന്നവർ .അന്നു കിട്ടിയ ചില്ലറ സമ്പാദ്യവുമായി ചന്തയിലേക്ക് ഓടുന്നവർ .ചിലർ അവളെ ചുഴിഞ്ഞു നോക്കി .ഇരുട്ടിന്റെ വരവാണ്. അങ്ങകലെ മാനത്തു സൂര്യൻ ഒരു സിന്ദൂരപ്പൊട്ടായി മാറാൻ ഭാവിക്കുന്നത് കണ്ടപ്പോൾ അമ്മാവൻ ചൊല്ലാറുള്ള കവിതാശകലം ഓർമ്മ വന്നു. "രവി പോയ് മറഞ്ഞതും, ഭുവനം ചന്ദ്രികയാൽ നിറഞ്ഞതും".അത് ശരിയാവില്ല .അവൾ റെയിൽവേ ഗേറ്റ് വരെ എത്തിയിരിക്കുന്നു . ഭുവനം ചന്ദ്രികയാൽ നിറയുന്നതിനു മുൻപ് മടങ്ങണം . രാത്രിയായാൽ ഇവിടെ തെരുവുവിളക്കുകൾ ഉണ്ടാവില്ല എന്ന് അവൾ വീട്ടിൽ പറഞ്ഞു കേട്ടിട്ടുണ്ട് .

അവൾ തിരിഞ്ഞു നടക്കാൻ തുടങ്ങി. വീട്ടു മുറ്റത്തു ഒരു ചെറിയ ജനക്കൂട്ടം തന്നെ ഉണ്ടായിരിക്കുന്നു . അവളതു പ്രതീക്ഷിച്ചതാണ് . അവളുടെ ശാന്തത അവളെത്തന്നെ അത്ഭുതപ്പെടുത്തി .മറ്റുള്ളവരെയും . അഴിഞ്ഞ വാർപൂങ്കുഴൽ ഒന്ന് കൂടി വിടർത്തിയിട്ടു ഒരു വടിയും പിടിച്ചു അമ്മ രൗദ്രമൂർത്തിയായി നിൽപ്പുണ്ട് . ഇപ്പോൾ വീട്ടിലുള്ളവർക്കും അവൾ ഒരു വിചിത്ര വസ്തുവാണ്. "നീ നല്ല കുട്ടി ആണന്നല്ലേ വിചാരിച്ചതു !" എങ്ങിനെയാണവളിപ്പോൾ ചീത്ത കുട്ടിയായത്. അവൾ മുഖം ചുളിച്ചു . 'പറയാതെ പോവ്വാ ?' "പറഞ്ഞാൽ നിങ്ങൾ വിടുവോ ?" "ആഹാ തർക്കുത്തരം പറയുന്നോ ?" അമ്മ വടിയോങ്ങി. ഓങ്ങലേ ഉണ്ടാവു. അടിക്കില്ല എന്നവൾക്കറിയാം അമ്മ ഏതോ റോൾ അഭിനയിക്കുകയാണോ എന്ന് പോലും അവൾക്കു തോന്നാറുണ്ട് . ബോംബെയിൽ നിന്ന് വന്ന അമ്മായിയുടെ സ്വരത്തിൽ ഒരു പ്രത്യേക മൂർച്ച . "നീ ഇത്ര strict ആയിട്ട് വളർത്തീട്ടാണിങ്ങനെ !" പാവം അമ്മ. ചീരുവിനു അപ്പോൾ സങ്കടം വന്നു . അവളല്ലേ പോയത്. അതിൽ അമ്മക്കെന്തു കുറ്റം?

പുകിൽ ഇത്തിരി അടങ്ങിയപ്പോൾ അപ്പുറത്തുള്ള വീട്ടിലെ കുട്ടൻ എന്ന പതിനാറുകാരൻ അടുത്തു വന്ന് വാൽസല്യത്തോടെ പറഞ്ഞു. "ചീരൂന് പോണെങ്കിൽ എന്നെ വിളിക്കായിരുന്നില്ലേ? ഈ ചീത്ത കേൾക്കണ്ട കാര്യമുണ്ടായിരുന്നോ?ഞാൻ കൂടെ വരില്ലായിരുന്നോ?" ചീരുവിന്റെ ചുണ്ടിൽ ചെറുചിരി തെളിഞ്ഞു. "പക്ഷേ കുട്ടാ എനിക്ക് ഒറ്റയ്ക്ക് നടക്കുന്നതാണ് ഇഷ്ടം". ആ ഇഷ്ടത്തിനു മുന്നിൽ ഒരു വീടു മുഴുവനും അന്ന് പകച്ചു നിന്നു!

ശാസ്ത്രം

സീമ ശ്രീലയം



# 'രണ്ടാം മാഡം ക്യൂറി'യുടെ ജീവിതം

'രണ്ടാം മാഡം ക്യൂറി' – ഇങ്ങനെ വിശേഷിപ്പിക്കപ്പെട്ട വനിതയാണ് ലിസ് മൈറ്റ്നർ. എന്നാൽ ഈ ശാസ്ത്രജ്ഞയ്ക്ക് അർഹിക്കുന്ന അംഗീകാരം ലഭിച്ചതേയില്ല. ജൂതവംശത്തിൽ ജനിച്ചതിന്റെ പേരിലും സ്ത്രീയായതിന്റെ പേരിലും അവഗണനയുടെ കയ്പുനീർ ഏറെ കുടിക്കേണ്ടി വന്നു. താൻ കൂടി പങ്കാളിയായ കണ്ടുപിടിത്തത്തിന് ഓട്ടോഹാൻ എന്ന ശാസ്ത്രജ്ഞന് നോബൽ സമ്മാനം ലഭിച്ചപ്പോൾ ലിസ് തഴയപ്പെട്ടു.

1878 നവംബർ 7 ന് ആസ്ട്രിയയിലാണ് ലിസിന്റെ ജനനം. കുട്ടിക്കാലത്തു തന്നെ ആ പെൺകുട്ടി ശാസ്ത്രത്തെ സ്നേഹിച്ചു. അക്കാലത്ത് വിയന്ന സർവ്വകലാശാലയിൽ ഭൗതികശാസ്ത്രം പഠിച്ചിരുന്ന വിരലിൽ എണ്ണാവുന്ന പെൺകുട്ടികളിൽ ഒരാളായിരുന്നു ലിസ്. ഡോക്റ്ററേറ്റ് എടുത്തശേഷം തുടർ ഗവേഷണങ്ങൾക്കായി ജർമ്മനിയിലേക്ക് പോയെങ്കിലും സ്ത്രീകളെ പരീക്ഷണശാലകളിൽ കയറ്റാൻ പലരും മടിച്ചു. എമിൽ ഫിഷറിന്റെ അസിസ്റ്റന്റായി ലിസ് മൈറ്റ്നറെ നിയമിച്ചെങ്കിലും പുരുഷന്മാർ പരീക്ഷണം നടത്തുന്ന ലാബിൽ കയറാൻ സ്ത്രീകൾക്ക് അനുവാദമുണ്ടായിരുന്നില്ല.

അതിനിടെ ഓട്ടോഹാൻ എന്ന ശാസ്ത്രജ്ഞനെ കണ്ടുമുട്ടുകയും അദ്ദേഹത്തിന്റെ ഗവേഷക സംഘത്തിൽ ചേരുകയും ചെയ്തു. 1912 മുതൽ കൈസർ വില്ല്യം ഇൻസ്റ്റിറ്റ്യൂട്ടിൽ ഗവേഷണം




**ഫ്രിറ്റ്സ്സ്ട്രാസ്മാൻ എന്ന ശാസ്ത്രജ്ഞനും ഈ ഗവേഷണത്തിൽ പങ്കാളിയായി. എന്നാൽ രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചതോടെ ഹിറ്റ്ലറുടെ ജൂത വിരോധം കാരണം ജർമനിയിൽ നിന്നു പലായനം ചെയ്യേണ്ടി വന്ന ശാസ്ത്രജ്ഞരുടെ കൂട്ടത്തിൽ ലിസും ഉണ്ടായിരുന്നു.**

തുടർന്നു. പലപ്പോഴും ശമ്പളം പോലുമില്ലാതെയാണ് ലിസ് ജോലി ചെയ്തിരുന്നത്. 1918 ൽ ലിസും ഓട്ടോഹാനും ചേർന്ന് പ്രോട്ടോആക്റ്റീനിയം എന്ന മൂലകം കണ്ടുപിടിച്ചു. പിന്നീട് ഗവേഷണം അണുവിഘടനത്തിലേക്ക് തിരിഞ്ഞു. ഫ്രിറ്റ്സ് സ്ട്രാസ്മാൻ എന്ന ശാസ്ത്രജ്ഞനും ഈ ഗവേഷണത്തിൽ പങ്കാളിയായി. എന്നാൽ രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചതോടെ ഹിറ്റ്ലറുടെ ജൂത വിരോധം കാരണം ജർമനിയിൽ നിന്നു പലായനം ചെയ്യേണ്ടി വന്ന ശാസ്ത്രജ്ഞരുടെ കൂട്ടത്തിൽ ലിസും ഉണ്ടായിരുന്നു. 1938 ൽ ഹിറ്റ്ലറുടെ കണ്ണുവെട്ടിച്ച് സ്വീഡനിലേക്ക് കടക്കുമ്പോഴും ആ ശാസ്ത്രജ്ഞ ഗവേഷണത്തോടുള്ള സ്നേഹം കൈവിട്ടില്ല. പരീക്ഷണങ്ങൾക്കായി തന്റെ ലാബിൽ നിർമ്മിച്ച ഘനജലവും കൊണ്ടായിരുന്നു ആ യാത്ര!

ലിസ് മൈറ്റ്നർ ജർമനി വിട്ടതിനുശേഷമാണ് ദശകങ്ങൾ നീണ്ട, ലിസ് മുഖ്യ പങ്കു വഹിച്ച ഗവേഷണ റിപ്പോർട്ടുകൾ ഓട്ടോഹാനും ഫ്രിറ്റ്സ് സ്ട്രാസ്മാനും ചേർന്നു പ്രസിദ്ധീകരിച്ചത്. എന്നാൽ ഇതിലൊരിടത്തു പോലും ആ ശാസ്ത്രജ്ഞയുടെ പേരുണ്ടായിരുന്നില്ല. യുറേനിയം ന്യൂക്ലിയസിൽ ശക്തിയായി ന്യൂട്രോണുകൾ ഇടിപ്പിക്കുമ്പോൾ ബേരിയം ഉണ്ടാവുന്നു എന്നതായിരുന്നു ഗവേഷണ ഫലം. എന്നാൽ ഈ അണുവിഘടനത്തിന്റെ രഹസ്യം കൃത്യമായി വിശദീകരിച്ചത് ലിസ് മൈറ്റ്നർ ആയിരുന്നു. ഐൻസ്റ്റൈന്റെ പ്രശസ്തമായ ഊർജ-ദ്രവ്യ സമവാക്യം ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ലിസ് ന്യൂക്ലിയർ ഫിഷൻ കൃത്യമായി വിശദീകരിച്ചത്. എന്നാൽ 1944 ൽ ന്യൂക്ലിയർ ഫിഷന്റെ കണ്ടുപിടിത്തത്തിന് ഓട്ടോഹാന് രസതന്ത്ര നോബൽ ലഭിച്ചപ്പോൾ നോബൽ സമ്മാനത്തിന് എന്തുകൊണ്ടും അർഹയായിരുന്ന ലിസ് തഴയപ്പെട്ടു. ന്യൂക്ലിയർ ഫിഷൻ അണുബോംബ് നിർമ്മിക്കാൻ ഉപയോഗിക്കുകയും പല പ്രശസ്ത ശാസ്ത്രജ്ഞരും മാൻഹാട്ടൺ പ്രോജക്റ്റിൽ പങ്കാളികളാവുകയും ചെയ്തെങ്കിലും ലിസ് അതിനു തയ്യാറായില്ല. ശാസ്ത്രനേട്ടങ്ങൾ മാനവരാശിക്ക് ഭീഷണിയായി മാറുന്നത് ലിസിന് ചിന്തിക്കാൻ പോലും കഴിഞ്ഞിരുന്നില്ല.

ലിസ് മൈറ്റ്നറെ അംഗീകരിക്കാതിരിക്കാൻ ശാസ്ത്രലോകത്തിനു കഴിയുമായിരുന്നില്ല. ഫെർമി അവാർഡ്, മാക്സ്പ്ലാങ്ക് മെഡൽ തുടങ്ങിയ ബഹുമതികൾ അവരെ തേടിയെത്തി. ഈ ശാസ്ത്രജ്ഞയുടെ ഓർമ്മയ്ക്കായി ആവർത്തനപ്പട്ടികയിലെ നൂറ്റി ഒമ്പതാം മൂലകത്തിന് മൈറ്റ്നേരിയം എന്നാണ് പേരിട്ടിരിക്കുന്നത്. അവിവാഹിതയായി, ശാസ്ത്രഗവേഷണങ്ങൾക്കായി ജീവിതം ഉഴിഞ്ഞുവച്ച ആ വനിത 1968 ഒക്റ്റോബർ 27 ന് അന്തരിച്ചു.

## കാർട്ടൂൺ




ഇപ്പോഴാ നമ്മൾ ചെയ്യുന്ന ജോലിക്കുള്ള
വേതനങ്ങളിലെ വ്യത്യാസം മനസ്സിലായത്!



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara



സാധാരണ നിരക്കിൽ ഇഞ്ചക്ഷനോ തുന്നലോ ഇല്ലാത്തതും കറുത്ത കണ്ണടയും മൂടിക്കെട്ടലും ഇല്ലാത്തതുമായ ആധുനിക തിമിര ശസ്ത്രക്രിയ ഇനി
പുതിയ സൂപ്പർ സ്പെഷ്യാലിറ്റി മലബാർ ഐ ഹോസ്പിറ്റലിൽ
കോഴിക്കോട് നഗരത്തിലെ പുതിയ സെന്ററായ എരഞ്ഞിപ്പാലം പാലാട്ടുതാഴം വീ.പി. സ്പെയ്സ് ബിൽഡിംഗിലുള്ള പുതിയ സൂപ്പർ സ്പെഷ്യാലിറ്റി മലബാർ കണ്ണാശുപത്രിയിൽ പ്രശസ്ത നേത്രരോഗ വിദഗ്ദ്ധനായ ഡോ.സുജിത് നായനാരുടെ നേതൃത്വത്തിൽ വേദന ഇല്ലാത്ത, ഇഞ്ചക്ഷൻ ഇല്ലാത്ത, തുന്നൽ ഇല്ലാത്ത പ്രത്യേക തിമിര ശസ്ത്രക്രിയ വിഭാഗം, റെറ്റിന സർജറി വിഭാഗം, ഗ്ലോക്കോമ സർജറി വിഭാഗം എന്നിവ ഒരുക്കിയിരിക്കുന്നു.
Dr. Sujith Nayanar
MBBS, MD, (All India Institute of Medical Science), DNB, FRCS (Glas), FICO)
Our Expert Panel of Doctors
Dr. P.Sathyan
MBBS, DO, DNB
Glaucoma Specialist
കണ്ണിന്റെ സൈലന്റ് കില്ലർ എന്നറിയപ്പെടുന്ന രോഗമായ ഗ്ലോക്കോമ തടയുന്നതിനു വേണ്ടി മലബാർ ഐ ഹോസ്പിറ്റലിന്റെ പുതിയ സെന്ററിൽ പ്രശസ്ത നേത്രരോഗ വിദഗ്ദ്ധനും വിദേശത്തും ഇന്ത്യയിലും അതിപ്രശസ്തനുമായ ഡോ: പി.സത്യൻ വിസിറ്റിംഗ് കൺസൽട്ടന്റായി ചാർജെടുത്തിരിക്കുന്നു. കോയമ്പത്തൂർ അരവിന്ദ് ഐ ഹോസ്പിറ്റലിൽ ഗ്ലോക്കോമ വിഭാഗം ചീഫ് ആയാണ് അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുള്ളത്.
Dr. Sarath Ravi
M.S., D.O., F.M.R.F., F.I.C.O
വിട്രിയോ റെറ്റിനൽ സർജറി, പ്രമേഹംമൂലം കണ്ണിലെ ഞരമ്പുകൾക്കുണ്ടാകുന്ന വിവിധ തകരാറുകൾ, റെറ്റിനൽ ഡിറ്റാച്ച്മെന്റ്, ക്ഷതംമൂലം കണ്ണിനുണ്ടാകുന്ന തകരാറ്, തിമിര ശസ്ത്രക്രിയയ്ക്ക് ശേഷമുള്ള അനുബാധ തുടങ്ങിയവയുടെ ചികിത്സയിൽ വിദഗ്ദ്ധനായ ഡോ: ശരത് രവി ശങ്കർനേത്രാലയ, അരവിന്ദ് ഐ ഹോസ്പിറ്റൽ, വാസൻ ഐ കെയർ ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.
സാധാരണ സർജറിക്ക് ശേഷം
ആധുനിക സർജറിക്ക് ശേഷം
പഴയ രീതി
പുതിയ രീതി
Dr. Lakshmi K.P
MBBS, MS, OPHTH
(HOD Oculoplasty)
Former Senior Consultant
Vasan Eye Care Hospital
Calicut
Dr. Thushara
MS (OPHTH), FICO
(HOD Paediatric Ophthalmology)
Fellow Aravind Eye Hospital
Coimbatore
Dr. Shabir.KN
MBBS, MD
(Ophthalmology)
Dr. Swati R Pillai
MBBS, MS, OPHTH (FICO)
സൂപ്പർ സ്പെഷ്യാലിറ്റി
മലബാർ ഐ
ഹോസ്പിറ്റൽ
MEH
Run by
MEH Health Care Pvt. Ltd
CALICUT I THRISSUR I KANNUR I MALAPPURAM
വീ.പി സ്പെയ്സ് ബിൽഡിംഗ്, പാലാട്ടുതാഴം, എരഞ്ഞിപ്പാലം, കോഴിക്കോട്
വിശദ വിവരങ്ങൾക്ക് ബന്ധപ്പെടുക
9061221122
9072648301
0495-2378866
നേത്രചികിത്സയിൽ
ആധുനികതയുടെ ചുവട്‌വെയ്പ്പ്


K.P.சாந்தினி
"விடியலைத்தேடி"
மீனவ மக்களின் வாழ்வாதாரங்களையும் கடலோர வளங்களையும்
மத்திய மாநில அரசுகளை வலியுறுத்தி பிரச்சார
(ஜூலை 10 முதல் ஜூலை 27 வரை 2017)
"கடலும் கடற்கரையும் கடலாளிக்கே"
கடலோர நிலத்தையும் கடல்வளத்தையும் காத்திடுவோம்!
மீனவர்களின் வாழ்வையும், வாழ்வாதாரத்தையும் பாதுகாத்திடு
ஏற்பாடு: தேசிய மீனவர் பேரவை (NFF) ~ மற்றும்: ஆதரவு
TN.51
BRAKE

# തീരദേശ





# സംരക്ഷണ യാത്ര







## പുതിയ കാലത്തെ സ്ത്രീയെ
## പുനർനിർവ്വചിക്കുന്ന
## ഒരേയൊരു സ്ത്രീമാസിക....

# സംഘടിത

## 8-ാം വർഷത്തിലേക്ക്

## വായിക്കുക... വരിക്കാരാവുക...

# വരിക്കാരാവാൻ

**ഒറ്റപ്രതി 20 രൂപ, വാർഷിക വരിസംഖ്യ 200 രൂപ**

**Sanghaditha,C/O Anweshi Women's Counseling Centre,Kottooly,Calicut 673016,**
**SB account number 14130100072122, Federal Bank,Mavoor Road, Calicut,**
**IFS Code FDRL0001413**

**Sanghadithacalicut@gmail.com, sheebakm@gmail.com**